# കൈരളി

പുസ്തകം ൨൨. | ൧൧൧൯ കുംഭം | ലക്കം ൧൧.

കൈരളീഭാഷണം.

## ബട്ട്ളർ മലയാളം.

അങ്ങനെയൊന്നുണ്ട്. പ്രാചീനമലയാളം, മദ്ധ്യമമലയാളം, ആധുനികമലയാളം എന്നൊക്കെ പറയും പോലെ ബട്ട്ളർ മലയാളം എന്നും പറയേണ്ട ദിക്കായിരിക്കുന്നു. നാട്ടുഭാഷയിൽ മാത്രം വല്ലതും പറയാനറിയുന്ന ബട്ട്ളർമാർ ധാരമായൊരാട്ടുള്ള സമ്പർക്കത്തിന്റെ ഫലമായി ക്രമേണ സംസാരിച്ചു ശീലിക്കുന്ന വിലക്ഷണമായ ഇംഗ്ലീഷിനു ബട്ട്ളർഇംഗ്ലീഷ് എന്നു പറയാമെങ്കിൽ, നെല്ലും, മോരും പോലെ ഇംഗ്ലീഷും മലയാളവും കൂട്ടിക്കുഴച്ചു നമ്മുടെ പരിഷ്കാരികൾ സംസാരിച്ചു പോരുന്ന ഭാഷക്ക് ബട്ട്ളർ മലയാളമെന്നു പേരിടാം. ഇരട്ടപെറ്റ സന്താനങ്ങളെക്കാൾ കൂടുതൽ സമാനധർമ്മങ്ങളാണ് അവ രണ്ടും. നവീന വിദ്യാസമ്പന്നരായ മലയാളികൾ ബട്ട്ളർ മലയാളം ഉപയോഗിച്ചു തുടങ്ങിയിട്ട് കാലം വളരെയായി. After-noon tea കഴിഞ്ഞ് Cigarette enjoy ചെയ്തു Walk നു പോകലും Beach ൽ പോയി Sea breeze ഏററുകൊണ്ട് Fair sex ൽ Free ആയി move ചെയ്യലും club ൽ പോയി friendly chat ററിലോ Games ലോ ഏർപ്പെടലും Daily paper follow ചെയ്തു World news മനസ്സിലാക്കലും Friends ഒരുമിച്ച് World politics നെപ്പററി Discuss ചെയ്യലും മററും കേരളത്തിൽ കുടികയറിയതു് ഇന്നോ ഇന്നലയോ അല്ല. ഈ ബട്ട്ളർ മലയാളം കേട്ടു വിഷമിച്ച ഉഭയഭാഷാഭിജ്ഞനായൊരു കാരണവർ, ഇംഗ്ലീഷിലെ ക്രിയകൾ പൂരിപ്പിക്കുവാൻ 'ചെയ്ത

ലും' 'പോകലും' ഉപയോഗിക്കേണ്ടതില്ലെന്നും, stand-ണം, laugh-ണം, എന്നൊക്കെ പ്രയോഗിക്കുന്നതാണുത്തമമെന്നും അഭിപ്രായപ്പെട്ടതായോക്കുന്നുണ്ട്. കാലാന്തരത്തിൽ ആ പരിഷ്കാരവും വരില്ലെന്നാരറിഞ്ഞു. സംഭാഷണത്തിൽ പ്രവൃദ്ധമായ പ്രചാരം നേടിയ ബട്ട്ളർമലയാളം ഒട്ടേറെ ഇംഗ്ലീഷ് ശബ്ദങ്ങളും പുതിയവാക്യരീതികളും മലയാളത്തിനു ദാനം ചെയ്തിട്ടുണ്ട്. എന്നാൽ ബട്ട്ളർഭാഷ അങ്ങനെതന്നെ ഏട്ടിൽ കയറാൻ ഇന്നുവരെ ഇടയായിട്ടില്ല. അടുത്ത കാലത്തു് അതും സംഭവിച്ചേക്കുമെന്നു് ആശങ്കിക്കാറായിരിക്കുന്നു. അപ്പോഴാണു ഭാഷയുടെ ഘട്ടവിഭാഗത്തിൽ ബട്ട്ളർമലയാളത്തിനും സ്ഥാനമുണ്ടെന്നു സമ്മതിക്കേണ്ടിവരുക.

ഇംഗ്ലീഷൊഴിച്ചുള്ള വിഷയങ്ങളശേഷം ദേശഭാഷാദ്വാരാ പഠിപ്പിക്കണമെന്നു വിദ്യാഭ്യാസധുരന്ധരന്മാർ ഇപ്പോൾ നിർബ്ബന്ധിക്കുന്നുണ്ടല്ലോ. ദേശഭാഷകളുടെ ഉന്നമനത്തേയും, നാനാവിഷയഗ്രഹണത്തിൽ സമയത്തിനും ശ്രമത്തിനും വരാവുന്ന ലാഘവത്തേയും ലാക്കാക്കി എല്ലാവരും ആ നിർബ്ബന്ധത്തെ ധന്യവാദം ചെയ്യുവരുന്നു. കോൺഗ്രസ്സ് ഗവർമ്മേണ്ടിന്റെ മേൽനോട്ടത്തിൽ പ്രയോഗിക്കപ്പെട്ടുവരാനിരിക്കുന്ന വാർദ്ധാപദ്ധതി അതിനെ സർവ്വോപരി അംഗീകരിച്ചിട്ടുണ്ട്. കൊച്ചിയിൽ ഈ പരിവർത്തനം തീരെപ്പുത്തരിയാണെന്നു പറഞ്ഞുകൂടാ. ചരിത്രവിഷയങ്ങൾ, നവീനവിജ്ഞാനത്തിലെ പ്രഥമപാഠങ്ങൾ മുതലായവ മലയാളത്തിൽ പഠിപ്പിക്കുവാൻ ഗവർമ്മേണ്ടു് അധ്യാപകന്മാരെ അനുവദിച്ചിട്ടു നാളേറെക്കഴിഞ്ഞു. ഇങ്ങനെ സർവ്വാനുമോദിതമായിത്തീർന്നിട്ടുള്ള ഈ പദ്ധതിയിൽ കാലൂന്നിയ അധ്യാപകന്മാരിൽ തന്റേടവും തഴക്കവും ഉള്ളവരുടെ അനുഭവം തികച്ചും ശുഭാശംസകമായിട്ടേ കാണുന്നുള്ളൂ. ആ സ്ഥിതിക്കു് ഭാവിയെക്കുറിച്ചു് തെല്ലും അപ്രത്യയത്തിനു് അവകാശമില്ല. പക്ഷേ ഒരു കാര്യം. ഏതു വിഷയവും മലയാളത്തിൽ പഠിക്കയും പഠിപ്പിക്കയും വേണമെന്നാകുന്നതോടെ, വ്യാഘാതാലങ്കാരത്തിലെന്നപോലെ, മലയാളത്തിനുപകരം ബട്ട്ളർഭാഷക്കു് ഉൽക്കർഷം ഉണ്ടാകാനാണു ഭാവം. ഭാഷാഭിമാനമുള്ള അധ്യാപകന്മാർ പലരും ഈ അഹിതപരിണാമത്തെപ്പററി ആവലാതിപ്പെടുന്നുണ്ടു്.

തങ്ങളുടെ വിദ്യാഭ്യാസത്തിന്നിടക്കു മലയാളത്തിൽ ഉപജീവനത്തിനു വേണ്ട കൈമുതലെങ്കിലും സമ്പാദിക്കുവാൻ ഭാഗധേയം ഇല്ലാഞ്ഞവരാണു നമ്മുടെ അധ്യാപകന്മാരിൽ അധികം പേരും. അവർ തീർച്ചയായും അനുകമ്പയെ അർഹിക്കുന്നുണ്ടു്. 'സയൻസും' അതു

പോലെയുള്ള കിറാമുട്ടികളും മലയാളത്തിൽ ഉചിതശബ്ദങ്ങൾ ഉപയോഗിച്ചു വിവരിക്കുവാൻ അവൎക്കുണ്ടോ തരപ്പെടുന്നു? ഗത്യന്തരമില്ലെന്നു വന്നാൽ, വായിൽ തോന്നുന്ന വാക്കുകൾകൊണ്ടു വല്ലവിധത്തിലും കാൎയ്യം കുട്ടികളെ ഗ്രഹിപ്പിക്കുവാനേ അവർ നോക്കുകയുള്ളു. അക്കൂട്ടത്തിൽ ദ്രാവിഡവും സംസ്കൃതവും ഇംഗ്ലീഷും കിടന്നു മറിയുന്നൊരു ബട്ളർമലയാളം വിദ്യാലയങ്ങളിൽ വേരൂന്നിപ്പോകുന്നതിൽ എന്താണാശ്ചൎയ്യം? ആ ഭാഷ ദിവസേന കേട്ടു പഴകുന്ന കുട്ടികൾക്കുണ്ടോ മലയാളം വശപ്പെടുന്നു?

ആശാനക്ഷരമൊന്നു പിഴച്ചാൽ
അമ്പത്തൊന്നു പിഴക്കും ശിഷ്യനു്

എന്നതിനു ഇതിൽപരമൊരു ദൃഷ്ടാന്തം ഉണ്ടാകാനില്ല. Elementary Science മുതലായ വിഷയങ്ങളിൽ ഇക്കാലത്തെ വിദ്യാൎത്ഥികൾ നാട്ടുഭാഷയിൽ എഴുതുന്ന ഉത്തരങ്ങൾ വായിച്ചു തല മാന്തിയിട്ടുള്ളവർ ഇക്കഥ നൂറുവട്ടം ഏററു പറയുമെന്നാണു് ഇയ്യുള്ളവന്റെ വിശ്വാസം. ഒരു Candle കത്തിച്ചു് ഒരു Dark room ൽ വെച്ചു് അതിനു ചുററും ഒരു magnifying glass move ചെയ്യാൽ Magic Lantern ആയെന്നു ഉത്തരക്കടലാസ്സിൽ ഈ എഴുത്തുകാരൻ വായിച്ചിട്ടുണ്ടു്. പോരേ മാററിത്തം?

ഈയിടെയായി ഇൻടർമിഡിയറേറാ, ബി. എ. യോ പാസ്സായിവരുന്നവൎക്കു് ഒരു പക്ഷേ മലയാളത്തിൽ കുറെക്കൂടി ഉപസ്ഥിതി ഉണ്ടായേക്കാം. അതുകൊണ്ടു് അവർ നാട്ടുഭാഷയിൽ കാൎയ്യങ്ങൾ പ്രതിപാദിക്കുന്നതിൽ പഴയവരെക്കാൾ പ്രവീണന്മാരായെന്നു വരാം. അവൎക്കും രസതന്ത്രം, പദാൎത്ഥവിജ്ഞാനീയം, ശരീരവിജ്ഞാനീയം ആദിയായവ പരിച്ഛിന്നാൎത്ഥങ്ങളായ ശബ്ദങ്ങൾകൊണ്ടു പ്രതിപാദിക്കുവാൻ ത്രാണി മതിയാവുകയില്ല. വിജാതീയപദങ്ങൾ കണക്കിലധികം ഉപയോഗിച്ചു് ഭാഷയെ വഷളാക്കുവാൻ അവരും നിൎബ്ബന്ധിക്കപ്പെട്ടുപോകും.

ഈ പരിവൎത്തനദശയിൽ അധ്യാപകന്മാൎക്കും അവർവഴിക്കു് അധ്യേതാക്കൾക്കും നൂതനാശയങ്ങൾ ശുദ്ധമായ മലയാളത്തിൽ വിശദമാക്കുവാൻ ഉപകരിക്കത്തക്കവണ്ണം എന്തെങ്കിലുമൊരേൎപ്പാടു വിദ്യാഭ്യാസാധികൃതന്മാർ ഉടനെ ചെയ്യേണ്ടതാകുന്നു. അല്ലെങ്കിൽ Vernacularisation എന്ന പേരിൽ ഗവൎമ്മേണ്ടു് ദേശഭാഷോദ്ധാരണത്തിനുവേണ്ടി ചെയ്യുന്ന ശ്രമം ഇംഗ്ലീഷിനും മലയാളത്തിനും ഒപ്പം ഉപദ്രവമായി പരിണമിക്കും. മാത്രമല്ല, ശാസ്ത്രീയവിഷയങ്ങൾ പറഞ്ഞും എഴുതിയും

ഫലിപ്പിക്കുവാൻ മലയാളത്തെപ്പോലെ ദരിദ്രമായൊരു ഭാഷ പോരെന്നു നമ്മുടെ നാട്ടിലെ ഹൌണികാമുകന്മാർ പുറപ്പെടുവിക്കാറുള്ള ആക്ഷേപം അർത്ഥവത്താണെന്നു വരികയും ചെയ്യും.

രസതന്ത്രാദികളെ അധികരിച്ചുള്ള നല്ല പുസ്തകങ്ങൾ മലയാളത്തിൽ ഇല്ലെന്നുള്ളതാണു് ഒന്നാമത്തെ കുറവു്. അതു പരിഹരിച്ചാൽ ബട്ളർ മലയാളം ക്രമേണ ഏട്ടിൽനിന്നു പിന്മാറിക്കൊള്ളുമെന്നു പ്രതീക്ഷിക്കാം. ഇപ്പോൾ ആവശ്യത്തിന്റെ തോതു നോക്കി ചിലർ പ്രസ്തുതവിഷയങ്ങളെപ്പറ്റി പുസ്തകങ്ങൾ മലയാളത്തിൽ സൃഷ്ടിച്ചുവിട്ടുന്നുണ്ടു്. എന്നാൽ അവയിൽ കൊള്ളാവുന്നവ വളരെ ചുരുക്കമാകുന്നു. അവയിലും സാങ്കേതികങ്ങളായ സംജ്ഞകൾക്കു് ഐകരൂപ്യവും ഉദ്ദിഷ്ടാർത്ഥപ്രതീതിയും ഇല്ല. എങ്ങനെ പിന്നെ അത്തരം പ്രസിദ്ധീകരണങ്ങൾ അദ്ധ്യാപകന്മാൎക്കും അദ്ധ്യേതാക്കൾക്കും ഉപയോക്തവ്യമായിത്തീരും? ഹിന്ദി, ബങ്കാളി, ഉർദു മുതലായ ഭാഷകളിൽ ഇങ്ങനെയുള്ള കുഴപ്പങ്ങൾ പരിഹരിക്കുവാൻ വിദ്യാഭ്യാസാധികൃതന്മാർ പ്രത്യേകിച്ചു പണ്ഡിതന്മാരെ ഏർപ്പെടുത്തി നിർദ്ദോഷങ്ങളായ ഗ്രന്ഥങ്ങൾ അവരെക്കൊണ്ടു പ്രസാധനം ചെയ്യിക്കുന്നതായറിയാം. വിശ്രുതമായ നാഗരീപ്രചാരണീസഭ ചെയ്തിട്ടുള്ള കാൎയ്യങ്ങൾ നോക്കുക. ശാസ്ത്രീയവിഷയവ്യവഹാരത്തിനു ഹിന്ദിക്കു വേണ്ട സാമഗ്രികളശേഷം അതു നിർമ്മിച്ചിറക്കിയിട്ടുണ്ടു്. കൊച്ചിയിൽ ഏതാദൃശമായ ഭാഷാസേവനം ചെയ്യുവാൻ മതിയായൊരു സ്ഥാപനമില്ലേ? ഇന്നത്തെ കൊച്ചിയുടെ ജനയിതാവെന്നു ബഹുജനകീർത്തിതനായ രാജർഷിസത്തമൻ സ്ഥാപിച്ച ഭാഷാപരിഷ്കരണക്കമ്മിററി അപ്രകാരമൊന്നാണെന്നു തീർത്തു പറയാം. 30000-ൽപരം ഉറുപ്പിക മൂലധനമുള്ള ആ ഉൽകൃഷ്ടസ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ബട്ളർമലയാളബഹിഷ്കരണത്തിനുതകുന്ന സംരംഭങ്ങൾ പലതും ചെയ്യുവാൻ സൌകൎയ്യമുണ്ടു്.

ഭാഷാപോഷകങ്ങളായ വൻകാൎയ്യങ്ങളെക്കുറിച്ചു കമ്മിററിക്കാർ വാഗ്വാദം നടത്തി 'മിനിട്സ്' എഴുതിവെക്കാറുണ്ടെങ്കിലും അവർ യഥാർത്ഥത്തിൽ ചെയ്തിട്ടുള്ള കാൎയ്യങ്ങളിൽ അധികവും ശ്ലാഘനീയമല്ലെന്നു പറയേണ്ടിയിരിക്കുന്നു. 'കൌടില്യന്റെ അർത്ഥശാസ്ത്രം' പോലെയുള്ള ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചതിനു കമ്മിററിയെ മുക്തകണ്ഠം അഭിനന്ദിക്കാം. എന്നാൽ പറയത്തക്ക മേന്മയോ നന്മയോ ഇല്ലാത്ത, ക്ഷുദ്രഗ്രന്ഥങ്ങൾ പകൎപ്പവകാശം വാങ്ങി അച്ചടിക്കുവാനും, യാതൊരു വിവേചനവും കൂടാതെ ഏതാനും പുസ്തകങ്ങളുടെ നൂറും ഇരുനൂറും

വീതം പ്രതികൾ വാങ്ങി ആപ്പീസിലൊരുമൂക്കിൽ അടുക്കിവെക്കുവാനും കമ്മിററിക്കാർ സഹിച്ചിട്ടുള്ള ക്ലേശം അത്ര സ്തുത്യർഹമായിത്തോന്നുന്നില്ല. അന്യഥാ പ്രകാശിതങ്ങളോ പ്രകാശ്യങ്ങളോ ആയ അരോഗചഷ്ണാദി ഗ്രന്ഥങ്ങൾ മുദ്രണം ചെയ്വാൻ ഇപ്പോഴത്തെ കമ്മിററി ചെയ്തുവരുന്ന പരിശ്രമം ദാനശൌണ്ഡതയുടെ ലക്ഷ്യമായിട്ടല്ലാതെ ഭാഷാപരിഷ്കരണോത്സാഹത്തിന്റെ തെളിവായി വ്യാഖ്യാനിക്കുവാൻ പ്രയാസം. കമ്മിററിയുടെ പ്രവൎത്തനങ്ങളെ കുറേക്കൂടി നിയന്ത്രിക്കുവാൻ മഹാശയനായ വിദ്യാഭ്യാസഡയറക്ടർ കനിയുന്നുവെങ്കിൽ തീൎച്ചയായും പൂൎവ്വഖണ്ഡികകളിൽ സൂചിപ്പിച്ചവിധം ഭാഷാഭിവൃദ്ധികരങ്ങളായ ശ്രമങ്ങൾക്കായി കമ്മിററിയുടെ ശക്തിയും ധനവും ഒട്ടൊക്കെ വിനിയോഗിക്കുവാൻ കഴിയും.

കൈരളീദാസൻ.

# പ്രാചീനഭാരതത്തിലെ ഗ്രാമഭരണം.

(തുടച്ച്)

ഗ്രാമങ്ങളിൽ കൃഷിക്കുപയോഗിക്കാവുന്ന ജലാശയങ്ങളുടെ നിർമ്മാണം, സംരക്ഷണം, ഉപയോഗം മുതലായവയെക്കുറിച്ചു കൌടില്യൻ സവിസ്തരം പ്രസ്താവിച്ചുകാണുന്നുണ്ട്. ഗ്രാമങ്ങളിലെ തടാകങ്ങൾ, ചിറകൾ മുതലായവ കേടുവന്നാൽ ആ കേടു തീൎത്തു നന്നാക്കേണ്ടുന്ന ഭാരം അവയിലെ വെള്ളം ഉപയോഗിച്ചു കൃഷി നടത്തുന്ന ഭൂമികളുടെ കൈവശക്കാൎക്കാകുന്നു. ഭൂമി പാട്ടത്തിന്നോറ നടക്കുന്നവരും, പണയം വഴിക്കു കൈവശം വെക്കുന്നവരും, വിളവിലൊരു ഭാഗം കൊടുക്കുവാൻ നിശ്ചയിച്ചു കൃഷി നടക്കുന്നവരും, സൌജന്യമായി ഭൂമി കൈവശം വെച്ചനുഭവിക്കുന്നവരും ജലാശയങ്ങളുടെ ജീൎണ്ണോദ്ധാരണത്തിന്നു ചുമതലക്കാരാണ്. അവർ അതു ചെയ്യാതിരുന്നാൽ ഗ്രാമവൃദ്ധന്മാർ രാജാവിനെ വിവരം ധരിപ്പിക്കുന്നതും, രാജാവു് അപ്രകാരം വീഴ്ചവരുത്തിയവൎക്കു ദണ്ഡം വിധിക്കുന്നതുമാണ്. കൎഷകന്മാർ ഉയൎന്ന നിലത്തിലും താണ നിലത്തിലുമുള്ള ജലാശയങ്ങളെ ഉപയോഗിക്കുന്നതു് അവൎക്കു പരസ്പരം ദോഷം നേരിടാത്തവിധത്തിൽ വേണ്ടതാണ്. എന്നാൽ, മൂന്നുവൎഷം കാലമായിട്ടു കൃഷിക്കു വെള്ളം തിരിക്കുവാൻ ഉപയോഗിച്ചുവരാത്ത തടാകത്തെ ഇഷ്ടംപോലെ ഉപയോഗിക്കാവുന്നതാണ്. തടാകത്തെ വാമനം (വെള്ളം മുഴുവൻ ചോൎത്തു വററിക്കുക) ചെയ്യുന്നവന്നു ദണ്ഡം വിധിക്കുന്നതാണ്. ഒരുവന്റെ സ്വന്തമായ ഒരു ചിറ അഞ്ചു സംവത്സരം ഉപയോഗിക്കാതെ ഉപേക്ഷിച്ചു കളഞ്ഞാൽ അവന്നു് അതിന്മേലുള്ള സ്വാമ്യം നശിച്ചുപോകുന്നതാകുന്നു. തടാകങ്ങളുടേയും ചിറകളുടേയും ഉടമസ്ഥന്മാൎക്കു് അവയിലെ വെള്ളം തിരിച്ചോ തേവിയോ മുക്കിയെടുത്തോ കൃഷിക്കുപയോഗിക്കുന്ന കൎഷകന്മാർ അതുകൊണ്ടുണ്ടാക്കിയ വിളയിൽനിന്നു് ഒരോഹരി നൽകുവാൻ ചുമതലപ്പെട്ടിരിക്കും. ചിറ, തടാകം മുതലായവയിൽനിന്നു് ഊഴമിട്ടു വെള്ളം തിരിക്കുന്നവർ അവരവരുടെ ഊഴം തെററിച്ചു വെള്ളം തിരിക്കുകയോ, അന്യന്റെ ഊഴത്തിൽ തടങ്ങൽ വരുത്തുകയോ ചെയ്യുന്നതു ദണ്ഡാൎഹമായ അപരാധമായിരിക്കും.

ഗ്രാമങ്ങളിലുള്ള കന്നുകാലി മേച്ചിൽസ്ഥലം (വിവീതം), കൃഷിനിലം (ക്ഷേത്രം), പൊതുവഴി എന്നിവ കേടുവരുത്താതെ സൂക്ഷിക്കുവാൻ ഗ്രാമവാസികൾക്കൊക്കെയും ഒരുപോലെ ചുമതലയുണ്ടു്. കൃഷിക്കുവേണ്ടി

മുമ്പുപയോഗിച്ചുവരുന്ന ജലമാർഗ്ഗത്തെ തടുക്കുകയോ അനുചിതമായി ജലമാർഗ്ഗം പുതുതായുണ്ടാക്കുകയോ ചെയ്യുന്നവൻ വലുതായ ദണ്ഡത്തിന്നു പാത്രമാകും. അന്യന്റെ ഭൂമിയിൽ ചിറയോ കിണറോ ദേവാലയമോ മറ്റോ നിർമ്മിക്കുക, പൂർവ്വാനുവൃത്തമായിട്ടുള്ള ധർമ്മസേതുവിനെ (Charitable building) പണയപ്പെടുത്തുകയോ വിൽക്കുകയോ അങ്ങനെ ചെയ്വാൻ പ്രേരിപ്പിക്കുകയോ ചെയ്ക, അപ്രകാരമുള്ള ഇടപാടുകളിൽ സാക്ഷികളായിരിക്കുക എന്നിവ ചെയ്യുന്നവർക്ക് കഠിനമായ നിലയിലുള്ള ദണ്ഡം വിധിക്കുന്നതായിരിക്കും. കേടുവന്നു കിടക്കുന്ന ധർമ്മസേതുവിനെ നവീകരിച്ചു നന്നാക്കുവാൻ ഉടമസ്ഥന്മാരില്ലാത്തപക്ഷം ഗ്രാമവാസികൾക്കോ പുണ്യശീലന്മാരായിട്ടുള്ള മററാക്കെങ്കിലുമോ അതിന്നധികാരമുണ്ടായിരിക്കുകയും ചെയ്യും. ഗ്രാമത്തിലുള്ള പൊതുമാർഗ്ഗങ്ങളെ അതിക്രമണം (Encroachment by ploughing) ചെയ്തു ചെറുതാക്കുകയോ, അവയിലൂടെയുള്ള ഗതാഗതത്തെ നിരോധിക്കുകയോ, വഴിതന്നെ ഇല്ലാതാക്കി ഉഴുതു വിളയിറക്കുകയോ ചെയ്യുന്നവർക്കു യഥാർഹം ദണ്ഡം വിധിക്കുന്നതാണ്. ഈ ദണ്ഡത്തിൽ വഴികളുടെ വലുപ്പച്ചെറുപ്പമനുസരിച്ച് അല്പാല്പം വ്യത്യാസങ്ങളുണ്ടായിരിക്കും. ക്ഷുദ്രപശുമാർഗ്ഗം, മഹാപശുമാർഗ്ഗം, ഹസ്തിമാർഗ്ഗം, ക്ഷേത്രമാർഗ്ഗം, സേതുമാർഗ്ഗം, വനമാർഗ്ഗം, ശ്മശാനമാർഗ്ഗം, ഗ്രാമമാർഗ്ഗം, ദ്രോണമുഖമാർഗ്ഗം, സ്ഥാനീയമാർഗ്ഗം, രാഷ്ട്രമാർഗ്ഗം, വിവീതമാർഗ്ഗം എന്നിങ്ങനെ പലപ്രകാരമുള്ള വഴികൾ വിസ്താരംകൊണ്ടു തുലോം വ്യത്യസ്തങ്ങളാകുന്നു. അതിനാലാണ് അവയുടെ അതിക്രമണാദികളിൽ ദണ്ഡഭേദം കല്പിച്ചിരിക്കുന്നതു്. ഗ്രാമത്തിലുള്ള ക്ഷേത്രികൻ (ഭൂമിയുടമസ്ഥൻ) വിത്തു വിതയ്ക്കേണ്ട കാലത്തു ക്ഷേത്രം കൃഷകന്ന് ഏല്പിച്ചുകൊടുക്കാതിരുന്നാൽ അവന്നും, കൃഷകൻ ക്ഷേത്രം ഏററുവാങ്ങിട്ടു യഥാകാലം കൃഷി ചെയ്യാതിരുന്നാൽ അവന്നും ദണ്ഡം വിധിക്കുന്നതാണ്. എന്നാൽ ക്ഷേത്രദോഷംകൊണ്ടോ ഉപനിപാതം (National calamity) നിമിത്തമോ അവിഷഹ്യം (Unendurable disease) കാരണമോ ആണ് അങ്ങനെ ചെയ്യുന്നതെങ്കിൽ കുററമില്ല.

ഭൂമി വിൽക്കുകയോ പണയപ്പെടുത്തുകയോ ചെയ്യുന്ന കാര്യത്തിൽ ഗ്രാമങ്ങളുടെ യഥാവസ്ഥിതിക്കു ഹാനി വരാതിരിക്കത്തക്ക പല നിബന്ധനകളും പറഞ്ഞുകാണുന്നുണ്ട്. കരദന്മാർ (Tax payers) ഭൂമി പണയപ്പെടുത്തുകയോ വിൽക്കുകയോ ചെയ്യുന്നതു കരദന്മാർക്കു മാത്രമേ പാടുള്ളൂ. ബ്രഹ്മദേയികന്മാർ (Owners of lands granted to Brahmins and exempted from taxes) അവയെ പണയപ്പെടുത്തു

കയോ വിൽക്കുകയോ ചെയ്യുന്നതു ബ്രഹ്മദേയികന്മാക്കു മാത്രമേ പാടുള്ളൂ. ഇതിന്നു വിപരീതമായി ചെയ്യുന്ന വിക്രയാധാനങ്ങൾക്കു നിയമസാധുത്വമില്ലെന്നു മാത്രമല്ല, അങ്ങനെ ചെയ്യുന്നവർ ദണ്ഡാർഹന്മാരാകയും ചെയ്യും. ഭൂസ്വത്തിന്റെ പൂൎവ്വസ്ഥിതിയെ സംരക്ഷിക്കുവാൻ ഈ വ്യവസ്ഥ തുലോം ഉപകരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇതുപോലെ ഗ്രാമവാസികളുടെ പാരമ്പൎയ്യനിലയെ സംരക്ഷിക്കുന്നതിന്നുതകുന്ന വ്യവസ്ഥകളും വളരെയുണ്ടു്. കരദനായിട്ടുള്ള ഒരുവൻ പണയമോ വിക്രയമോ വഴിക്കു് അകരദഗ്രാമത്തിൽ ഒരു പാൎപ്പിടം സമ്പാദിച്ചു് അതിൽ പാൎക്കുന്നതായാൽ അവൻ ദണ്ഡ്യനായിച്ചമയും; അകരദൻ അപ്രകാരം കരദഗ്രാമത്തിൽ പ്രവേശിക്കുന്നതായാലാകട്ടെ അവന്നു വിക്രേതാവിന്റെ ഗൃഹമൊഴികെയുള്ള സൎവ്വദ്രവ്യങ്ങളിലും സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണു്. ഭൂമി വിൽക്കുന്നവൻ തന്റെ ഗൃഹംകൂടി വിൽക്കുന്നപക്ഷം അതു ഭൂമി വാങ്ങിയവന്നു മാത്രമേ വിൽക്കുവാൻ പാടുള്ളൂ. അനാദേയമായ (ഒഴിപ്പിക്കാൻ പാടില്ലാത്ത=Irredeemable) നിലത്തിൽ ഉടമസ്ഥൻ കൃഷിചെയ്യാതിരിക്കുമ്പോൾ മറ്റൊരുവൻ അതേറ്റവാങ്ങി കൃഷിചെയ്താൽ അവന്നു് ആ നിലത്തിൽ അഞ്ചു സംവത്സരകാലം കൈവശാവകാശമുണ്ടു്. അഞ്ചു സംവത്സരം കൈവശംവെച്ചനുഭവിച്ചതിന്നുശേഷം ഒഴിഞ്ഞുകൊടുക്കുമ്പോൾ തന്റെ അദ്ധ്വാനത്തിന്നു നിഷ്ക്രയം (പ്രതിഫലം) കിട്ടുവാൻ അയാൾക്കു് അവകാശമുണ്ടായിരിക്കുന്നതുമാണു്. അകരദന്മാർ സ്വഗ്രാമം വിട്ടു പരഗ്രാമത്തിൽ വസിക്കുന്നതായാൽ അവൎക്കു ഭൂമിയുടെ ഭോഗം മാത്രമേ ഉണ്ടാകയുള്ളൂ.

ഓരോ ഗ്രാമത്തിലും പശുക്കൾക്കു മേയേണ്ടതിന്നായി വിവീതം (Pasture ground), മാലം (Plain), വനം എന്നിവ ഒഴിച്ചുവിടേണ്ടതു രാജാവിന്റെ കൎത്തവ്യമാണു്. അതു ചെയ്യാത്തപക്ഷം കന്നുകാലികൾക്കു രക്ഷയും ഗ്രാമങ്ങളിൽ സുഭിക്ഷവും ഉണ്ടാകയില്ല. വിവീതത്തിൽ വന്നു മേഞ്ഞു പോകുന്ന പശുക്കൾ മുതലായവയ്ക്കു ചുരുങ്ങിയ തോതിൽ ഒരു നികുതി വസൂലാക്കാവുന്നതാണു്. ഈ നികുതിയുടെ തോതു് ഒട്ടകങ്ങൾക്കും പോത്തുകൾക്കും അധികമായും, പശുക്കൾക്കും കുതിരകൾക്കും കഴുതകൾക്കും അതിൽ കുറഞ്ഞതായും, ആടുകൾ മുതലായ ക്ഷുദ്രപശുക്കൾക്കു് അതിലും കുറഞ്ഞതായുമിരിക്കും. മേഞ്ഞുകഴിഞ്ഞതിന്നുശേഷം പിന്നേയും വിവീതത്തിൽ നില്ക്കുന്നവയുടെ കാൎയ്യത്തിൽ നികുതിയുടെ തോതു് അധികമായിരിക്കും; രാത്രിയിൽ വിവീതത്തിൽത്തന്നെ കിടക്കുന്ന പശുക്കളുടെ ഉടമസ്ഥന്മാർ ദണ്ഡാർഹരാകുന്നതുമാണു്. എ

ന്നാൽ ഗ്രാമത്തിലെ കൂററൻ, ദേവാലയത്തിലെ കൂററൻ, പ്രസവിച്ചിട്ടു പത്തു ദിവസം കഴിയാത്ത പശു, വൃദ്ധവൃഷഭങ്ങൾ, ഗോയൂഥത്തിലുള്ള കാളകൾ എന്നിവക്കു ഈ നിബന്ധന ബാധകമല്ല. പശു മുതലായവ സസ്യങ്ങൾ തിന്നു നശിപ്പിക്കുകയോ, വിവീതാദ്ധ്യക്ഷനെ അറിയിക്കാതെ വിവീതത്തിൽ പശുക്കളെ മേയ്ക്കുകയോ, വിവീതത്തിൽ മേച്ചിരുന്ന പശുക്കളെ അദ്ധ്യക്ഷൻെറ അനുവാദം കൂടാതെ കൊണ്ടുപോകയോ ചെയ്യാൽ യഥാഹ്ഹം ദണ്ഡം വിധിക്കുന്നതാണു്.

ഓരോ ഗ്രാമത്തിനുംവേണ്ടി പൊതുവെയുള്ള കായ്യങ്ങൾ അന്വേഷിക്കേണ്ട ചുമതല ഗ്രാമമുഖ്യന്മാക്കുള്ളതാണു്. അങ്ങനെയുള്ള കായ്യങ്ങൾക്കുവേണ്ടി വല്ല പ്രവൃത്തിയും ചെയ്യാൻ ഗ്രാമമുഖ്യന്മാരോടു സമയം (Agreement) ചെയ്തിട്ടു പിന്നെ അതു ചെയ്യാതിരിക്കുന്നതു ദണ്ഡാഹ്ഹമായ അപരാധമാണു്. അതിന്നു സമയാനപാകർമ്മം (Nowperformance of agreement) എന്നാണു പേർ. സമയാനപാകർമ്മത്തിന്നുള്ള ദണ്ഡം വിധിക്കുവാൻ ഗ്രാമമുഖ്യന്മാക്കാണധികാരം. അങ്ങനെ വസൂലാകുന്ന ദണ്ഡസംഖ്യ ആ ഗ്രാമക്കാക്കുതന്നെ എടുക്കാവുന്നതും, അതു ഗ്രാമത്തിൻെറ പൊതുസ്വത്തായിരിക്കുന്നതുമാണു്. സമയാനപാകർമ്മത്തിന്നു ഗ്രാമത്തിലെ ഒരു പ്രവൃത്തിക്കാരനോടു വസൂലാക്കുന്നതു സാധാരണമായി അവന്നു പണിചെയ്യാൽ കിട്ടുന്ന വേതനത്തിൻെറ ഇരട്ടിയാണു്. ഗ്രാമത്തിന്നു പൊതുവെയുള്ള കായ്യങ്ങൾ നടത്തുവാൻ ഗ്രാമമുഖ്യന്മാർ നിയമിക്കുന്ന കർമ്മകരന്മാക്കു വേതനം നല്കുവാൻ ഗ്രാമക്കാരെല്ലാവരും ഒരു സംഖ്യ അടയ്ക്കേണ്ടതുണ്ടു്. ആ സംഖ്യ ഒരുവൻ കൊടുക്കാതിരുന്നാൽ അതും സമയാനപാകർമ്മമായി ഗണിക്കപ്പെടുന്നതാണു്. അതിന്നുള്ള ദണ്ഡം അവൻ കൊടുക്കേണ്ടതായ സംഖ്യയുടെ ഇരട്ടിയായിരിക്കും. ഗ്രാമത്തിൽ എല്ലാവക്കുംകൂടി കാണ്മാൻ വേണ്ടി ഗ്രാമമുഖ്യന്മാരുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രേക്ഷകളിൽ (നാടകം മുതലായ കാഴ്ചകളിൽ) ഒരുവൻ അംശം കൊടുക്കാതിരുന്നാൽ അവനോ അവൻെറ ആളുകളോ അതു കാണ്മാൻ പാടില്ല; പ്രച്ഛന്നമായിട്ടു് അവൻ അതു കേൾക്കുകയോ കാണുകയോ ചെയ്യാൽ വിതപ്രകാരം താൻ കൊടുക്കേണ്ട അംശത്തിൻെറ ഇരട്ടി കൊടുക്കണം. സവ്വക്കും ഹിതമായ ഒരു കമ്മത്തിൽ ഒരുവൻ പ്രതിബന്ധം ചെയ്യാൽ അവൻ അംശത്തിൻെറ ഇരട്ടി കൊടുക്കണം. ഇതുപോലെതന്നെ, ഗ്രാമത്തിലുള്ളവക്കു പൊതുവേ ഹിതമായിട്ടുള്ള ഒരു കായ്യം ചെയ്യാൻ ഒരുത്തൻ പറയുന്നതായാൽ അവൻെറ ആജ്ഞയെ മററുള്ളവർ അനുസരിച്ചു നടക്കണം. അതിനെ അനുസരിക്കാതിരിക്കുന്നവക്കു ഗ്രാമമുഖ്യന്മാർ ദണ്ഡം വിധിക്കുന്നതാണു്. അങ്ങനെ

യുള്ള ഒരു പൊതുകാൎയ്യം ചെയ്യാൻ പറയുന്നവനെ ആരെങ്കിലും ഉപദ്ര വിച്ചാൽ അവൻ ഇരട്ടി ദണ്ഡം അടയ്ക്കേണ്ടതാണ്.

ഗ്രാമത്തിലെ അനാഥന്മാരായ ബാലന്മാരുടെ ദ്രവ്യത്തെ അവൎക്കു വ്യവഹാരപ്രാപ്തി വരുന്നതുവരെ ഗ്രാമവൃദ്ധന്മാർ രക്ഷിക്കുകയും വൎദ്ധിപ്പിക്കുകയും ചെയ്യണം. അനാഥമായ ദേവദ്രവ്യത്തിന്റെ സംരക്ഷണഭാരവും ഗ്രാമവൃദ്ധന്മാൎക്കുണ്ട്. കാഴ്ചയിൽ സംശയം തോന്നിക്കുന്ന സന്ന്യാസിവേഷധാരികളോ, സാധുവാംവണ്ണം ഏൎപ്പെടുത്തിയവയല്ലാത്ത സംഘങ്ങളോ, ജനപദക്ഷേമത്തിന്നു വേണ്ടി ജനങ്ങൾ കൂട്ടായി ചെയ്യുതല്ലാത്ത സമയാനുബന്ധമോ (A guild of any kind) ഗ്രാമത്തിൽ ഉണ്ടായിരിക്കുവാൻ പാടില്ല. അങ്ങനെയുള്ളവ വല്ലതും ഗ്രാമത്തിലുണ്ടോ എന്നു പരീക്ഷിച്ചറിയുകയും ഉണ്ടെങ്കിൽ അവയുടെ പരിഹാരത്തിന്നു വേണ്ട നടവടികൾ നടത്തുകയും ചെയ്യാൻ ഗ്രാമവൃദ്ധന്മാൎക്കു ചുമതലയുണ്ട്. സാധുവാംവണ്ണം ഏൎപ്പെടുത്തിയ സംഘങ്ങളേയും സമയാനുബന്ധങ്ങളേയും ഗ്രാമവൃദ്ധന്മാർ സഹായിക്കണം. ഗ്രാമത്തിന്നു പൊതുവെ ഉപയോഗപ്പെടുന്ന ചിറകൾ, പാലങ്ങൾ മുതലായവയോ ഗ്രാമത്തിന്റെ ശോഭയ്ക്കും രക്ഷയ്ക്കും ഉതകുന്ന മററു വല്ലതുമോ ഉണ്ടാക്കുകയും നന്നാക്കുകയും ചെയ്യുന്നതിന്നു വേണ്ടിയുള്ള സംഘങ്ങളും സമയാനുബന്ധങ്ങളും ദേശസംഘങ്ങൾ, ജാതിസംഘങ്ങൾ, കുലസംഘങ്ങൾ മുതലായവയും മേൽപ്പറഞ്ഞവിധമുള്ള സാഹായ്യത്തെ അൎഹിക്കുന്നവയാണു്. അപ്രകാരമുള്ള ഗ്രാമങ്ങളിലെ സംഘത്തെ സാമുദായികസംഘം (A Co-operative guild of local origin) എന്നാണു പറഞ്ഞുവരുന്നതു്.

ഗ്രാമവാസികൾ പണച്ചെലവുള്ളതൊ വൃഥാ സമയം നഷ്ടപ്പെടുത്തുന്നതോ ആയ കളികളിൽ ഏൎപ്പെട്ടു കൃഷി മുതലായവയിൽ ശ്രദ്ധ ചെലുത്താതെ ജീവിക്കുവാൻ ഇടയാകരുതു്. ആകയാൽ ഉദ്യാനക്രീഡാൎത്ഥമായുള്ള ശാലകൾ ഗ്രാമങ്ങളിൽ സ്ഥാപിക്കരുതു്. നടന്മാർ, നൎത്തകന്മാർ, ഗായകന്മാർ, വാദ്യക്കാർ മുതലായവർ ഗ്രാമങ്ങളിൽ വന്നു ജനങ്ങൾക്കു കൎമ്മവിഘ്നം ചെയ്യാതിരിപ്പാൻ ഗ്രാമവൃദ്ധന്മാർ മനസ്സിരുത്തണം. എന്തുകൊണ്ടെന്നാൽ ഗ്രാമജനങ്ങൾ മനോവ്യാക്ഷേപം കൂടാതെ കൃഷി മുതലായ കൎമ്മങ്ങളിൽ ഏൎപ്പെട്ടുകൊണ്ടിരുന്നാൽ മാത്രമേ ഗ്രാമങ്ങൾക്കും തദ്വാരാ രാജ്യത്തിന്നും ധനാഭിവൃദ്ധിയുണ്ടാകയുള്ളൂ.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു്, ഇക്കാലത്തെ മഹാന്മാർ ഗ്രാമഭരണത്തിൽ വരുത്തുവാനുപദേശിക്കുന്ന പല പരിഷ്കാരങ്ങളും പ്രാചീനഭാരതത്തിലെ ഗ്രാമഭരണത്തിൽ അനുഭവിച്ചിരുന്നവെന്നു വ്യക്തമാകുന്നുണ്ടു്.

കെ വി. എം.

# മായാവരണം.

മാററിവെക്കൊല്ലേ, മനോഹരനർത്തകി
മാധുര്യമൂറുമീമായാവഗുണ്ഠനം
ചന്തമേറുന്നിതി,രുളിനാൽ താരങ്ങ്
ചെന്തളിർച്ചാർത്തിനാൽപ്പൊന്മലർത്തൊത്തിനും.
നേർത്തൊരീമഞ്ഞണിമൂടുപടമത്ത നീ
മാററായ്ക മാററായ്ക ചെമ്പനീർപുഷ്പമേ !
ഉർവ്വിതൻ വിസ്തൃതരംഗത്തിലെങ്ങാനു-
മുണ്ടോ, തിരശ്ശീലയില്ലാത്ത നാടകം?
നേരമറിച്ചു, നിൻനഗ്നത്വങ്ങളെ-
യാരു നുകരുമനിമിഷദൃഷ്ടിയാൽ?
മർത്ത്യത കാണാൻ കൊതിക്കുന്ന നിന്മുഖ-
മത്ര വിരൂപമായുള്ളതെന്നും വരാം
എന്നുമണിയറയ്ക്കുള്ളിൽക്കടക്കാനു-
മെത്തിനോക്കാനുമുഴറുവതില്ല ഞാൻ
ഭാസുരദീപപ്രഭ പടരുന്നൊരീ-
ഭാവനാഗാന മനോജ്ഞരംഗത്തിലെ-
ക്കോണിലടങ്ങിയൊതുങ്ങിയിരുന്നു ഞാൻ
കാണുമെന്നെന്നും ഭവതി തൻനർത്തനം
ബ്രഹ്മാണ്ഡകോടികളുൽസ്സ്ഃരാമങ്കമാർ-
നിന്നു വലംവെയ്ക്കുമീദേവനർത്തനം!
ആരാൽക്കുണുങ്ങി നടക്കുന്ന സംഗീത-
ധാരതൻ കൈവിരൽക്കോർത്തുപിടിച്ചുവോ?
ചേലിലലയ്ക്കുന്ന, നാനാ നിറപ്പകി-
ട്ടോളം തുളുമ്പുമീമേളപ്പുളപ്പുകൾ!
നേർത്തൊരീമഞ്ഞണിമൂടുപടത്തെ നീ
മാററായ്ക മാററായ്ക ചെമ്പനീർപ്പുഷ്പമേ!
ദിവ്യരസമെന്നതെ,ങ്ങീമറയുടെ
വശ്യരഹസ്യമറിയാതിരിക്കുകിൽ?

പി. കുഞ്ഞിരാമൻ നായർ.

# സൌന്ദര്യം.

നേരം പാതിരാവു കഴിഞ്ഞിട്ടും ആ മാളികയുടെ മുകളിൽ ഒരു സ്ത്രീ പാടിക്കൊണ്ടിരുന്നു. പുതുകുസുമങ്ങളുടെ പരാഗഭാരം വഹിച്ച മന്ദമാരുതൻ ആ കുയിൽവാണിയുടെ മധുരഗാനം വാരിയെടുത്തു ചന്ദ്രികയിൽ തിളങ്ങിക്കൊണ്ടിരുന്ന ദിങ്മുഖത്തിൽ വിതരണം ചെയ്തു്, അപ്പോൾ, പുഷ്പങ്ങളാൽ നിറയപ്പെട്ട കൊച്ചുശാഖകൾ തലയാട്ടി; കല്ലോലജാലങ്ങൾ നൃത്തം വെച്ചു; മീൻപിടുത്തക്കാരൻ അവന്റെ ചെറുതോണിയിൽ ഇരുന്നു് ഉറങ്ങിപ്പോയി; പൈതലിന്റെ അധരങ്ങളിൽ സുഷുപ്തിയുടെ പുഞ്ചിരി ലാലസിച്ചു; അത്ര മനോജ്ഞമായിരുന്നു 'സുനന്ദ'യുടെ സംഗീതം!

പൂമ്പട്ടുകിടക്കയിൽ വീണവായിച്ചു പാടിക്കൊണ്ടിരുന്ന അവളുടെ മടിയിൽ തലവെച്ചു സുന്ദരനായ 'സുകുമാരൻ' അവളുടെ ചന്ദ്രവദനത്തെ മിഴിച്ചുനോക്കി മലൎന്നുകിടന്നു. വിലപിടിച്ച 'അത്തർ' പൂശിയ 'കാശ്മീർ' പട്ടുപുടവയാൽ ആച്ഛാദനം ചെയ്യപ്പെട്ട അവളുടെ തടിച്ചുകുളുൎത്ത ഊരുകാണ്ഡങ്ങളിൽ ശിരസ്സണച്ചു കിടന്നിരുന്ന ആ ഭോഗലോലുപന്റെ തപിച്ച മാറിടത്തിൽ അവളുടെ കെട്ടഴിഞ്ഞ കേശഭാരം കളഭക്കൂട്ടുപോലെ പാറിക്കിടന്നു. ശൃംഗാരത്തിന്നു് ഒരു മാററുകൂടി കൂട്ടുന്ന അവളുടെ ഗാനമധു ആയാളെ ഉന്മത്തനാക്കി. ഭോഗസുഖങ്ങൾക്കായി ജീവിക്കുന്ന ഒരു യുവാവിന്നു് എന്താണിനി വേണ്ടതു്? പോരെങ്കിൽ ചന്ദ്രികയും ജാലകത്തിൽകൂടി പ്രവേശിച്ചു് അവരെ താലാടിക്കൊണ്ടിരുന്നു.

അല്പനേരം കഴിഞ്ഞപ്പോൾ വീണാതന്ത്രികളിൽ ഓടിക്കൊണ്ടിരുന്ന അവളുടെ വിരലുകൾ നിശ്ചലങ്ങളായി; അവൾ മൃദുലസ്വരത്തിൽ പറഞ്ഞു, "ഞാൻ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു; ഞാനൊന്നുറങ്ങട്ടെ!"

'സുകുമാരൻ' അവളുടെ താടിപിടിച്ചൊന്നു പൊക്കി പറഞ്ഞു, "സുനന്ദേ! അമ്മു! നിനക്കു് എന്നോടുള്ള സ്നേഹം കുറഞ്ഞു കുറഞ്ഞു വരുന്നുവല്ലോ! രണ്ടു മൂന്നു കൊല്ലങ്ങൾക്കു മുമ്പു പാട്ടുപാടി എന്നെ രസിപ്പിച്ചുംകൊണ്ടു് എത്രയെത്ര രാത്രികൾ നീ ഉറക്കുപേക്ഷിച്ചു കഴിച്ചുകൂട്ടി! എന്റെ സർവ്വസ്വവും ഞാൻ നിനക്കു വേണ്ടി ബലികഴിച്ചു. സുനന്ദേ! ആ ഭൈരവി രാഗം ഒന്നു പാടു്, എനിക്കു മനസ്സിൽ തീരെ സുഖമില്ല" ആയാളുടെ മനസ്സിലെ അസുഖം അവൾക്കു നല്ലപോലെ

അറിയാമായിരുന്നു. അവൾ കമ്പികൾ മീട്ടി പാടി; "ജയ ജയ ഗോകുലപാലാ........." ദുഷ്കൃത്യത്താൽ പുകഞ്ഞുകൊണ്ടിരുന്ന ആയാളുടെ മനസ്സിഷ്ഠത്തെ ആ സംഗീതം ഒന്നു മെല്ലെ തലോടി; ആയാൾ അല്പനേരം ഉറങ്ങി.

പെട്ടന്നു്, ആ മുറിയുടെ വാതിൽ തുറക്കപ്പെട്ടു, മുപ്പതു വയസ്സു പ്രായമുള്ള ഒരു ദീർഘകായൻ അവിടെ പ്രത്യക്ഷനായി. 'സുനന്ദ' ചാടിയെഴുന്നേററു് അടുത്തുള്ള അവളുടെ ശയനമുറിയിൽ പ്രവേശിച്ചു. 'സുകുമാരൻ' ആഗതനെ പകച്ചുനോക്കി, ആയാളുടെ നേത്രങ്ങൾ രക്തവൎണ്ണമായി, അധരങ്ങൾ വിറച്ചു; ആയാൾ ഗൎജ്ജിച്ചു, "മാധവൻ! നീ എന്തിന്നു് ഇവിടെ വന്നു?"

മാധ:—നിന്നെ കാണുവാൻ.

സുകു:—നീ എങ്ങിനെ അറിഞ്ഞു ഞാൻ ഇവിടെയുണ്ടെന്നു്?

മാധ:—പെണ്ണും പാട്ടും ഉള്ളടിക്കിൽ നീ ഉണ്ടാകുമെന്നു എനിക്കറിയാം! ഞാൻ പണ്ടേതന്നെ കേട്ടിട്ടുണ്ടു് നീ ഒരു വേശ്യയുടെ കൂടെയാണെന്നു്!

സുകു:—എടാ! നീ എന്റെ വീട്ടിൽനിന്നു ഉടൻ തന്നെ പോകണം; അല്ലെങ്കിൽ......

മാധ:—അല്ലെങ്കിൽ! ഹേയ്! അതൊന്നും സാരമില്ല മിസ്റ്റർ! എനിക്കു പറവാനുള്ളതു പറഞ്ഞുകഴിഞ്ഞാൽ ഞാൻ പോകയായി.

സുകു:—എനിക്കൊന്നും കേൾക്കണ്ട.

മാധ:—കേൾക്കുവാൻ ഇഷ്ടമില്ലെങ്കിലും ഞാൻ പറയും! നാലുകൊല്ലങ്ങൾക്കുമുമ്പു നീ എന്റെസഹോദരി 'രുഗ്മിണി'യെ വിവാഹംചെയ്തു. അവൾക്കു നിന്നെപ്പോലെ സൌന്ദൎയ്യമില്ലെന്നുള്ള ഒരു കുററം നീ അവളിൽ ആരോപിച്ചു. വിവാഹാനന്തരം, ഒരു കൊല്ലം കഴിയുന്നതിന്നുമുമ്പുതന്നെ നീ അവളെ ഉപേക്ഷിച്ചു് ഏതോ ഒരു നടിയുടെ പിന്നാലെ ഓടിപ്പോയി. ഇതെല്ലാം നിനക്കുതന്നെ അറിവുള്ള സംഗതിയാണു്.

സുകു:—എനിക്കറിവുള്ളതു നീ എന്തിന്നു വീണ്ടും പുലമ്പുന്നു?

മാധ:—നിന്റെ ദുഷ്ടതയുടെ കാഠിന്യം നീ ഒന്നുകൂടി ഓൎത്തുനോക്കുവാൻ! നീ അവളെ ഉപേക്ഷിച്ച ദിനം മുതൽ അവൾ ഹൃദ്രോഗം ബാധിച്ചു കിടപ്പിലായി. ഈ മൂന്നു കൊല്ലങ്ങളോളം നീ "ഇന്നുവരും നാളെവരും" എന്നു് വിചാരിച്ചു് അവൾ കിടന്നു! നിന്നെ

ഒന്നു കണ്ടു കണ്ണടച്ചാൽ മതിയെന്നുള്ള അവളുടെ അതിരററ ആഗ്രഹം മൂലമാണു് ഞാൻ നിന്നെ തിരഞ്ഞു ഈ വഴിയെല്ലാം പോന്നതു്.

സുകു:—നീ എന്നെ കണ്ടില്ല എന്നു പറയു.

മാധ:—നിന്നെപ്പോലെ കളവുപറവാൻ ഞാൻ വിചാരിക്കുന്നില്ല.

സുകു:—എന്നാൽ വരില്ലെന്നു പറയു.

"മാധവൻെറ" ഭാവമൊന്നു പകന്നു; ആയാറം പറഞ്ഞു, "എടാ, ദുഷ്ടാ! ഞാൻ നിന്നെപ്പോലെ ഹൃദയമില്ലാത്തവനായിരുന്നുവെങ്കിൽ നിൻെറ കഥ ഇപ്പോറം തന്നെ കഴിയുമായിരുന്നു. ഈ യൌവനത്തിൽതന്നെ നീ അവളെ മൃത്യുമുഖത്തേക്കു വലിച്ചുകൊണ്ടുപോയി! അവളുടെ അന്ത്യമായ ഒരപേക്ഷകൂടി നീ സ്വീകരിക്കയില്ലെന്നൊ? ഇതാ ഞാൻ പോകുന്നു! നിൻെറ പൈശാചികദിനങ്ങറം നീ തന്നെ എണ്ണി കഴിക്കേണ്ടിവരും!"

'മാധവൻ' പുറത്തേക്കിറങ്ങി; ആയാറം പിറുപിറുത്തു, "ദുഷ്ടൻ! മഹാദുഷ്ടൻ! നിഷ്കളങ്കയും നിരപരാധിയുമായ ഒരു യുവതിയുടെ രക്തം വലിച്ചു കുടിച്ചു! പരമവിഡ്ഢി! ഇവൻെറ സകല സമ്പത്തും ഒരു നടിയുടെ കാല്ക്കൽ അപ്പിച്ചു, 'ഒന്നരകാശിനു' വഴിയില്ലാത്തവനായി. ഇവറം ഇന്നോ നാളയോ ഇവനെ പുറത്താക്കും! അപ്പോറം, ഇവനു് ഒരു യാചകനെപ്പോലെ വഴിയിൽ അലഞ്ഞു നടക്കാം!"

മാളികമുകളിൽനിന്നു് 'സുകുമാരൻ' കൈകൊട്ടിവിളിച്ചു, "മാധവൻ! ഞാൻ ബുധനാഴ്ച വൈകുന്നേരം അവിടെ ഉണ്ടാകും!" 'മാധവൻ' മുരണ്ടു, 'ബുധനാഴ്ച വൈകുന്നേരം നിനക്കു് അവളുടെ ഭസ്മം അഗ്നികുണ്ഡത്തിൽ കാണാം!" ആയാളുടെ നയനങ്ങളിൽ ബാഷ്പകണങ്ങറം നിറഞ്ഞു.

* * * * * * *

ബുധനാഴ്ച വൈകുന്നേരം! ഈ ആശ 'രുഗ്മണി'യുടെ ജീവനാഡികറംക്കു് ഒരു ഉണവുണ്ടാക്കി. അവളുടെ ജീവൻ ആ ശരീരത്തെ ഉപേക്ഷിച്ചില്ല; ആ പക്ഷി ആ പൊളിഞ്ഞ പഞ്ജരത്തിൽതന്നെ തൂങ്ങിയിരുന്നു!

'രുഗ്മിണി'യുടെ ആഗ്രഹപ്രകാരം അവറം കിടന്നിരുന്ന മുറി സവിശേഷം അലങ്കരിക്കപ്പെട്ടു. നേരം പാതിരാവു കഴിഞ്ഞിട്ടും അവറം ഉദ്ദേശിച്ച അതിഥി അവിടെ വന്നില്ല.

ജാലകത്തിന്നടുത്തു വിരിച്ചിട്ടിരുന്ന കിടക്കമേൽ ആ സാധ്വി മലൎന്നുകിടന്നു്, പ്രശാന്തമായ അന്തരീക്ഷത്തിൽ ഉദിച്ചുപൊങ്ങിയ ചന്ദ്രബിംബത്തെ നിറഞ്ഞ നയനങ്ങളോടുകൂടി നോക്കി. പൂങ്കാവനത്തിൽ നിബിഡമായി വളൎന്നുനിന്നിരുന്ന പനിനീർപുഷ്പങ്ങളുടെ സൌരഭ്യം വഹിച്ചുകൊണ്ടു മന്ദമാരുതൻ ആ രോഗിണിയെ മൃദുലമായി തലോടി. അടുത്തുള്ള മാവിന്റെ ശിഖരത്തിൽ ഇരുന്നിരുന്ന കൂമൻ അവളുടെ ദുഃഖഭൂയിഷ്ഠമായ നിമിഷങ്ങളെ ഒരേ ഒരു സ്വരത്തിൽ എണ്ണിക്കൊണ്ടിരുന്നു. മൂന്നു സംവത്സരങ്ങൾക്കപ്പുറമുള്ള അവളുടെ ആഹ്ലാദകരമായ ദാമ്പത്യജീവിതത്തിന്റെ ചില ഭാഗങ്ങൾ അവളുടെ മനോദൃഷ്ടികളിൽക്കൂടി കടന്നുപോയി. ആ ജാലകത്തിന്നരികെതന്നെ പ്രണയനാടകത്തിന്റെ എത്രയെത്ര രംഗങ്ങൾ അഭിനയിക്കപ്പെട്ടിട്ടുണ്ടു്! ആ സാധുവിന്നു് അതൊന്നും ഓൎക്കവയ്യ! അവളുടെ നയനങ്ങളിൽ ചുടുകണ്ണീർ നിറഞ്ഞു. അവൾ 'മാധവനെ' വിളിച്ചു, "ജ്യേഷ്ഠാ! അദ്ദേഹം ഇനിയും വന്നില്ലല്ലോ! ഇന്നു രാത്രിയല്ലെ വരാമെന്നു പറഞ്ഞതു്?"

'മാധവൻ' തന്റെ പ്രിയ സഹോദരിയുടെ ചടച്ച കരം തലോടി പറഞ്ഞു, "രുഗ്മിണി! നീ ആരെയാണു അന്വേഷിക്കുന്നതു്?"

രുഗ്മി:— എന്റെ ഭൎത്താവിനെ!

മാധവ:— അതാ, വരുന്നു! ആ ദുഷ്ടൻ!

രുഗ്മി:— അയ്യോ! ജ്യേഷ്ഠാ! അദ്ദേഹത്തെ കുററം പറയരുതേ! അദ്ദേഹത്തിന്റെ ഹൃദയം നല്ലതാണു്! അല്ലെങ്കിൽ അദ്ദേഹം ഇന്നിവിടെ വരില്ലായിരുന്നു.

'സുകുമാരൻ' തലതാഴ്ത്തി മുറിയിൽ പ്രവേശിച്ചു. 'രുഗ്മിണി'ക്കു പെട്ടന്നു് ആയാളെ മനസ്സിലായില്ല. അമിതമായ ഭോഗസുഖങ്ങളാൽ ആയാൾ നന്നെ ക്ഷീണിച്ചിരുന്നു. ആയാളോടു് അരികെ ഇരിക്കുവാൻ തന്റെ ചടച്ച കൈകൊണ്ടു് അവൾ ആംഗ്യം കാണിച്ചു. ആയാൾ ഇരുന്നു; പക്ഷെ, അവളുടെ മുഖത്തു നോക്കുവാൻ ആയാൾക്കു ധൈൎയ്യമുണ്ടായില്ല. അവൾ മെലിഞ്ഞു കുഴഞ്ഞ തന്റെ കരം മന്ദമന്ദം പൊക്കി ആയാളുടെ വിയൎത്ത ഫാലദേശം ഒന്നു തലോടി. 'സുകുമാരൻ' അവളുടെ കൈപിടിച്ചു; മങ്ങിക്കത്തിക്കൊണ്ടിരുന്ന ആ വിളക്കിന്റെ ദീപ്തിയിൽ ആയാൾ അവളുടെ ഒട്ടിയ മുഖമൊന്നു നോക്കി. മരണത്തിന്റെ ആഗമനം അതിൽ തെളിഞ്ഞുകണ്ടു. ആയാൾ സാവധാനം കുനിഞ്ഞു് അവളുടെ തണുത്ത നെററിത്തടത്തിൽ ഒരു ചുംബ

നം! ആയാളുടെ നയനങ്ങളിൽനിന്നു പശ്ചാത്താപജന്യമായ രണ്ടുമൂന്നു കണ്ണുനീർത്തുള്ളികൾ അവളുടെ തപിച്ച മാറിടത്തിൽ അടൎന്നുവീണു. ചൂടുപിടിച്ച ഒരു നിർമ്മലക്കണ്ണാടിയിൽ പെട്ടന്നു വെള്ളം വീണതിനാൽ അതു് പൊട്ടിത്തകൎന്നുപോയി!

'മാധവൻ' ചാടിയെഴുനീററു്, താൻ കാരണം അകാലമൃത്യുവടഞ്ഞ ആ പെൺകുട്ടിയെ ഒരു നിമിഷംകൂടി നോക്കിനിന്നു. ആയാൾ കൈചുരുട്ടിപ്പിടിച്ചു് അട്ടഹസിച്ചു്, "സുന്ദരേ! പൈശാചിനി! നീ എന്നെ വഞ്ചിച്ചു! നിൻെറ സൌന്ദൎയ്യം!!" ആയാൾ സന്നിപിടിപെട്ടവനെപ്പോലെ പുറത്തേക്കോടി.

ചന്ദ്രൻ കാർമേഘങ്ങൾക്കിടയിൽ മറഞ്ഞു; ഒരു കൊടുങ്കാററു് അത്യുഗ്രമായി വീശി; ആ ഭവനത്തിലെ കൊച്ചുദീപവും അണഞ്ഞുപോയി.

സി. കെ. എസ്സ്.

# എഴുതുന്നതെന്തിനു്?

ഇന്നത്തെ കാഥികന്മാരും കവികളും തങ്ങളുടെ കൃതികളിൽ സാമുദായികവും രാഷ്ട്രീയവുമായ കാര്യങ്ങളെ എങ്ങിനെയെങ്കിലും വലിച്ചുകയററുവാൻ വെമ്പിക്കൊണ്ടിരിക്കയാണു്. കൊടുങ്കാററും പേമഴയും ഉള്ളപ്പോൾ ഇറങ്ങി നടക്കുന്നവൻ നനയാതിരിക്കയില്ലല്ലോ. അതാകുന്നു ഇന്നത്തെ എഴുത്തുകാരുടേയും സ്ഥിതിയെന്നു് അവരിൽ ഒരു ഗണക്കാർ പറയുന്നു. സാമുദായികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങളാൽ മാറെറാലിക്കൊള്ളുന്നൊരു ലോകത്തിലെ കാഥികന്മാർക്കും കവികൾക്കും അവയെ ഒഴിച്ചു നിർത്തി എന്തെങ്കിലും എഴുതുവാൻ തരമില്ലെന്നു സാരം. വേറൊരു ഭാഗക്കാരുടെ വാദം, രോഗാകുലമായ ലോകത്തെ യഥാവിധി ചികിത്സിച്ചു സുഖപ്പെടുത്തുവാൻ ഡോക്ടർമാരെപ്പോലെ സാഹിത്യകാരന്മാരും ഉത്തരവാദപ്പെട്ടവരാണെന്നാകുന്നു. സമുദായശരീരത്തിൽ കേടുപാടുകൾ എന്തെല്ലാമെന്നു് കണ്ടുപിടിച്ചു് പ്രത്യൌഷധങ്ങൾ വിധിക്കുക—അത്രയുമായാൽ സാഹിത്യകാരന്മാർക്കു് ചാരിതാർത്ഥ്യമടയാമെന്നർത്ഥം. സാഹിത്യത്തിൻെറ ഉദ്ദേശങ്ങൾ ഇപ്രകാരം വ്യവസായബുദ്ധിവ്യാഹതമായിട്ടുള്ള ഇക്കാലത്തു് ഐറിഷ് മഹാകവിയായ മിസ്റ്റർ ഈററ്സ് (W. B. Yeats) സാഹിത്യ പരിശ്രമങ്ങളിൽ തനിക്കു് സുപഥനിർദ്ദേശകമായിട്ടുള്ള തത്വത്തെ പരാഭിപ്രായഭീരുത കൂടാതെ ശാന്തമായി ഇങ്ങിനെ വിവരിക്കുന്നു:—

"എൻെറ പ്രബന്ധങ്ങളിൽ ഒന്നും പത്രപാരായണപ്രിയന്മാർക്കു വേണ്ടി എഴുതിയതല്ല. എൻെറ അറിവിൻെറ പൂർണ്ണതയിൽനിന്നാണോ അവയുടെ ആവിർഭാവമെന്നു ചോദിച്ചാൽ അതിനും നിഷേധരൂപത്തിലായിരിക്കും ഉത്തരം. അറിഞ്ഞു കഴിഞ്ഞതിനെ എന്തിനു് എഴുതിയിടുന്നു? പേന താഴെയിടുമ്പോൾ എനിക്കുള്ള അജ്ഞത പേനയെടുക്കുമ്പോൾ ഉണ്ടായിരുന്നതിനേക്കാൾ അല്പീയസ്സാകുംവണ്ണമേ ഞാൻ എന്തും എഴുതിയിട്ടുള്ളു."

നോക്കണം—അദ്ദേഹം ലോകത്തെ പരിഷ്ക്കരിക്കുവാനോ ഉപദേശിക്കുവാനോ കരാറേററിട്ടില്ല. ഈയിടെ കേരളം സന്ദർശിച്ച മിസ്റ്റർ സോമർസെററ് മോഘാം (Somerset Maugham) എന്ന ആംഗ്ലേയഗ്രന്ഥകാരൻ സമകാലികജീവിതചിത്രണത്തിൽ സംസക്തമതിയെങ്കിലും, സ്വന്തം സാഹിത്യസേവനങ്ങളെക്കുറിച്ചു പറഞ്ഞിട്ടുള്ള അഭിപ്രായം, മി. ഈററ്സിൻെറ പ്രസ്താവത്തോടു വളരെ യോജിച്ചിരിക്കുന്നുണ്ടു്.

The summing up എന്നുള്ള ആത്മകഥാഗ്രന്ഥത്തിൽ അദ്ദേഹം "കലാകാരൻ ആത്മനിർവൃതിക്കുവേണ്ടി ഓരോന്നും നിർമ്മിക്കുന്നു" എന്നാണെഴുതിയിരിക്കുന്നതു്. സ്വഭാവത്തിലും ലോകനിരീക്ഷണത്തിലും ഇത്ര വിഭിന്നരായ സാഹിത്യകാരന്മാർ ഇന്നു ബ്രിട്ടനിൽ ഇല്ല. എന്നിട്ടും സ്വന്തം കലാവ്യാപാരങ്ങളെ സംബന്ധിച്ചു് അവർക്കുള്ള അഭിപ്രായങ്ങൾ അത്ഭുതാവഹമാംവണ്ണം ഇണങ്ങിയിരിക്കുന്നു. മി. ഈററ്സ് പ്രബന്ധങ്ങളുടെ പണി തീർന്നപ്പോൾ "I think my head has grown clearer" എന്നു സമാധാനിക്കുന്നുവെങ്കിൽ മി. സോമർസെററ് മോഘാം സമാനമായൊരു ഘട്ടത്തിൽ 'I shall be finished with them and my mind will be free to occupy itself with other things എന്നാശ്വസിക്കുന്നതായിക്കാണാം. സമുദായസംസ്കരണത്തിൻെറ പേർ പറഞ്ഞു് അതുമിതും എഴുതിക്കൂട്ടി, നാട്ടോട്ടുക്കു് രാഷ്ട്രീയസിദ്ധാന്തങ്ങൾക്കനുകൂലമായി പ്രചരണവേല നടത്തി പണവും പെരുമയും നേടണമെന്നുള്ള വിചാരം അനുഗൃഹീതരായ കവികളുടെ കല്പനങ്ങൾക്കു് മികവൊട്ടും പ്രേരകമാകുന്നില്ലെന്നു് ഈററ്സും മോഘാമും ഒരേ സ്വരത്തിൽ വിളിച്ചു പറയുന്നു.

എഴുത്തുകാർ കാലംപോലെ കോലം കെട്ടേണ്ടതാണെന്നു വിശ്വസിക്കുന്നൊരു നല്ല നോവലെഴുത്തുകാരിയാകുന്നു മിസിസ് സ്റ്റോംജേയിംസൺ. അവരും, ഇക്കാലത്തു കവികൾക്കു പ്രതിഭാസംബാധകങ്ങളായുണ്ടാകുന്ന രാഷ്ട്രീയവും സാമുദായികവുമായ ശക്തികളെ വെറുക്കുകയാണു ചെയ്യുന്നതു്. കുട്ടികളെ സന്തോഷിപ്പിക്കാൻ വാങ്ങിക്കൊടുക്കുന്ന പലമാതിരി 'ചോക്കലെററുകൾ'പോലെ ക്ഷണമാത്രമധുരങ്ങളായ കഥകളും നോവലുകളും എഴുതി മാലോകരുടെ ഇതരകാര്യഗതമായ ശ്രദ്ധയെ ഉത്തേജിപ്പിച്ചുകൊണ്ടു് ഒരുവക ശലഭയശഃകാമരായിരുന്നാൽ പോരാ സങ്കല്പസമ്രാട്ടുകളായ എഴുത്തുകാർ എന്നു മിസ്സ് ജേയിംസൺ അഭിപ്രായപ്പെടുന്നു. രാഷ്ട്രീയസിദ്ധാന്തങ്ങളും മററും നോവലിൽ വലിഞ്ഞുകയറുന്നതിനെപ്പററി അവർ പറയുന്നതിപ്രകാരമാണു്:—മനുഷ്യരുടെ മഹാപ്രവർത്തനങ്ങളിൽ ഒന്നുമാത്രമാകുന്നു രാഷ്ട്രീയകാര്യം. അതു കഥയിലോ നോവലിലോ കയറുന്നുണ്ടെങ്കിൽ രാഷ്ട്രീയവിഷയമെന്ന നിലയിലല്ല, പ്രത്യുത മനുഷ്യകർമ്മങ്ങിൽ ഒന്നെന്നമട്ടിൽ മാത്രമായിരിക്കും. 'ഞാൻ ഇതാ ഒരു സമുദായചിത്രം വരച്ചിരിക്കുന്നു. സൂക്ഷിച്ചു നോക്കുക. അതിൽ മനുഷ്യർ ജനിക്കുകയും മരിക്കുകയും കരയുകയും.

ചിരിക്കുകയും മരിക്കുകയും ചെയ്യുന്നു.’ ഏകദേശം ഇതായിരിക്കും ഒരു തികഞ്ഞ ആഖ്യായികാകാരൻ ചെയ്യുന്ന ‘പ്രസ്താവന’യുടെ ചുരുക്കം.” മിസ്സ് ജേയിംസണും എഴുതുന്നതെന്തിനു് എന്ന ചോദ്യത്തിനു് ഉത്തരം പറഞ്ഞിട്ടില്ലെന്നില്ല.

“The impulse that forces the novelist to write his novels is not in the end different from the one which drives a painter to paint” എന്നു പറയുന്ന നോവലെഴുത്തുകാരിക്കു് ഈററ് സിൻേറയും മോഘാമിൻേറയും ‘കാൽനഖേന്ദുമരീചികൾ’ വഴി കാട്ടിയിരിക്കണം.

ജോസഫ് മുണ്ടശ്ശേരി എം. എ.

# "വ്യുൽപത്തി" ചരിത്രം.

കേരളത്തിലെ ആദിമനിവാസികൾ ആരായിരുന്നാലും ക്രിസ്തുവർഷം ഏഴാം നൂററാണ്ടോടുകൂടി കേരളീയർ ആര്യപരിഷ്കാരത്തിന്നു കടപ്പെട്ടു തുടങ്ങി. എഴുത്തച്ഛൻെറ കാലംവരെയ്ക്കും ഈ പരിഷ്കാരഭ്രമത്തിന്നു യാതൊരു കുറവും ഉണ്ടായിരുന്നില്ല. ഇതിൻെറ ഫലമായി മണിപ്രവാള കാലമെന്നൊരു കാലഘട്ടംതന്നെ ഗണിക്കേണ്ടിവന്നിട്ടുണ്ടെന്നു ഭാഷാചരിത്രം വായിച്ചിട്ടുള്ളവർക്കൊക്കെ ഏറെക്കുറെ അറിയാവുന്നതാണു്.

സംസ്കൃതപണ്ഡിതന്മാരായിരുന്ന നമ്പൂതിരിമാരിൽ ഭാഷാകവിതയിൽ കൌതുകം തോന്നിയ അപൂർവ്വം ചില അനുഗൃഹീതന്മാരാണു മഴമംഗലപ്രഭൃതികൾ. ശ്രുതിസ്മൃതികളിലും മീമാംസാദികളിലും അതിവിദഗ്ദ്ധന്മാരായ അനേകം കേരളബ്രാഹ്മണർ കാവ്യപഥത്തിൽ പദം ന്യസിക്കാതെതന്നെ കഴിഞ്ഞുകൂടിയിട്ടുണ്ടു്. ലക്ഷ്മീദാസൻ തുടങ്ങിയ സംസ്കൃതകവിപുംഗവന്മാരും ഇല്ലാതിരുന്നില്ല. ഈ കാലഘട്ടത്തിൽ കേരളത്തിലെ ജനസമുദായം പരിഷ്കാരത്തിൻെറ മാർഗ്ഗദർശികളെന്നു കണക്കാക്കിയിരുന്നതു സംസ്കൃതഭാഷാപ്രവീണന്മാരായിരുന്ന നമ്പൂതിരിമാരെയാണെന്നുള്ളതിൽ പക്ഷാന്തരമില്ല.

'ശൂദ്രമക്ഷരസംയുക്തം ദൂരതഃപരിവർജ്ജയേൽ' എന്നൊരു കാലമുണ്ടായിരുന്നുവോ ആവോ. ശൂദ്രന്നു ദ്രാവിഡഭാഷാജ്ഞാനമുണ്ടായിരുന്നാൽ നമ്പൂതിരിമാരുടെ ദൃഷ്ടിയിൽ അക്ഷരസംയുക്തനാകുമോ എന്നു സംശയമാണു്. തിരുവെള്ളക്കാവിലും മററും ബ്രാഹ്മണർ ഓത്തുചൊല്ലിക്കൊണ്ടിരിക്കുന്നതിനിടയിൽ ബ്രാഹ്മണേതരന്മാർ സ്വാമിസന്ദർശനത്തിന്നു വരുന്നപക്ഷം ഞൊടിച്ചു വേദഘോഷം നിറുത്തുന്ന സമ്പ്രദായം ഇക്കാലത്തും തീരെ നിന്നുപോയിട്ടില്ല. വേദശ്രവണംപോലും അബ്രാഹ്മണർക്കു പാടില്ലെന്നു നിശ്ചയമുള്ള ഒരു ജനസമുദായത്തിൽ വിദ്യാവിഷയത്തിൽ ശൂദ്രവർജ്ജനം ഉണ്ടായിരുന്നില്ലെന്നു വാദിക്കുന്നതു സാഹസമായിരിക്കും. ഈ കഠിനനിയമത്തിന്നു അല്പം ഉപശാന്തി ഉണ്ടാകാതിരുന്നിട്ടില്ല. സംബന്ധസമ്പ്രദായം നടപ്പായതോടുകൂടി തങ്ങളുടെ മക്കളെ സംസ്കൃതം പഠിപ്പിക്കാമെന്നായി. ക്രമത്തിൽ കാവ്യനാടകാലങ്കാരങ്ങൾ അമ്പലവാസികൾക്കും ശൂദ്രർക്കും പഠിക്കാമെന്നു വന്നു. വ്യാകരണപാഠം അനുവദിച്ചുകിട്ടാൻ പിന്നീടു അനേകം പന്തിരാണ്ടുകൾ കഴിയേണ്ടതായി വന്നിട്ടുണ്ടു്. സംസ്കൃതഭാഷ ഇങ്ങനെ അബ്രാഹ്മണർക്കു പാഠവിഷയമായിത്തീർന്നപ്പോൾ കേരളത്തിലെ വിദ്യാഭ്യാസത്തിൽ സംസ്

കൃതത്തിനുള്ള സ്ഥാനം അദ്വിതീയമായിത്തീൻ. അമരകോശവും സിദ്ധരൂപവും ഉരുവിടാത്ത ബാലന്മാർ ഉപരിവിദ്യാഭ്യാസത്തിന്നർഹതയില്ലാത്ത ദുർഭഗന്മാരായി. അടുത്തു മൂന്നു പന്തീരാണ്ടുവരെ കേരളത്തിലെ പ്രധാനപ്പെട്ട കുടുംബങ്ങളിലെല്ലാം സംസ്കൃതപാഠം ഒരഭിമാനച്ചടങ്ങായിട്ടെങ്കിലും നടന്നുപോന്നിട്ടുണ്ടെന്നുള്ളതിന്നു തെളിവുകൾ തേടേണ്ടതില്ല. ഇക്കാൎയ്യം ഈ ലേഖകന്നുതന്നെ അനുഭവമുള്ള ഒരു പച്ചപ്പരമാൎത്ഥമാണ്.

മണലിട്ടെഴുതി അക്ഷരം പഠിക്കുക, അക്ഷരംകൂട്ടി വായിക്കുക, പെരുക്കക്കണക്കു പഠിക്കുക, അമരകോശം കാണാതെ പഠിക്കുക, സിദ്ധരൂപം ഉരുവിട്ടു പഠിക്കുക, നാൾപക്കംവെക്കുക, എഴുത്താണികൊണ്ടോ നാരായംകൊണ്ടോ കരിമ്പനയോലയിൽ എഴുതുവാൻ ശീലിക്കുക ഇതെല്ലാം പ്രാഥമികപാഠങ്ങളിൽ ഉൾപ്പെട്ടവയാണ്.

അക്ഷരം പഠിക്കുന്നതു സ്വരങ്ങൾ, വ്യഞ്ജനങ്ങൾ, കൂട്ടക്ഷരങ്ങൾ എന്നിങ്ങനെ ചില ക്രമങ്ങൾ അനുസരിച്ചായിരിക്കും. ഇതു നിമിത്തം സ്വരവ്യഞ്ജനങ്ങൾ തിരിച്ചറിയുവാനും വൈകല്യംകൂടാതെ ഉച്ചരിക്കുവാനും അടുത്തകാലത്തെ ബാലന്മാൎക്കുപോലും വിഷമമുണ്ടായിരുന്നില്ല. ഇന്നു പന, നന, എന്ന മട്ടിൽ പുസ്തകം വായിച്ചക്ഷരം പഠിക്കുവാൻ തുടങ്ങിയിരിക്കയാണ്. ഇത്തരം ഉപായങ്ങൾ ഫലപ്രദങ്ങളാകുമെന്നു തോന്നുന്നില്ല. അഥവാ അങ്ങനെയാകുമെന്നു സമ്മതിച്ചാൽപ്പോലും ധാരണാശക്തി വൎദ്ധിപ്പിക്കേണ്ട ബാല്യകാലത്തിൽ കാണാപ്പാഠപ്രസ്ഥാനം തന്നെയാണുചിതം. Look and say method ഇംഗ്ലീഷു പഠിക്കുവാൻ ഇംഗ്ലണ്ടിൽ നന്ന്. മലയാളാക്ഷരം എഴുതിപ്പഠിപ്പിക്കതന്നെ വേണം. ഇക്കാലത്തുതന്നെ ഉച്ചാരണശുദ്ധിയും ഉണ്ടാക്കിത്തീൎക്കേണ്ടതാണ്. പ്രാഥമികവിദ്യാഭ്യാസത്തിൽ ഒന്നാംക്ലാസ്സിൽ അക്ഷരം സ്ലേററിൽ എഴുതിക്കുക, ശരിയായ ഉച്ചാരണം പഠിപ്പിക്കുക, കൂട്ടിവായിപ്പാൻ അഭ്യസിപ്പിക്കുക, അല്പം ചില പെരുക്കക്കണക്കുകൾ പഠിപ്പിക്കുക ഇത്രയും മതിയാകും. ഈ വിഷയത്തിൽ വിദ്യാഭ്യാസാധികൃതന്മാരുടെ ശ്രദ്ധപതിയുമെങ്കിൽ നന്നായിരിക്കുമെന്നു തോന്നുന്നു. 'പുരാണമിത്യേവ ന സാധു സൎവ്വം' എന്നുണ്ടെങ്കിലും 'പുരാണമിത്യേവ ന ധിക്‌സമസ്തം' എന്നു സമ്മതിച്ചേതീരു.

കാവ്യപാഠമാണ് ഇന്നത്തെ ഹൈസ്കൂൾപാഠത്തിന്റെ സ്ഥാനത്തുണ്ടായിരുന്നതു്. ശ്രീരാമോദന്തം, ശ്രീകൃഷ്ണവിലാസം, രഘുവംശം, മാഘം, നൈഷധം മുതലായ കാവ്യങ്ങളാണു സാധാരണ പഠിപ്പിച്ചുവ

ന്നിരുന്നതു്. ഇത്തരം, കാവ്യങ്ങളിൽ ഈരണ്ടു സർഗ്ഗമെങ്കിലും വേണ്ടവിധംപഠിച്ചുകഴിഞ്ഞാൽ ഏതാണ്ടൊരു കാവ്യവ്യുൽപത്തിയുണ്ടാകാതിരിക്കയില്ല. കാവ്യപാഠത്തിന്നുശേഷം ശാസ്ത്രപാഠമായി. ഈ സന്ദൎഭത്തിൽ വ്യുൽപത്തിയുറച്ചുവോ എന്നറിയുവാൻ ചില ചില്ലാ പരീക്ഷകൾ ഇല്ലാതിരുന്നില്ല.

'ഗോവൎദ്ധനസ്യ ത്രചരത്ര
ബന്ധതാമുപയാതി കഃ
ഗൃദ്ധ്റാജത്യുത്തരംയസ്യ
പ്രശ്നസ്യ സ ഇഹോത്തരം'

എന്നു തുടങ്ങിയ ചില പദ്യങ്ങൾ അൎത്ഥവും ഉത്തരവും പറയുവാൻ വിദ്യാൎത്ഥികൾക്കു കൊടുക്കാറില്ലെന്നു പറഞ്ഞുകൂടാ. 'ഗോവൎദ്ധനക്കുടയുകാലായിത്തിന്നതേതു്? കഴുവാറകൾ എന്നുത്തരം കിട്ടുന്ന ചോദ്യമാണു ഈ ചോദ്യത്തിന്നുത്തരം' എന്നാണു മേലെഴുതിയ പദ്യത്തിൻെറ അൎത്ഥം. കേ ശവഭുജഃ എന്നാണു ചോദ്യം. ഈ ചോദ്യം (കേശവഭുജം= കേശവൻെറ ഭുജം) തന്നെയാണല്ലോ ഒന്നാമത്തേതിനുത്തരം.

ഇത്തരം ചില പരീക്ഷകൾ ഉണ്ടായിരുന്നെങ്കിലും ഗുരുനാഥൻെറ അഭിപ്രായം തന്നെയാണു് അൎഹതയുടെ വിധികൎത്താവു്. കാവ്യപാഠങ്ങൾ മിക്കവാറും ഓരോ ദേശങ്ങളിലുള്ള വ്യുൽപന്നന്മാരിൽനിന്നുതന്നെ സാധിക്കാമായിരുന്നു. ധനികന്മാർ താൎക്കികന്മാരേയോ വൈയാകരണന്മാരെയോ വരുത്തി വീട്ടിൽവെച്ചുതന്നെ ശാസ്ത്രം പഠിപ്പിച്ചിരുന്നു. കേരളത്തിൽ കൂടല്ലൂരും കൊടുങ്ങല്ലൂരുമായിരുന്നു ശാസ്ത്രപാഠത്തിന്നുള്ള കേന്ദ്രസ്ഥാപനങ്ങൾ.

ഉദ്ദണ്ഡശാസ്ത്രികളുടെ കാലം മുതൽക്കു തന്നെ കൂടല്ലൂർ മന പണ്ഡിതന്മാരുടെ വിളനിലമായിരുന്നുവത്രേ. അവിടെ വന്ന ഉദ്ദണ്ഡശാസ്ത്രികളോടു കാവ്യം പഠിപ്പിക്കാമോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം

'വാചാവാക്യപദപ്രമാണപദവീസഞ്ചാരസംപൂതയാ
സന്നഹ്യൽ പ്രതിമല്ലഗല്ലമകുടീകുട്ടാകധാടീജുഷാ
സാടോപം വിഹരൻ കഥംനു രമതേ സാഹിത്യമുദ്രാരസേ
പ്രൌഢസ്ത്രീരസികായ ബാലവനിതാസംഗഃ കഥംരോചതേ'

എന്നു സമാധാനം പറഞ്ഞുവത്രേ. ശരിയായി കാവ്യം പഠിപ്പിക്കണമെങ്കിൽ വ്യാകരണം, തൎക്കം, വേദാന്തം, അലങ്കാരം മുതലായ ശാസ്ത്രങ്ങളുടെ നിഷ്കൃഷ്ടമായ ജ്ഞാനം കൂടിയേ കഴിയൂ എന്നുള്ളതിനാൽ സൎവ്വശാസ്ത്രപാണ്ഡിത്യം സമ്പാദിച്ചു കഴിഞ്ഞെന്നഭിമാനമുണ്ടോ എന്നായി

രുന്നു കുലഗുരുവായ കൂടല്ലൂർ നമ്പൂതിരിപ്പാട്ടിലേ അഭിപ്രായം. അടുത്ത കാലത്തുകൂടി കുഞ്ഞുണ്ണി നമ്പൂതിരിപ്പാട്, നാരായണൻ നമ്പൂതിരിപ്പാട്, മുതലായ വിദ്വാന്മാർ ഈ മനയ്ക്കലുണ്ടായിരുന്നു. ഇവരുടെ ശിഷ്യപരമ്പര ഇന്നും കേരളത്തിലുണ്ട്.

കൊടുങ്ങല്ലൂർക്കോവിലകവും കേരളത്തിലെ ഒരു പ്രധാനപ്പെട്ട സർവ്വകലാശാല തന്നെയായിരുന്നു. ശ്രീരാമചരിതകർത്താവായ വിദ്വാൻ ഇളയതമ്പുരാൻ മനോരമത്തമ്പാട്ടിയുടെ ശിഷ്യപരമ്പരയിൽപ്പെട്ട ഒരു മഹാകവിയായിരുന്നു. അടുത്ത കാലത്തു ജ്യോതിശ്ശാസ്ത്രത്തിൽ വലിയ കൊച്ചുണ്ണിത്തമ്പുരാനുണ്ടായിരുന്ന ആചാര്യസ്ഥാനം ആരും സമ്മതിക്കും. ഇന്നു കേരളത്തിലെ ജ്യൗതിഷികന്മാരിൽ പ്രധാനപ്പെട്ട പല മഹാന്മാരും ഇദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്. ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ ഒന്നാംതരം വൈദ്യനായിരുന്നതിന്നു പുറമെ കവിയും ശാസ്ത്രജ്ഞനുമായിരുന്നു. കുഞ്ഞിക്കുട്ടൻ തമ്പുരാൻ വിദ്യാഭ്യാസപരമായി കേരളത്തിന്നു സമ്പാദിച്ചുവെച്ചിട്ടുള്ള വിജ്ഞാനഭണ്ഡാരം അമൂല്യമെന്നേ പറയാവൂ. ഇദ്ദേഹത്തിന്റെ അനുജനാണ് ഇന്നത്തെ കൊടുങ്ങല്ലൂർ വലിയ തമ്പുരാനായ കുഞ്ഞുണ്ണിത്തമ്പുരാൻ. നാട്യശാസ്ത്രപാരംഗതനായ ഇദ്ദേഹത്തിന്റെ ഔദാര്യം ഇന്നത്തെ നടന്മാരിൽ പലരേയും അനുഗ്രഹിച്ചിട്ടുണ്ട്. ഇദ്ദേഹം നവരസങ്ങളിൽ ഓരോന്നിനും ഉദാഹരണശ്ലോകങ്ങൾ ഉണ്ടാക്കിയിട്ടുണ്ടത്രെ. ചിലതു കേൾക്കുവാനുള്ള ഭാഗ്യം ഇതെഴുതുന്നവന്നുണ്ടായിട്ടുണ്ട്. തർക്കശാസ്ത്രത്തിൽ വാഴ്ചയൊഴിഞ്ഞ വലിയ തമ്പുരാനുകൂടി മാന്യനായിരുന്നു ഭട്ടൻ തമ്പുരാൻ. പരദേശങ്ങളിൽപ്പോലും കേളികേട്ട സംഗീതവിദ്വാനായിരുന്നു ചക്രം തമ്പുരാൻ. ഇദ്ദേഹം വലിയ കൊച്ചുണ്ണിത്തമ്പുരാന്റേയും കാരണവരായിരുന്നു. ഏതു വിദ്യ പഠിക്കുവാനാഗ്രഹിക്കുന്നവനും കൊടുങ്ങല്ലൂർക്കു പോയാൽ മതിയാകും. അത്രത്തോളം പ്രശസ്തമായിരുന്നു വിജ്ഞാനകേന്ദ്രമായിരുന്ന കൊടുങ്ങല്ലൂർരാജകുടുംബം.

സംസ്കൃതത്തിന്റെ മാന്യസ്ഥാനം കേരളത്തിൽ അസ്തമിച്ചു കഴിഞ്ഞു. കാവ്യവ്യുൽപത്തിയും ശാസ്ത്രവ്യുൽപത്തിയും (പ്രകൃതിശാസ്ത്രം മുതലായവയിലെ ജ്ഞാനം ഇവിടെ വിവക്ഷിതമല്ല.) ഇങ്ങിനിവരാത വണ്ണം കെട്ടു കെട്ടുവാൻ തുടങ്ങി. പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാവിന്റെ പട്ടാമ്പി കോളേജും വാഴ്ചയൊഴിഞ്ഞ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു സ്ഥാപിച്ച തൃപ്പൂണിത്തുറെ സംസ്കൃതകോളേജും ഇല്ലായിരുന്നെങ്കിൽ ഇന്നു 'വ്യുൽപത്തി'യുടെ കഥാപോലും കേൾക്കുമായിരുന്നില്ല.

മുരിയൻകോത.

# അമ്മായി അമ്മ.

## (പ്രഹസനം.)

## രാഗം 3.

കഥാപാത്രങ്ങൾ:—

(1) ശങ്കരൻ.

(2) വാലിയക്കാരൻ കുഞ്ചു.

(3) വാലിയക്കാരൻ കൃഷ്ണൻ നായർ.

(4) ഗോപാലപ്പണിക്കരുടെ മരുമകളായ കുഞ്ഞിക്കുട്ടി അമ്മയും ഗോവിന്ദപ്പണിക്കരും.

[മല്ലികാരാമത്തു വീടിൻെറ ഒരു ഇറയം. ശങ്കരൻ ചെവി തലോടിക്കൊണ്ടിരുന്നു കരയുകയാണു്. കുഞ്ചു പിന്നിൽക്കൂടെ ഒച്ചയുണ്ടാക്കാതെ, ഇളിച്ചുകൊണ്ടു, പെരുവിരലിന്മേൽ കാൽ നീട്ടിനീട്ടിവെച്ചു് വന്നു്, ശങ്കരനെ ഒന്നു പ്രദക്ഷിണം വെച്ചു്, ഒരു കൈകൊട്ടലോടുകൂടി ശങ്കരൻെറ ചെവിയിൽ 'പൂയ്' എന്നൊരു കൂകൽ. ശങ്കരൻ ഒന്നു ഞെട്ടി കുഞ്ചുവിൻെറ മുഖത്തേയ്ക്കൊരു നോട്ടം നോക്കി വീണ്ടും കരയാൻ തുടങ്ങുന്നു. കുഞ്ചു പിന്നോക്കം മാറി വീണ്ടും അടുത്തു.]

'ന്തേ അപ്പോ' പൊന്നീച്ച പാറുന്നോ ചെവീന്നു്? ഏതോ ചെവീലു നക്ഷത്രം കാണണ്?

ശങ്കരൻ:—ദേ കുഞ്ചോ!

കുഞ്ചു:—വെളവു് കൊറയ്ക്കെടാ!

ശങ്കരൻ:—എന്താണ്ടാ വെളവു! [പിടഞ്ഞെഴുന്നേൽക്കുന്നു.]

കുഞ്ചു:—[ചിരിച്ചുകൊണ്ടു്] പാവം, ദ കണ്ടോ ചെവി? ഇന്നു് ദിട്ടു് തിരിച്ചിട്ടേ ഏമാൻ മച്ചിൻെറ പൂട്ടു തൊറന്നേ? അയ്യോ! ഞാനൊന്നു തലോടിത്തരണോ?

ശങ്കരൻ:—പോടാ കടന്നു്! [കുഞ്ചു പിന്നേയും പല ഗോഷ്ഠികൾകാട്ടി ശങ്കരനെ ശുണ്ഠി പിടിപ്പിക്കുന്നു. ഒരു ചെറിയ അടിപിടിയുള്ള ഒരുക്കത്തിൽ ഇരു ഭാഗത്തും കൈ വെയ്ക്കുവാൻ തുടങ്ങുന്നതിനു മുമ്പായി കുഞ്ഞുകുട്ടിയമ്മയും ഗോവിന്ദപ്പണിക്കരും അവിടെ വരുന്നു. രണ്ടുപേരുടേയും മുഖത്തു് ഒരടക്കിപ്പിടിച്ചുള്ള ചിരി. ശങ്കരനും കുഞ്ചുവും പെട്ടന്നനെ ശാന്തരായി അബദ്ധമായ നാട്യം നടിക്കുന്നു. കുഞ്ചു എന്നാലും ഇളകാതിരിക്കുന്നില്ല.]

ഗോവി: പണി:—കുഞ്ചു 'ത്ര സന്തോഷിക്കേണ്ടോന്നും വേണ്ട. നാളെ കുഞ്ചുനും' ഭന്നാവും ഗതി.

കുഞ്ചു:—അല്ല, കൊച്ചേമാരന്ന, ചങ്കരൻ വല്യേമാന്റെ സൊന്തം ആളല്ലേ? അപ്പോ, എങ്ങന് ായാലും അവന്റെ കഴിച്ചിട്ടല്ലേ ഞങ്ങക്കൊക്കെ 'ണ്ട' പ്പോ?

കുഞ്ഞികുട്ടിയമ്മ:—ഒന്നിവിടെ വരോ ശങ്കരാ നോക്കട്ടെ. [ശങ്കരന്റെ ചെവി നോക്കി അടക്കിയാലും അടങ്ങാത്ത ചിരിയോടുകൂടി] പാവം! എന്താ കാട്ട്? ഇവിടന്നിത്തിരി വെളിച്ചെണ്ണ എടുത്തു പെരട്ടിക്കോളോ ശങ്കരാ. വേദന വല്ലാണ്ടുണ്ടോ? [വീണ്ടും ചിരിക്കുന്നു.]

ഗോവി: പണി:—എന്താ, കാപ്പോളും കുഞ്ചുനെപ്പോലെ സ്യായാലോ കാപ്പോളേ? [ചിരിഅടക്കിക്കൊണ്ട്] കുഞ്ചു അങ്ങാട്ടെങ്ങാനും പൊയ്ക്കോളോ. ശങ്കരന്റൊ അടുത്തു നിക്കണ്ട. [കുഞ്ചുപോകുന്നു.] ഒട്ടുക്കം അമ്മായ്യേ താക്കോല് കണ്ടുപിടിച്ചേ, അല്ല ശങ്കരാ?

കുഞ്ഞുകുട്ടിയമ്മ:—എന്തൊക്കെ പറഞ്ഞാലും, അമ്മായിക്കു ശങ്കരനെ വല്യ കാര്യാണേയ്. അപ്പഴക്കും എത്തില്ലേ അങ്ങട്ട്? അമ്മായി വന്നില്ലെങ്കിലോ ശങ്കരാ?

ഗോവി· പണി:—ഏയ്, കാപ്പോള്ക്ക് 'ദ്' പിന്നേം പിന്നേം ങനെ—കഴിഞ്ഞില്ലേ ഈശ്വരാ! നോക്കേ' കാപ്പോളക്കു ഇനീം ചിറി നിക്കണില്യ. ഇതൊക്കെ ഇവിടെ പതിവല്ലേ? [പതുക്കെ ചിരിച്ചുകൊണ്ടു പോകുന്നു. പിന്നാലെ തല താഴ്ത്തികൊണ്ടു ശങ്കരനും. ഉടനെ കുറെ പൊതികളും മാറാപ്പും കൊണ്ടു കൃഷ്ണൻനായർ അങ്ങാടിയിൽനിന്നു വന്നുകയറുന്നു.]

കൃഷ്ണൻനായർ:—മത്യോ മതി! ദാ കുഞ്ഞുകുട്ട്യമ്മേ ഇളെപ്പണി കിട്ട്ണനായർക്കു വേണ്ടാ. നാണോടും മാനോടും കേട്ടു. പീട്യേലക്കുങ്ങടു ചെന്നു കേറണ്ട താമസം മാപ്പിള ചോദിക്കണ കേട്ടില്യച്ചോ? "ദ്ദെവയ്ണാണ്ടോ നായരേ കേറി വരണേ" ന്ന്.

കുഞ്ഞുകുട്ടിയമ്മ:—[ചിരിയെല്ലാം മാറി മുഖം ഗൌരവസമ്പൂർണ്ണമാകുന്നു.] ഏ! എ! ഇ കൃഷ്ണൻ നായരേ?

കൃഷ്ണൻനായർ:—ഏല്ലാ ന്നേയ് അഞ്ചാറുമാസത്തെ സാമാനം മേടിച്ചേന്റെ വഹ കൊടുക്കേണ്ടത്ര മാപ്ലക്ക്. മല്പികാരാമത്തു പ്രളയം കേറാറായീന്നല്ലേ മാപ്ല തിക്കും തെരക്കും കൂട്ടണ കേട്ടാൽ തോന്ന്?

കുഞ്ഞുകുട്ടിയമ്മ:—ന്തേ, പീടികക്കാരൻ പറഞ്ഞേ?

കൃഷ്ണൻനായർ:—പറേണതെന്താ? ന്താപറേണ്? 'ന്' ങ്ങട്ട് സാമാനം

വേടിക്കാൻ വരണ്ടാ ന്ന ന്നേ. 'ന്ത്രുലഫല' അവൻ കൂട്ട്യേ? മേലത്തെ തൊലി ഉരിച്ചില്ലേ അവൻ? ഹൈ: എത്രാളേള ണ്ടാ ന്നേ അവടെ? ഒന്നുല്ല്യെങ്കിൽ വല്ല്യേമാന്നേ ആലോചിക്കണ്ടേ? [കുഞ്ഞുകുട്ടിയമ്മയുടെമുഖം വല്ലാതെയാകുന്നു.] ട്ടന്നേ ന്നാള പാലുമേടിക്കാൻ ചെന്നപ്പോ ആ പാട്ട്യമ്മ്യാരും. തേച്ചാലും കുളിച്ചാലും പോവേപാ ഇവററ പറേണ ഓരോ വാക്കുകളുണ്ട്? വേണ്ട, ഇപ്പണി, വേണ്ട. ഇരുപത്തഞ്ചു കൊല്ലായി ഞാൻ ഇവടെ വന്നിട്ട്. ങ്ങനെ തോന്നണില്യ. 'ന്റ പ്പാ.'

കുഞ്ഞുകുട്ടിയമ്മ:—ഞങ്ങളെന്താ കൃഷ്ണൻനായരെ കാട്ടണ്ട്!

കൃഷ്ണൻനായർ:—നിങ്ങളൊന്നും കാട്ടണന്നല്ലാ പറഞ്ഞേ. ഇവററ പറേഞ്ഞേന്ന് പറ. ഇവടെ പേടിച്ചിട്ടുണ്ടെങ്കില്'ന്താ കൊടുക്കലില്യേ ശരിയ്ക്കു്? മാപ്പളയ്ക്കു് ഉണ്ടികേല്യ്, പാട്ടിക്കു വാഴക്കേടെയ്ക്കില്യ്! ത്രേ വ്യത്യാസള്ളേപാ. ആയിരം ആയിരക്കണക്കിനാ. പിന്നെന്താത്ര ദ്വേഷിച്ചുട്ടാൻ ള്ളതു്? കൊടക്കില്ലാച്ചാൽ നിരീക്കണം.

കുഞ്ഞുകുട്ടിയമ്മ:—ഇങ്ങനെ ഓരോരുത്തരടെ കയ്യീന്നു കിട്ടണതല്ലേ കൃഷ്ണൻനായരേ അവക്ക്? കൊടുക്കണ്ടോരു കൊടുക്കാഞ്ഞാ ശുണ്ഠിവരില്ലേ, ആക്കായാലും?

കൃഷ്ണൻനായർ:—അതെന്റെ മേര്യാ 'ന്നാല്യ'?

കുഞ്ഞുകുട്ടിയമ്മ:—കൃഷ്ണൻനായരെയല്ല അവരു ശകാരിക്കണതു്. ഞങ്ങളെയാണ്.

കൃഷ്ണൻനായർ:—അഹ്ാ! ഹല്യേമാ:ന്നം അ:മ്മം ഒക്കെ ഇവററങ്ങളങ്ങനെ ശകാരിക്ക. അതു ഞാനങ്ങനെ കേക്കാം. അല്ലേ? വേണ്ട, എന്നെന്നെ ശകാരിച്ചോട്ടെ. വേടിച്ചുകൊണ്ടരണതൊക്കെ ഞാനല്ലേ? അപ്പോ, പണം വേടിച്ചുകൊണ്ടു കൊടുക്കണ്ടതും ഞാനല്ലേ?

കുഞ്ഞുകുട്ടിയമ്മ:—കൃഷ്ണൻനായരു ഇപ്പറേണതും ശരിയല്ല. ഞങ്ങളു തന്നോടല്ല കൃഷ്ണൻനായരു കൊണ്ടു കൊടുക്കപാ 'ന്നു് അവക്കറിഞ്ഞുകൂടേ?

കൃഷ്ണൻനായര്:—ഓ ഒരറിവു്! 'ങ്ങനെണ്ടോ' ന്ന്? അറിവുണ്ടായിട്ടാ ഇപ്പറേണതൊക്കെ.

കുഞ്ഞുകുട്ടിയമ്മ:—കൃഷ്ണൻനായരു ശുണ്ഠി 'ടുക്കണ്ട. ഞങ്ങൾക്കിപ്പോ അതൊക്കെ കേക്കണം.

കൃഷ്ണൻനായര്:—ഹാ, ഞാൻ അവരോട്യൊക്കെ ഇങ്ങട്ട വിളിച്ചോണ്ട

രാം. നല്ലോണാ പറഞ്ഞോട്ടേ. നല്ലോണാ കേട്ടോളിൻ. ഞാൻ ഒന്നും പറയാൻ പോണില്യ. അയ്യയ്യേ ! എരപ്പ്! എരപ്പ്! [പോകുന്നു]

കുഞ്ഞുകുട്ടിയമ്മ:— 'ന്താ നിവേണ്ടു് ഈശ്വരാ! എത്ര കാലായി ഇങ്ങനെ? അമ്മാമൻ എന്തെങ്കിലും അറിഞ്ഞണ്ടോ? നല്ലനേരം നോക്കി അമ്മായിയോടു്—തൊണ്ണൂറാമത്തെ തവണയാണ്.— 'ന്നാലും പറയന്നെ. അമ്മായി വിചാരിച്ചാൽ സാധിക്കാത്തതൊന്നുമല്ല. കൊറച്ചവർക്കുള്ള 'ദിൻെ്റാക്കെ? ഞങ്ങടെ നല്ല കാലത്തിനു് എപ്പോഴാ അമ്മായിക്കു നല്ലതു തോന്ന് 'ന്നു ത്രുപല്യാലോ. എന്തായാലും ഗോവിന്നൻ ഒന്നും അറിയണ്ട.

[തിരശ്ശീല]

---

## രംഗം ൪.

കഥാപാത്രങ്ങൾ:—

(1) പാർവ്വതിയമ്മ.

(2) ഗോവിന്ദപ്പണിക്കർ.

(3) മീനാക്ഷി.

[ഗോപാലപ്പണിക്കരുടെ പത്തായപ്പുരയുടെ ഇറയം. പാർവ്വതിയമ്മ ഒരു കടലാസുപൊതിയും കയ്യിൽ പിടിച്ചുനിന്നു വിളിക്കുന്നു.]

പാർവ്വതിയമ്മ:— കൃഷ്ണൻനായരേ ! ......കൃഷ്ണൻനായരേ ! ......അസത്തുക്കള്! ഒരെണ്ണത്തിനെ ആവശ്യത്തിനു വിളിച്ചാ കാണോ ?...... കൃഷ്ണൻനായരേ !........

ഗോവിന്ദപ്പണിക്കർ:—[പ്രവേശിച്ച്] ന്താ അമ്മായി, വേണ്ടതു്?

പാർവ്വ: അമ്മ:— [വാത്സല്യം, ബഹുമാനം, ആർദ്രത എല്ലാം കൂടിക്കുഴഞ്ഞുള്ള ഒരു സമ്പ്രദായത്തിൽ] അ:, ആയുസ്സു നന്നേ'ള്ള കുട്ടത്തിത്തന്നാ. നന്നായി വരട്ടേൻെ്റ ഈശ്വരാ! ഗോവിന്ദപ്പണിക്കരെ ഒന്നു കാണ്ണും 'ച്ചിട്ടന്നേ. അമ്മാമൻ കൊറച്ച നേരായി വിളിക്കുണു.

ഗോവി: പണി:— അമ്മാമനോ? എന്തിനാ? [പത്തായപ്പുരയിലേക്കു നേരെ ചെല്ലുവാൻ തുടങ്ങുന്നു.]

പാർവ്വ: അമ്മ:— അല്ലാ, പോണ്ടാ; ഇപ്പൊ നീ അങ്ങട്ടു പോണംന്നില്യാ. ഒരു കാര്യം പറയാനേ. ഇതാ, ഈ ഉറപ്പിക ഒന്നു മദിരാശീലോളം അയയ്ക്കണം. ഇന്നന്നെ പോണംന്നാ പറഞ്ഞെ. ഗോവിന്നനെ

വിളിച്ച് എല്ലിച്ചോളോ; ന്നാ ഒക്ക ശരിയാവുംന്നു പറഞ്ഞു. ദാ [ഉറപ്പികപ്പൊതി നീട്ടുന്നു.]

ഗോവി: പണി:—എത്രേണ്ട ദില്ലു്?

പാർവ്വ: അമ്മ:—ഇരുന്നൂറു്. അതാണു പണിക്കരന്നെ വേണംന്നു പറഞ്ഞതു്.

ഗോവി: പണി:—അല്ലെങ്കിലും ഞാൻ തന്ന്യല്ലേ പതിവു്?

പാർവ്വ: അമ്മ:—അതല്ലാഞ്ഞിട്ടല്ല. അപ്പൊ, ഇന്നന്നെ പോവില്ലേ ഇതു്? പണം കിട്ടാൻ ധൃതിയായിന്നാ കുട്ടൻ എഴുതീരിക്കണു്.

ഗോവി: പണി:—കുട്ടന്റെ മേൽവിലാസം മാറീട്ടൊ ന്നുല്യല്ലോ?

പാർവ്വ: അമ്മ:—ഇല്ല; ഇല്ല്യാന്നാ തോന്നണേ. എഴുത്തിന്റെ മോളള് ഇംഗ്ലീഷിലെന്തോ എഴുതീട്ടുണ്ട്. ദാ, നോക്കാം.

ഗോവി: പണി:—ഇല്ല്യാ മാറീട്ടില്ല്യ.

പാർവ്വ: അമ്മ:—ചേട്ടനേം, എഴുത്തു കാണിക്കണം ന്നു് എഴുതീട്ടുണ്ട് കുട്ടൻ. അല്ല, പണിക്കരേ, ഞാൻ ആലോചിക്കാറുണ്ടു് ചെലപ്പോക്കെ, പണിക്കരില്ലാണ്ടു് ഈ കുട്ടനു് ആ മദിരാശീല്യ് എങ്ങനു്, ഒറക്കം വരു്ാ ന്നു്. അങ്ങനെ, ഒന്നായിട്ടല്ലേ, നിങ്ങളിവടെ കഴിഞ്ഞേതന്നേ?

ഗോവി: പണി:— ഉം.

പാർവ്വ: അമ്മ:— അ:, മീനാക്ഷിടേം ഒരെഴുത്തു തപാലിലിടാൻ ണ്ടു്ന്നു് പറഞ്ഞു. അവളതു പശവെച്ചോ്ാ ആവോ. ന്നാ പണിക്കർക്കും വല്ലതും എഴുതണങ്കിൽ അതിലന്നെ ഇട്ടയച്ചോാന്നു. മീനാക്ഷി! ......

[അണിയറയിൽനിന്നു്] എന്തു്! ........

പാർവ്വ: അമ്മ:—നിന്റെ എഴുത്തെവ്ട്യടാ എട്ടനുള്ളതു്? ദാ, ഗോവിന്നേട്ടൻ തപാല്ലേല്ല്യ്ക്കു പോണണ്ടു്, ഇങ്ങട്ടു് വേഗം കൊണ്ടാ.

മീനാക്ഷി:—ദാ, വരു്ായി.

ഗോവി: പണി:—പതുക്കെ മതി, പതുക്കെ മതി. നേരം അത്ര വൈകീട്ടൊന്നുല്യ.

[മീനാക്ഷി എഴുത്തും കൊണ്ടുപ്രവേശിച്ച് അമ്മയുടെ കയ്യിൽ കൊടുത്തു മാറിനില്ക്കുന്നു.]

പാർവ്വ: അമ്മ: - നീയെന്തൊക്ക്യാ എഴുതീട്ടുള്ളതു് ഇതില്, വായിച്ചുകേട്ടില്ല്യ ഞാൻ. അവളുടെ കയ്യക്ഷരം എത്ര അസ്സലാ, അല്ലേ, ഗോവിന്ദപ്പണിക്കരേ? ഗോവിന്നേട്ടന്റെ വർത്തമാനോം കാണിച്ചിട്ടില്ലേ മീനാക്ഷി?

മീനാക്ഷി:—[ഈൎഷ്യാലജ്ജകളോടുകൂടി] ആവോ? [തിരിഞ്ഞുനടക്കുന്നു.]

ഗോവി: പണി:—തന്നേയ്ക്കു, പോയ്ക്കുളയാം.

പാൎവ്വതിഅമ്മ—ഇന്നന്നെ് പോവണെ. [എഴുന്നീറ്റു കൊടുക്കുന്നു.]

ഗോവി: പണി:—അഃ അഃ ഇന്നതാപോവും [പാൎവ്വതിയമ്മ പോകുന്നു.]

ഗോവി: പണി:—[ആത്മഗതം] ഇതെന്റെ കയ്യോണ്ടന്നെ വേണ്ടിവരുന്നതാണു് വലിയ നേരമ്പോക്കു്. പക്ഷേ എനിക്കതിലും യാതൊരസ്ഖിതേം ഇല്യ. അന്നു അമ്മാമനോടു് എനിക്കു പഠിച്ചാകൊള്ളാം നുണ്ടു് നു പറഞ്ഞപ്പോ, ന്തേ അമ്മാമൻ പറഞ്ഞതു് ഗോവിന്ദനു് പ്പൊന്തോ എഴാംക്ലാസ് പാസായില്യ? മേൽവിലാസം എഴുതാനും മിച്ചാരം പിരിക്കാനും, പിരിവിന്റെ കണക്കെഴുതാനും, പലിശകൂട്ടാനുള്ളതൊക്കെ ആയില്ല്യേ? അതു മതി. അങ്ങന്യൊക്കെ പഠിപ്പിക്കണെങ്കിൽ പണം ശ്ശി വേണ്ടേ? എവടു്ന്നാ അതൊക്കെ!" നു് ഇപ്പൊഴോ? മാസം നൂറിനും, വേണെങ്കിൽ ഇരുനൂറിനും ഒരുക്ഷാമോല്യ. അന്നമ്മായ്യ്യോന്നു മനസ്സിരുത്ത്യാ മതിയായിരുന്നു. അമ്മായീം എന്നെ സംബന്ധിച്ചേടത്തോളം, ഒരു വിളക്കുകാലുമ്പ്ലു ചങ്ങലേം മണീം മേടിക്കണപോലെ, കാണാൻ കൊറച്ചെന്തെങ്കിലും വേണം നല്ലാണ്ടു് കൂട്ടലെന്തെങ്കിലും ഒന്നുവേണം നു വിചാരിച്ചില്ല ആയിക്കോട്ടെ. എന്റെ കാര്യം ഏതായാലും ഇങ്ങന്യായി. കുട്ടൻ നന്നാവണന്നെ എനിക്കൊരു പരിഭവോല്യ. സന്തോഷേള്ളു. മാത്രല്ല; ഇതെനിക്കൊരു പാഠോം ആണു്. എനിക്കു മരുമക്കളുണ്ടാവുമ്പോ, അവക്കെന്തൊക്ക്യാ ഉള്ളിലുതോന്നു്ന്നു് എനിക്കു നല്ലോണം മനസ്സിലാക്കാൻ സാധിക്കും. അങ്ങിനെ ഒരു കാലം എനിക്കുണ്ടെങ്കിൽ, അവക്കു നല്ലതു വരാൻ തക്കോണം പ്രവൃത്തിക്കാൻ തോന്നിക്കണെം ന്നേ ഞാൻ പ്രാൎത്ഥിക്കുന്നുള്ളു. പിന്നത്തൊക്കെ യോഗംപോലെ. [അണിയറയിലേക്കു നോക്കിയിട്ടു] കൃഷ്ണൻ നായരേ!...കൃഷ്ണൻ നായരേ...ആരാവടെ [പോകുന്നു.]

[തിരശ്ശീല]

സി. എ. കുഞ്ഞുണ്ണിരാജാ, ബി. എ.

# ആട്ടം.

താരകളല്ലിക്കാണ്മതാകാശമണൽത്തട്ടി
ലാരോമൽ സ്വർഗ്ഗസ്ത്രീകളാട്ടമാടുകയത്രേ.
അഴകിന്നവസാനമില്ലവർക്കീലോകത്തും
പൊഴിയുന്നിതാലജ്ജാമാധുര്യം മഴപോലെ.
തിങ്കളെന്നൊരു മഹാറാണിയെക്കാണ്മാനുണ്ട്
തൻകരം ചലിക്കുമാറാടുവാൻ നടുക്കിതാ
താരകൾ പഠിക്കുന്ന പാട്ടുപാടുന്നുണ്ടുപോൽ
ചാരുനക്ഷത്രാകൃതി പൂണ്ടൊരീനാകസ്ത്രീകൾ.

മർത്ത്യ നീ സ്വൈരംകെട്ട ജീവിതബഹളത്തി-
ലിത്തിരിനേരത്തോളമാശ്വസിക്കണമെങ്കിൽ,
സ്വാമി കെട്ടിയ സാക്ഷാൽക്കൊട്ടായിലെന്നും കാണാം
പ്രേമത്തിൻമാഹാത്മ്യത്തെ വാഴ്ത്തുമിദ്ദിവ്യോത്സവം.
ഒന്നരക്കാശെങ്കിലും ചിലവില്ല്യ,ള്ള ദൈവം.
തന്നെ കണ്ണുകൊണ്ടൊന്നു നോക്കിയാൽക്കാണാമാർക്കും.

കെ. കെ. രാജാ.

# ഗ്രഹനക്ഷത്രാദികളിൽ ജീവനോ?

ഭൂമിയിലൊഴിച്ചു വല്ല ഗ്രഹത്തിലും ജീവജാലങ്ങളുണ്ടോ? വളരെക്കാലമായി ജ്യോതിഷികന്മാൎക്കും രസതന്ത്രജ്ഞന്മാൎക്കും ജീവശാസ്ത്രജ്ഞന്മാൎക്കും ബുദ്ധിപീഡകമായിട്ടുള്ള ഒരു മഹാപ്രശ്നമാണു് ഇതു്. ദൂരദൎശനയന്ത്രം ഉപയോഗിച്ചു് ഗ്രഹനക്ഷത്രാദികളുടെ സ്വരൂപം നേരിട്ടു കാണാമെന്നുണ്ടെങ്കിൽ ഈ ചോദ്യത്തിനു മറുപടി പറയാൻ ക്ലേശമില്ല. പക്ഷേ ഭൂമിക്കും ഗ്രഹനക്ഷത്രാദികൾക്കും ഇടക്കു കിടക്കുന്ന നാനാധൎമ്മസങ്കുലമായ അന്തരീക്ഷം അങ്ങനെയുള്ള ദൎശനത്തിനു് പ്രതിബന്ധകമായിരിക്കുന്നു. തിരശ്ശീല പൊക്കിത്തരുവാൻ ആരുമില്ല. ജ്യോതിഷികന്മാൎക്കു്, അതുകൊണ്ടു ഒരുവഴിയേ ശേഷിച്ചിട്ടുള്ളു—കിട്ടിയേടത്തോളം ജ്ഞാനത്തെ പുരസ്കരിച്ചു് അഭ്യൂഹങ്ങൾ ചെയ്യുക മാത്രം.

ഭൂമിയിലെ സ്ഥിതി നോക്കുമ്പോൾ ജീവസന്ധാരണത്തിനു് ആവശ്യംവേണ്ടവ, മിതമായ സൂൎയ്യരശ്മി, ഊഷ്മാവു, പ്രാണവായുവും ഇംഗാലാമ്ലവും ഇടകലൎന്നുള്ളൊരു വാതകമണ്ഡലം, ജലസന്നിധാനസൂചകമായ ബാഷ്പം, എന്നിവയാകുന്നു. നവഗ്രഹങ്ങളിൽ ഒന്നിലെങ്കിലും ഇവയൊന്നിച്ചുള്ളതായറിയുന്നില്ല. കുജനിലും (Mars) ശുക്രനിലും (Venus) ജീവികൾ ഉണ്ടായിരിക്കാമെന്നു് ഏതാനും ജ്യോതിഷികന്മാർ ഒരു കാലത്തു സംശയിച്ചിരുന്നു. ആധുനികന്മാരുടെ ഉപരിജ്ഞാനം ആ സംശയവും നിരാസ്പദമാണെന്നു വരുത്തിയിട്ടുണ്ടു്.

ഇക്കാൎയ്യത്തിൽ സർ ജേയിംസ് ജീൻസിൻെറ ഊഹം രസാവഹമാണു്. ഏതുകാലദേശാവസ്ഥകളിലാണു ജീവധാരണം കേവലം അസാദ്ധ്യമായിരിക്കുകയെന്നു പരിച്ഛേദിക്കുവാൻ കഴിയാത്ത മട്ടിൽ അത്രകണ്ടു വൈചിത്ര്യവും വൈവിധ്യവും ഭൗമചരാചരങ്ങളിൽ നാം കാണുന്നുണ്ടല്ലോ. ആ സ്ഥിതിക്കു മററു ഗ്രഹങ്ങളിൽ ജീവജാലങ്ങൾ ഒന്നുമില്ലെന്നു ഖണ്ഡിച്ചു പറയാമോ? 'പ്രയാസം' എന്നേ ഉത്തരമുള്ളു. ഒന്നു നിശ്ചിതമാണു്. ഇവിടെക്കാണുന്ന ജീവജാലങ്ങളൊന്നും മറെറാരിടത്തില്ലെന്നുള്ളേടത്തോളം. ഒരുപക്ഷേ ഇതരഗ്രഹവൎത്തികളായ ചേതനാചേതനങ്ങൾ എന്തോ വിസ്മനീയമായ രൂപഭാവങ്ങൾ അവലംബിച്ചിട്ടുണ്ടെങ്കിലോ?

രസതന്ത്രജ്ഞന്മാരും ജീവനശാസ്ത്രജ്ഞന്മാരും മറെറാരു വഴിക്കു് അന്വേഷണം നടത്തുന്നുണ്ടു്. ഇംഗാലവും അബ്ജനകവും കൂടിയുണ്ടാകുന്ന സങ്കീൎണ്ണപദാൎത്ഥങ്ങൾ(carbohydrate)പ്രാണസന്ധാരണത്തിനു ഒഴി

ച്ചുകൂടാത്തവയാണ്. 'പ്രോട്ടോപ്ലാസം' എന്നറിയപ്പെടുന്ന മൌലികവസ്തുവിൻെറഘടകങ്ങളിൽ പ്രധാനം ആ സങ്കീർണ്ണപദാർത്ഥങ്ങളാണെന്നു കാണുന്നു. അവയിൽ ഇംഗാലത്തിൻെറ (carbon)സ്ഥാനത്തു് സികതാംശം (silicon) വരികയാണെങ്കിൽ ഉണ്ടാകാവുന്ന സങ്കീർണ്ണപദാർത്ഥങ്ങളും ഏതാണ്ടു പ്രാണാധായകങ്ങളായിരിക്കാമെന്നു ചില രസതന്ത്രജ്ഞന്മാർ ഊഹിക്കുന്നു. ഭൂമിയിൽ സികതാംശം ധാരാളമുണ്ടെന്നു പറയേണ്ടല്ലോ. സസ്യങ്ങളുടേയും ജീവജാലങ്ങളുടേയും ഗാത്രങ്ങളിൽ സികതാംശസംഭൂതങ്ങളായ പദാർത്ഥങ്ങൾക്കു കാര്യപ്പെട്ടസ്ഥാനമുണ്ട്. ചില പക്ഷികളുടെ ചിറകുകളിൽ 40 ശതമാനവും സികതാംശമാണെന്നു അറിയുന്നു. ഈ നിലക്കു് ഇംഗാലത്തിനുപകരം സികതാംശം കലന്ന ഒരു വക പദാർത്ഥങ്ങളെ അവലംബിച്ചുള്ള സസ്യങ്ങളും ജീവികളും അന്യഗ്രഹങ്ങളിൽ ഉണ്ടാകാൻ പാടില്ലേ എന്നാണ് ചില അമേരിക്കൻ രസതന്ത്രജ്ഞന്മാരുടെ ചോദ്യം. ആ ചോദ്യവും ജിൻസിൻെറ നിഗമനത്തിൽ കവിഞ്ഞുള്ളതല്ലെന്നുവേണം കരുതാൻ.

അടുത്ത കാലത്തു The science of Life എന്ന പേരിൽ ഹക്സിലിയും വെൽസ്സും മററുംകൂടി ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സയൻസിൻെറ തണലിൽനിന്നുകൊണ്ടു് ഊഹാപോഹങ്ങൾ ചെയ്യുന്നതിൽ ബഹുവിരുതനായ വെൽസ് ഭൌമജീവജാലങ്ങൾക്കു് പകരം നോക്കുവാൻ യോഗ്യതയുള്ള അനേകവിധം നവ്യങ്ങളായ ജീവജാലങ്ങളെ കല്പിച്ചു് അവയിലേതെങ്കിലും കുജശുക്രാദികളിൽ ഉണ്ടായിരിക്കാമെന്നു പറഞ്ഞു സമാശ്വസിക്കുന്നുണ്ട്. ചുഴിഞ്ഞു നോക്കിയാൽ അദ്ദേഹത്തിൻെറ ഭാവനാസൃഷ്ടികൾ മഹാപുരാണകർത്താക്കന്മാർ വാർത്തിറക്കിയ ദേവകിന്നരഗന്ധർവ്വാദികളുടെ പുതിയ "പതിപ്പു"കളല്ലാതെ ജ്യോതിഷികന്മാരും മററും അന്വേഷിച്ചു വരുന്ന ജീവികളാകാൻ തരമില്ല. നമുക്കു പരിചിതമായതിൽനിന്നും ഭിന്നമായിരിക്കാം ഇതരഗ്രഹവർത്തികളായ ജീവികൾ എന്നു പറയുമ്പോൾ ജീവൻ, ജീവിതം എന്നൊക്കെയുള്ള ശബ്ദങ്ങൾക്കു പുതിയ നിർവചനം കണ്ടെത്തേണ്ടിയിരിക്കുന്നു. മഹാനായൊരു ശാസ്ത്രജ്ഞൻെറ വാക്കുകൾ കേട്ടാലും:— 'Life on Mars would have to be so different in its character from the life we know that one would almost need another word for it.'

വിജ്ഞാനദാസൻ.

# തപാൽമുദ്രകളിൽ സാഹിത്യകാരന്മാർ.

നാണയങ്ങൾപോലെ തപാൽമുദ്രകളും ചരിത്രത്തിന്റെ അസ്ഥിഖണ്ഡങ്ങളാണെന്നു പറയാറുണ്ട്. രാജാക്കന്മാരുടേയോ ചക്രവത്തിമാരുടേയോ ജനാധിപത്യപ്രതിനിധികളായ വ്യക്തികളുടേയോ ചിത്രങ്ങൾ തത്തൽകാലദേശങ്ങളെ പ്രതിബിംബിപ്പിക്കുമാറു തപാൽമുദ്രകളിൽ കണ്ടാൽ അവയിൽനിന്നു ചരിത്രകാരന്മാക്കു പലതും കെട്ടിപ്പടുത്തുണ്ടാക്കാം. ക്ഷേത്രപ്രവേശനംപോലെയുള്ള വൻകാര്യങ്ങളുടെ സ്മാരകമായിറങ്ങുന്ന സ്റ്റാമ്പുകൾ കാലാന്തരത്തിൽ എത്ര വിലപിടിച്ച ചരിത്രലക്ഷ്യങ്ങളാകുകയില്ല?

പാശ്ചാത്യരാജ്യങ്ങളിൽ രാജസത്തമന്മാരെപ്പോലെയോ അവരെക്കവിഞ്ഞോ സാഹിത്യകാരന്മാക്കും തപാൽമുദ്രകളെ അലങ്കരിക്കുവാൻ ഭാഗ്യമുണ്ടായിട്ടുണ്ട്. ഇറ്റാലി, ജമ്മനി, ഇംഗ്ലണ്ട്, സ്പെയിൻ, റഷ്യ മുതലായ രാജ്യങ്ങളിൽ പരേതരായ മഹാകവികളുടെ ശതവഷപൂത്തികൾ ആഘോഷിക്കുക പതിവാണല്ലോ. ഗവർമ്മേണ്ടുകൾ അങ്ങനെയുള്ള ശുഭാവസരങ്ങളിൽ വിശ്വപൂജിതരായ കവികളുടെ ഛായകൾ വെച്ച തപാൽമുദ്രകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ദേശാഭിമാനം വർദ്ധിപ്പിക്കുന്നതിനും മഹാകവിസ്മരണകൾ ഉജ്ജീവിപ്പിക്കുന്നതിനും മററും ആ ചടങ്ങു എത്രകണ്ടുപകരിക്കുമെന്നു പറയേണ്ടതില്ലല്ലോ. നമ്മുടെ നാട്ടുകളിൽ മഹാകവിയശോരക്ഷകങ്ങളായി ഈവക പ്രസിദ്ധീകരണങ്ങളെന്നല്ല വെറും ശതവഷാഘോഷങ്ങൾപോലും ഇല്ലാതിരിക്കുന്നതു ശോചനീയമാകുന്നു.

ഇററലിയിൽ ശതവഷാഘോഷജ്ഞാപകങ്ങളായി പുറപ്പെട്ടിട്ടുള്ള തപാൽമുദ്രകൾക്കൊരു വിശേഷമുണ്ട്. കവികളുടെ ഛായകൾ മാത്രമല്ല അവയിൽ ഉണ്ടായിരിക്കുക. അവരുടെ കൃതികളിൽ നിതാന്തസുന്ദരങ്ങളായിട്ടുള്ള ഘട്ടങ്ങൾ ഉദാഹരിക്കുന്ന പല ചിത്രങ്ങളും സ്റ്റാമ്പുകളിൽ കാണാം. വെർജിൽ മഹാകവിയുടെ സ്മാരകമായി സ്റ്റാമ്പുകളിൽ Aeneid, Georgics, Bucolics എന്നീകാവ്യങ്ങളുടെ പ്രതിരൂപങ്ങളെന്നവണ്ണം ഒരു ചിത്രാവലിതന്നെ പ്രത്യക്ഷപ്പെട്ടു. വെർജിലിന്റെ കവനപാടവത്തെ സമ്പൂർണ്ണമായി അനുസ്മരിപ്പിക്കുവാൻ ആ ചിത്രങ്ങൾ മാത്രം മതി. ഹോറസ്, ഡാൻടി എന്നിങ്ങനെ മഹാരഥന്മാരായ സാഹിത്യകാരന്മാരെയെല്ലാം ഇപ്രകാരം ജനമനോദപ്പണത്തിൽ പ്രതിഷ്ഠിച്ച് ഇടക്കിടക്കു തേച്ചുമിനുക്കിക്കൊണ്ടിരിപ്പാൻ ഇററാലിയൻ ഗവർ

മ്മേണ്ടു വിശേഷിച്ചുത്സാഹിക്കുന്നുണ്ടു്. ഇന്നത്തെ ഇററലി പ്രപൂജ്യരായി കരുതുന്ന പന്ത്രണ്ടു സാഹിത്യകാരന്മാർ, ബൊക്കാഷ്യോ, മക്കിയാവല്ലി, സാപ്പി, ആൽപ്പിയേരി, പോസ്കോളോ, ലിയോപാർഡി, കാർഡൂച്ചി, ബോട്ടാ, ടാസ്സോ, പെട്രാക്ക്, അരിയോസ്ററോ, ഡാൻടി എന്നിവരാകുന്നു.

സ്പെയിനിൽ Don Quixote ൻെറ കർത്താവായ സെർവാൻടിസിൻെറ സ്ററാമ്പുകൾ വളരെ പ്രചരിച്ചിട്ടുണ്ടു്. ഡോൺക്വിക്സോട്ട് വായുപേഷിണിയോടു എതിർക്കുന്നതും മററും ആ സ്റ്റാമ്പുകളിൽ ചിത്രീകൃതമായിക്കാണാം. 1൯16-ൽ ആഘോഷിക്കപ്പെട്ട തൃതീയശതവർഷപൂർത്തിയുടെ അനുബന്ധമായി പുറപ്പെട്ട സ്ററാമ്പുകൾ സെർവാൻടിസ്സിൻെറ വെന്നിക്കൊടികൾപോലെ ഇന്നും യൂറോപ്പിൽ പ്രോല്ലസിച്ചുവരുന്നു. ഇപ്പോൾ നടക്കുന്ന ആഭ്യന്തരസമരത്തിൻെറ ആരംഭത്തിൽ മാഡ്രിഡിൽ പ്രചരിച്ച ഏതാനും സ്ററാമ്പുകളിൽ സെർവാൻടിസ് ഒരു മരക്കുതിരയുടെ പുറത്തു കയറിയിരിക്കുന്നതിൻെറ ചിത്രം ഉണ്ടായിരുന്നു. പോർത്തുഗാൽ ഗവർമ്മേണ്ടു ലൂയികമോയൻസ് എന്ന മഹാകവിയുടെ ചരിത്രം ദൃഷ്ടാന്തീകരിച്ചുകൊണ്ടു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സ്ററാമ്പുകൾ വളരെയുണ്ടു്. അവയിൽ ഒന്നിൽ ആ മഹാകവി, കപ്പലപകടത്തിൽപെട്ടു കടലിൽവീണു, തൻെറ മഹാകാവ്യത്തിൻെറ കൈയെഴുത്തുപ്രതി മുറുകെപ്പിടിച്ചുകൊണ്ടു നീന്തിത്തുടിക്കുന്ന വികാരോത്തേജകമായ കാഴ്ച ആലിഖിതമായിരിക്കുന്നു. ബ്രാങ്കോ എന്നുള്ള സുവിശ്രുതനായ ആഖ്യായികാകാരൻെറ ഉജ്ജ്വലപാത്രങ്ങളെ ആവഹിക്കുന്ന സ്ററാമ്പുകളും പോർത്തുഗാൽ ഗവർമ്മേണ്ടിൻെറ വകയാണു്.

റഷ്യൻ സ്റ്റാമ്പുകളിൽ കയറിയിട്ടുള്ള മഹാമതികൾ മാക്സിം ഗോർക്കി, ലിയോ ടോൾസ്റ്റോയി, കാറൾമാർക്സ്, പുഷ്കിൻ മുതലായവരാകുന്നു. ഇപ്പോഴത്തെ റഷ്യൻ ഗവർമ്മേണ്ടു് ഏററവും കാര്യമായി വെച്ചിട്ടുള്ളതു കാറൾമാർക്സിൻെറ സ്റ്റാമ്പുകളെയാണു്. അവയിൽ മാർക്സിൻെറ ചരിത്രത്തിൽ പല ഘട്ടങ്ങളും വിലിഖിതമായിട്ടുണ്ടു്. ഹൈഗേററിലുള്ള അദ്ദേഹത്തിൻെറ ശ്മശാനത്തെ ചിത്രീകരിക്കുന്ന സ്റ്റാമ്പിനു് ഒട്ടുവളരെ പ്രചാരം വന്നിട്ടുണ്ടു്. ഹൃദയം കുളുർപ്പിക്കുന്ന കവികളേക്കാൾ വയറു നിറക്കുന്ന മാർക്സിനു റഷ്യൻ ഗവർമ്മേണ്ടു കൂടുതൽ വില കല്പിക്കുന്നതിൽ ആശ്ചര്യമില്ല. അവിടത്തെ സഹൃദയന്മാർ

പുഷ്കിനും ടോൾസ്റ്റായിയും ഡോസ്റ്റവസ്കിയും എഴുതിയിട്ടുള്ള കാവ്യങ്ങളെയാണ് ഇന്നും വായിച്ചാനന്ദിക്കുന്നതെന്ന കാര്യം വിസ്മരിച്ചുകൂടാ.

ജർമ്മനിയിൽ ഗെഥേ, ഷില്ലർ, ലെസ്സിംഗ് മുതലായവരുടെ സ്മരണക്കായി സ്റ്റാമ്പുകൾ ഇറങ്ങിയിട്ടുണ്ട്. ആസ്ട്രിയാ, ഡെൻമാർക്ക്, നോർവേ, സ്വീഡൻ ഇത്യാദി രാജ്യങ്ങളിലും ഈ സമ്പ്രദായം നടപ്പിലില്ലെന്നില്ല. ഇബ്സന്റെ നാടകങ്ങളെ ഘോഷണം ചെയ്യുന്ന പല സ്റ്റാമ്പുകളും നോർവേയിൽ കാണാം. യൂറോപ്പിലെ മിക്ക രാജ്യക്കാരും ഇങ്ങനെ കവിപ്രശസ്തിമുദ്രകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇംഗ്ലീഷുകാർ ഇതഃപര്യന്തം അങ്ങനെ ചെയ്തിട്ടില്ല. ശതവർഷാഘോഷങ്ങളൊക്കെ വളരെ ഭംഗിയായി അവരും നടത്താറുണ്ട്. പക്ഷേ സ്റ്റാമ്പുകളിൽ കവികൾക്ക് സ്ഥലം കൊടുക്കുവാൻ അവർ മനസ്സലിഞ്ഞിട്ടില്ല. അവരുടെ കവികളെ മററു രാജ്യക്കാർ സ്റ്റാമ്പുകളിൽ പ്രതിഷ്ഠിച്ചു മാനിക്കാറുണ്ട്. ഗ്രീക്കുകാർ ബൈറണേയും ബെൽജിയൻ കോൺഗോക്കാര സ്റ്റാൻലിയേയും സാമോക്കാർ സ്റ്റീവൻസനേയും തപാൽമുദ്രകൾ വഴി ബഹുമാനിച്ചിട്ടുള്ളതു നോക്കുക. അതു കണ്ടാനന്ദിക്കുവാൻ ഇംഗ്ലീഷുകാർ മിടുക്കന്മാരാണ്.

ജേ. എം.

---

# അമ്മയുടെ സമ്മാനം.

(തുടർച്ച.)

V.

അന്നു അസാധാരണമായ ഒരു തലവേദനയോടുകൂടി പതിവിലും വളരെ നേരത്തെ വേലുനായർ ക്ലബ്ബിൽനിന്നു വന്നു. വന്നപ്പോൾ ഉമ്മറത്തു് ആരും ഉണ്ടായിരുന്നില്ല. അദ്ദേഹം അങ്ങുമിങ്ങും നോക്കാതെ, കട്ടിന്മേൽചെന്നു കിടക്കുവാനായി മുറിയുടെ വാതിൽ തുറന്നപ്പോൾ — ! മങ്ങിമങ്ങിക്കത്തുന്ന ആ വിളക്ക്, അഴിഞ്ഞുലഞ്ഞ തലമുടിയോടും അർദ്ധനഗ്നമായ ശരീരത്തോടുംകൂടിയ അവൾ, വിയർത്തൊലിക്കുന്ന ശരീരത്തോടും വിറക്കുന്ന അവയവങ്ങളോടും കൂടിയ അയാൾ!

അദ്ദേഹത്തിന്റെ തലവേദനയെങ്ങോപോയി! ദേഹത്തിൽക്കൂടി ഒരു മിന്നൽ പാഞ്ഞു കയറുന്നപോലെ തോന്നി. കണ്ണുകൾ കലങ്ങി മറിഞ്ഞു. കൈകൾ അരക്കെട്ടിലുള്ള കൊരടാവിന്റെ പിടിയിൽ ചെന്നു. രണ്ടു നിമിഷനേരം അദ്ദേഹം അങ്ങിനെ നിന്നു—പൊട്ടിത്തെറിക്കാറായ ഒരു അഗ്നിപർവ്വതംപോലെ! പതുക്കെപ്പതുക്കെ അദ്ദേഹം കൊരടാവിന്റെ പിടിയിൽ നിന്നും തന്റെ കൈകൾ വലിച്ചെടുത്തു. അദ്ദേഹത്തിന്റെ കണ്ണുകൾ അവളുടെ മേൽ പതിഞ്ഞു. അദ്ദേഹം അവളെ ഒന്നു നല്ലവണ്ണം നോക്കി – മദനാർത്തിയോടുകൂടിയ ആ കണ്ണുകൾ, വികാരോജ്ജ്വലങ്ങളായ ആ ചുണ്ടുകൾ, തുടുത്തു തുളുമ്പുന്ന ആ മാർവ്വിടം, അലയടിക്കുന്ന ആ തലമുടി! അവളുടെ പിന്നിലുള്ള ആ വലിയ നിലക്കണ്ണാടിയിൽ, ആ മങ്ങിയ വെളിച്ചത്തിൽ, തന്റെ രൂപം അദ്ദേഹം നിഴലിച്ചുകണ്ടു—കഷണ്ടിയുടെ ആക്രമണം അസാമാന്യമായി ചെന്ന ആ ശിരസ്സും, വെളിഷുമെങ്കിലും ചുളിവുവീണ ആ മുഖവും. രണ്ടു മിനിട്ടുനേരം ആ രണ്ടു ചിത്രങ്ങൾ അദ്ദേഹം മാറിമാറി നോക്കി. കത്തിക്കരിഞ്ഞ ഒരു കൊള്ളിപോലെ അദ്ദേഹത്തിന്റെ മുഖം കരിവാളിച്ചു. അദ്ദേഹം സാവധാനം പുറത്തേക്കു കടന്നു വാതിൽ ഓടാമ്പലിട്ടു.

തങ്കം കിടന്നുറങ്ങുകയായിരുന്നു. ലോകത്തിൽ തനിക്കാറവളായി ഇനി അവൾ മാത്രമേ ഉള്ളുവെന്ന ബോധത്തോടുകൂടി അദ്ദേഹം അവളെ സമീപിച്ചു. അവളെ ഉമ്മവെക്കുവാനായി കുനിഞ്ഞപ്പോളാണു്, അവളുടെ ആ നിശ്ചേഷ്ടമായ മുഖം മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തവിധം അദ്ദേഹം തെളിഞ്ഞു കണ്ടതു്! അവളെ ഉമ്മവെക്കാതെ തന്നെ അദ്ദേഹം അവിടെനിന്നു പോയി.

പിറേറദിവസം കാലത്തു് അദ്ദേഹം ആ വാതിൽ തുറന്നു തൻെറ ഗംഭീരസ്വരത്തിൽ പറഞ്ഞു: "നിങ്ങൾ രണ്ടു പേരും ആപ്പീസ്സുമുറിയിലേക്കു വരിൻ."

അവർ വരുന്നുണ്ടോ എന്നു നോക്കാതെതന്നെ അദ്ദേഹം നടന്നു. കുറച്ചു കഴിഞ്ഞപ്പോഴേക്കും അവർ രണ്ടു പേരും പതുക്കെപ്പതുക്കെ വന്നു. അവിടെ മേശക്കു ചുററും മൂന്നു കസാലകളും ഓരോന്നിൻേറയും മുമ്പിൽ ഓരോ കോപ്പ ചായയും ഉണ്ടായിരുന്നു.

"ഇരിക്കൂ, മിസ്ററർ ഭാസ്കരമേനോൻ" കസാല ചൂണ്ടിക്കാട്ടിക്കൊണ്ടു് അദ്ദേഹം പറഞ്ഞു. "ജാനകി ഇരിക്കൂ."

അവർ സങ്കോചത്തോടുകൂടി ഇരുന്നു.

"ചായ കുടിക്കൂ." അദ്ദേഹം തൻെറ കോപ്പയെടുത്തു.

ഭാസ്കരനു ഭയമായി. തൻെറ പാത്രത്തിൽ അദ്ദേഹം വല്ല വിഷവും കലക്കിയിരുന്നെങ്കിലോ!

"പല്ലുതേക്കാതെ ചായകുടിയ്ക്കുക . . . . " അയാൾ ഒഴിഞ്ഞുമാറുവാൻ നോക്കി.

"ചായ കുടിക്കൂ!" വേലുനായരുടെ ആ സ്വരം കേട്ടപ്പോൾ വിഷമെങ്കിൽ വിഷമെന്നു വെച്ചു് അയാളതു കുടിച്ചു.

"ജാനകി! ഇതാ ഇതിൽ ഒപ്പിടൂ." എന്നു പറഞ്ഞു് അദ്ദേഹം ഒരു കടലാസ്സും പേനയും നീട്ടി. ആ കടലാസ്സിൽ എഴുതിയിരിക്കുന്നതു് എന്തെന്നു നോക്കാതെതന്നെ അവൾ, അദ്ദേഹം പറഞ്ഞ സ്ഥലത്തു്, ഒപ്പിട്ടു.

"ഞങ്ങൾ തമ്മിലുള്ള വിവാഹബന്ധം ഇരുവരുടേയും താല്പര്യമനുസരിച്ചു വേർപെടുത്തിയെന്നാണു് ഇതിൽ എഴുതിയിരിക്കുന്നതു്." അദ്ദേഹം ഭാസ്കരനെ നോക്കിപ്പറഞ്ഞു: "ഇതിനു സാക്ഷിയായി നിങ്ങളും ഒപ്പു വെക്കണം."

അദ്ദേഹം കടലാസ്സും പേനയും നീട്ടിക്കാട്ടി. ഭാസ്കരൻ ആദ്യമൊന്നു സംശയിച്ചു്, അദ്ദേഹത്തിൻെറ മുഖത്തേക്കു നോക്കി. നിഷേധം നിഷ്പ്രയോജനമെന്നു് അയാൾക്കു മനസ്സിലായി. അയാൾ ഒപ്പിട്ടു. ആ കടലാസ്സു തൻെറ പോക്കററിലിട്ടതിനു ശേഷം അദ്ദേഹം പറഞ്ഞു:

"ജാനകി! നീ എൻെറ അടുക്കൽ വരുമ്പോൾ തെരുവിലെ തെണ്ടിപ്പെണ്ണിനെപ്പോലെ പിച്ചയായിരുന്നു. നീ പിരിഞ്ഞു പോകുമ്പോൾ അങ്ങിനെ പോവണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇരുപതിനായിരം ഉറുപ്പിക വിലകൊടുത്തു വാങ്ങിയതാണു് ഈ കെട്ടിടം. ഇതും, ഇതിലെ സ്ഥാവരജംഗമങ്ങളായ സർവ്വസ്വത്തുക്കളും നിനക്കു തരുന്നതിനു

പുറമെ ഇതാ 20,000 രൂപാക്കുള്ള ഈ ചെക്കും — (അവൾ കൈനീട്ടുവാൻ മടിച്ചു) "ഉം, വാങ്ങിക്കു," അദ്ദേഹം ശാസിച്ചു. കോപിഷ്ഠനായ ഉപാദ്ധ്യായൻ ചൂരലും ഉയർത്തിപ്പിടിച്ചു കല്പിക്കുമ്പോൾ അപരാധബോധയായ ബാലികയെന്നപോലെ അവൾ കൈകൾ നീട്ടിയപ്പോൾ ആ ചെക്ക് അദ്ദേഹം അവളുടെ കയ്യിൽ വെച്ചുകൊടുത്തു. അദ്ദേഹം തുടന്നു: "തങ്കത്തിനേയുംകൊണ്ടു ഞാൻ പോവുന്നു—"

"കുട്ടിയെ......" ജാനകി കയറിപ്പറഞ്ഞു. "ശരി, മിണ്ടാതെ നില്ക്കു" വേലുനായരുടെ അടക്കിപ്പിടിച്ചിരുന്ന സ്വഭാവം ഒന്നു കടിഞ്ഞാൺ വിട്ടു: "നിന്റെ സമ്മതം കിട്ടുവാൻ വേണ്ടിയല്ല ഞാനിതു പറഞ്ഞതു്: അവൾ ആരുടെ കുട്ടിയായാലും വേണ്ടില്ല, എന്നെയാണു ഈ രണ്ടു കൊല്ലമായി അവൾ അച്ഛനെന്നു വിളിച്ചു ശീലിച്ചതു്. മേലാലും അവളുടെ ചുമതല ഞാൻതന്നെ ഏല്ക്കുന്നു."

ഇത്രയുംപറഞ്ഞു അദ്ദേഹം എണീററു.

ജാനകി ചോദിച്ചു: "എന്റെ മകളെ വല്ലപ്പോഴും ഒന്നു കാണുവാനെങ്കിലും സമ്മതിക്കില്ലെ?"

"ഉം—?"— അദ്ദേഹം അവളെ ഒരു നോട്ടംനോക്കി—ദഹിപ്പിക്കുന്ന ഒരു നോട്ടം! കുറച്ചു കഴിഞ്ഞതിനുശേഷം അദ്ദേഹം പറഞ്ഞു: ശരി, അവളുടെ അച്ഛനാരായാലും അവളുടെ അമ്മ നീ മാത്രമാണെന്നുള്ള കാര്യം ഞാൻ മറന്നു. ഒരു കാര്യം ചെയ്യാം. ഞാൻ എവിടെയാണു സ്ഥിരതാമസമാക്കുന്നതെന്നു അറിയിക്കാം. ഈരണ്ടു കൊല്ലം കൂടുമ്പോൾ ഒരിക്കൽ നീ അവളെ വന്നുകണ്ടു പൊയ്ക്കൊള്ളു. നീ തനിയെ മാത്രമേ വരാവൂ. നിന്റെ മകളാണു തങ്കമെന്നു് എന്നവളെ നീ അറിയിക്കുന്നുവോ, അവളെ കാണുന്നതിനുള്ള നിന്റെ അവകാശം അന്നത്തോടെ അവസാനിക്കുകയും ചെയ്യും.

പോകാൻ ഭാവിച്ച അദ്ദേഹം തിരിഞ്ഞുനിന്നു പറഞ്ഞു: "മിസ്റ്റർ ഭാസ്കരമേനോൻ! പോകുന്നതിനു മുമ്പു നിങ്ങളോടും രണ്ടു വാക്കു്. തോൽമയെന്തെന്നു് അധികം അറിയാത്തവനും, തെററുപററിയാലും അതു സമ്മതിക്കാത്തവനുമാണു ഞാൻ. ഇത്തവണ തെററും തോൽവിയും സമ്മതിച്ചുതന്നെ ഞാൻ പോകുന്നു. വളരെ അകലേക്കാണു ഞാൻ പോകുന്നതു്. ഈ പ്രദേശത്തേക്കൊന്നും ഇനി വരികയില്ലതാനും. ജാനകിയോടുകൂടി ഇനിയൊരിക്കൽ നിങ്ങൾ എന്റെ മുമ്പിൽവരാൻ ഇടയായാൽ അന്നു ദൈവംതന്നെ നിങ്ങളെ രക്ഷിക്കട്ടേ. പിന്നെ, ഒരു ബന്ധുവിന്റേയും, സുഹൃത്തിന്റേയും, ആശ്രിതന്റേയും നിലയിൽ ഇരുന്നിട്ടു് ഒരു നികൃഷ്ടമായ എച്ചിൽപട്ടിയെപ്പോലെയാണു നിങ്ങൾ

പെരുമാറിയതു്. ഒരു ഭർത്താവിന്റെ നിലയിലെങ്കിലും നിങ്ങൾ ഒരു പുരുഷനെപ്പോലെ പെരുമാറുമെന്നു ഞാൻ ആശിക്കുന്നു."

അദ്ദേഹം പോയി. കുറച്ചു കഴിഞ്ഞു് ഒരു കാറിന്റെ ഹോണിന്റേയും ഒരു കുട്ടിയുടെ കരച്ചിലിന്റേയും ശബ്ദം ഒന്നിച്ചു കേട്ടപ്പോഴാണു് അവർ ഇരുവരും തല ഉയർത്തി പരസ്പരം നോക്കിയതു്.

## VI

മലബാറിലെ ഒരു ഉൾനാട്ടിലാണു വേലുനായർ പുത്രിയുമൊന്നിച്ചു താമസിച്ചിരുന്നതു്. കഴിച്ചിലിനു കഷ്ടപ്പാടില്ലാത്ത ഒരാൾ എന്നല്ലാതെ, മഹാധനികനായ ഒരാളാണു തീരെ 'മെരുക്കമില്ലാത്ത' ഈ മനുഷ്യനെന്നു് ആ പ്രദേശത്തുകാരാരും മനസ്സിലാക്കിയിരിക്കയില്ല. വൈകുന്നേരമായാൽ ആ സുന്ദരിയായ പെൺകുട്ടിയേയുംകൊണ്ടു് ആ 'മൊരമ്പ'നായ മനുഷ്യൻ 'നടക്കാൻ' പോകുന്നതു ചില സ്ത്രീകൾ വേലിപ്പഴുതിലൂടെ നോക്കിക്കാണാറുണ്ടു്.

അങ്ങിനെ കൊല്ലങ്ങൾ രണ്ടു കഴിഞ്ഞു. തങ്കത്തിന്റെ വയസ്സ് അഞ്ചായി.

ഒരു ദിവസം വസ്ത്രാഭരണവിഭൂഷിതയായ ഒരു സ്ത്രീ അവരുടെ സ്ഥലത്തു് ഒരു കാറിൽ വന്നിറങ്ങി. വന്നു രണ്ടു മണിക്കൂറിനുള്ളിൽ അവർ പോവുകയും ചെയ്തു. അവർ ആരെന്നോ വന്നതെന്തിനെന്നോ ആർക്കെങ്കിലും മനസ്സിലാവുകയോ ആരെങ്കിലും അദ്ദേഹത്തോടു ചോദിക്കുവാൻ ധൈര്യപ്പെടുകയോ ഉണ്ടായില്ല.

അവർ പോയതോടുകൂടി തങ്കം ഓടിവന്നു പറഞ്ഞു: "അച്ഛാ, എനിക്കു് ആ അമ്മ കൊണ്ടുതന്ന പാവക്കുട്ടികൾക്കു് എന്തൊരു ഭംഗ്യാ നോക്കു അച്ഛാ! ഇതിലൊക്കെ ഭംഗീണ്ടു് ആ അമ്മക്കു്."

വേലുനായർ ഒന്നും മിണ്ടാതെ അവിടെനിന്നും എണീററു പോയി.

പിറേറദിവസം വെളിച്ചമായപ്പോൾ തങ്കത്തിന്റെ പുതിയ പാവക്കുട്ടികളൊക്കെയുണ്ടു പൊടി പൊടിയായി കിടക്കുന്നു! അവൾ കരഞ്ഞുകൊണ്ടു് അച്ഛന്റെ അടുക്കൽ വന്നു. അന്നു വൈകുന്നേരം തന്നെ അദ്ദേഹം അവൾക്കു വളരെ നല്ല കുറെ പാവക്കുട്ടികളെ വാങ്ങി കൊടുത്തതിനു ശേഷമെ അവളുടെ വാശിയടങ്ങിയുള്ളു.

തങ്കം വലുതായി വരുംതോറും അവൾക്കു യഥാർത്ഥത്തിലുള്ള അവളുടെ അച്ഛന്റെ ഛായ തെളിഞ്ഞു തെളിഞ്ഞു വന്നു. അവളുടെ പ്രകൃതിക്കു് ആ പ്രസരിപ്പും ഉണ്ടായിരുന്നു. ചിലപ്പോൾ നായർ അവളെ തുറിച്ചുനോക്കുന്നതു കണ്ടു് ആ പാവപ്പെട്ട പെൺകുട്ടി പേടി

ച്ചിരണ്ടു് അദ്ദേഹത്തിൻെറ കഴുത്തിൽത്തന്നെ കെട്ടിപ്പിടിച്ചുകൊണ്ടു ചോദിക്കും: "അച്ഛാ, എൻെറ അമ്മയെവിടെ?"

അപ്പോൾ അദ്ദേഹം അവളെ തള്ളിമാററി പൊടുന്നനെ എണീററുപോവും.

## VII

കൊല്ലങ്ങൾ രണ്ടുകൂടി കഴിഞ്ഞു. പിന്നെയും ഒരു ദിവസം ആ സ്ത്രീ അവരുടെ സ്ഥലത്തുവന്നു. സുന്ദരങ്ങളും സുവിദഗ്ദ്ധങ്ങളുമായ അവളുടെ അലങ്കാരങ്ങൾക്കൊന്നും അകാലവാർദ്ധക്യത്തിൻെറ ആക്രമണത്തെ മറച്ചുവെക്കുവാൻ പററിയില്ല. അവളുടെ കണ്ണിൽ എഴുതിയ മഷിയേക്കാൾ കറുത്ത ചില രേഖകൾ അവളുടെ കണ്ണുകളുടെ താഴെ കണ്ടുതുടങ്ങി. സെൻ്റുകളുടേയും പൌഡറുകളുടേയും സുഗന്ധങ്ങളുടെ കൂടെ മദ്യത്തിൻെറ ഗന്ധവും തിക്കിത്തിരക്കിയതായി വേലുനായൎക്കു തോന്നി.

അദ്ദേഹം കുറച്ചു നേരം ഒന്നും മിണ്ടാതിരുന്നതിനു ശേഷം പറഞ്ഞു: "എൻെറ കുട്ടി അതാ ആ അകത്തിരുന്നു കളിക്കുന്നുണ്ടു് നിങ്ങളുടെ കയ്യിൽ കഴിഞ്ഞ തവണത്തെപ്പോലെ വല്ല സമ്മാനങ്ങളുമുണ്ടെങ്കിൽ അവയെ വെട്ടുവഴിയിലേക്കു വലിച്ചെറിഞ്ഞിട്ടു വന്നാൽ അരമണിക്കൂറു നേരം നിങ്ങൾക്കു് അവളുമായി സംസാരിക്കാം."

തൻെറ റിസ്റ്റ്‌വാച്ചു് നോക്കിക്കൊണ്ടു് അദ്ദേഹം അവിടെ നിന്നും പോയി.

ഒരു ഇരുപതു മിനിട്ടു കഴിഞ്ഞപ്പോൾ തങ്കം ഓടിവന്നു് അദ്ദേഹത്തിൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു പറഞ്ഞു: "അച്ഛാ, ആ നല്ല സ്ത്രീ പിന്നേം വന്നിട്ടുണ്ടു്. അവൎക്കെന്നെ എന്തൊരു ഇഷ്ടമാണച്ഛാ! അവർ ഇന്നു് ഇവിടെ താമസിക്കട്ടേന്നു്."

"ഇവിടെ താമസിക്കുവാൻ അവർ സമ്മതിക്കില്ല കുട്ടി"

"ഉവ്വ്, അച്ഛാ. അച്ഛൻ സമ്മതിച്ചാ അവൎക്കിവിടെ താമസിക്ക ഇഷ്ടമാണെന്നു പറഞ്ഞു."

"എന്തു്! അവർ അങ്ങിനെ പറഞ്ഞുവോ?" അദ്ദേഹം അവളുടെ പിടിയെ ബലം പ്രയോഗിച്ചു വിടുവിച്ചു് അവളെ താഴെ നിൎത്തിക്കൊണ്ടു പറഞ്ഞു: "അവരോടു് ഇവിടെയൊന്നു വരാൻ പറയൂ. നീ കൂടെ വരേണ്ട."

അവൾ വന്ന ഉടനെ അദ്ദേഹം പറഞ്ഞു. "ഇനി നിങ്ങൾ ഇവിടെ വരാൻ പാടില്ല."

"ഞാൻ......" അവൾ എന്തോ പറയാൻ ഭാവിച്ചപ്പോഴെക്കും അദ്ദേഹം കയൎത്തുപറഞ്ഞു.

"വേണ്ട, പൊയ്ക്കോളൂ. ഇനി ഒരിക്കലും നിങ്ങൾ ഇവിടെ വരാൻ പാടില്ല, മനസ്സിലായോ?"

അവൾ പോയി. അന്നു മുഴുവൻ അദ്ദേഹം തങ്കത്തിനോടു മിണ്ടിയിട്ടില്ല.

## VIII

കൊല്ലം ഒന്നുകൂടി കഴിഞ്ഞു. ഏതാണ്ട് പാതിരനേരമായി. വേലുനായർ തന്റെ മുറിയിൽ, കത്തിച്ചുവെച്ച വിളക്കിന്റെ മുമ്പിൽ, തന്റെ കൊരടാവു തിരുപ്പിടിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്നാണ് ഒരാൾ കയറിവന്നതു്.

തലയിൽനിന്നു മുണ്ടെടുത്തപ്പോഴേ അദ്ദേഹത്തിന് ആളെ മനസ്സിലായുള്ളു.

"നിങ്ങളോ? ഉം, എന്തു വേണം?"

അവൾ ഒരു പൊതി നീട്ടിക്കാട്ടി: "ഇതൊന്നു നോക്കു."

അവളുടെ വായ തുറന്നു കണ്ടപ്പോൾ വേലുനായർകൂടി ഒന്നു ഞെട്ടി! അവളുടെ ഉമ്മറത്തെ രണ്ടു പല്ലുപോയി, അവിടെ ചോര വട്ടു കെട്ടിയ ഒരു വലിയ വിടവുണ്ടായിരിക്കുന്നു. പെട്ടെന്ന് അവൾ ഒരു വൃദ്ധയായി!

"അതൊന്നു നോക്കു" അവൾ വീണ്ടും പറഞ്ഞു.

"നോക്കുന്നില്ല. എന്താണെന്നു പറഞ്ഞാൽ മതി."

"ശരി, എന്റേതായ യാതൊന്നും ഇനി തൊടുകയില്ലെന്നായിരിക്കും." കുറച്ചുനേരം മിണ്ടാതെ നിന്നതിന്നുശേഷം അവൾ തുടർന്നു: "എന്നാൽ നോക്കു, എന്റെ പല്ലുകളാണിവ. ആ ദ്രോഹി ചെരുപ്പുകൊണ്ടടിച്ചു എന്റെ പല്ലുകൾ കൊഴിച്ചു."

"ഏതു ദ്രോഹി!" അദ്ദേഹം പെട്ടന്നനെ എണീററു, തന്റെ കൊരടാവെടുത്തു.

"അയാൾതന്നെ. ആൎക്കുവേണ്ടി ഞാൻ എന്റെ മാനം വിററുവോ അയാൾ. എന്റെ പുരയിടവും പണ്ടങ്ങളും ഒക്കെ വിററു. മാത്രമല്ല—അങ്ങയോടെന്തിനു ഞാൻ മറച്ചുവെക്കണം!—അയാൾക്കുവേണ്ടി ഞാൻ വ്യഭിചരിച്ചു പണം സമ്പാദിക്കുകകൂടി ചെയ്തു. എന്നിട്ടും ദിവസവും ശകാരവും അടിയും. ഇതാ, ഇന്നലെ എന്റെ പല്ലു അടിച്ചു കൊഴിച്ചു."

അദ്ദേഹം വീണ്ടും തന്റെ കസാലമേൽതന്നെയിരുന്നു.

"ഇതൊക്കെ എന്നോടെന്തിനു പറയുന്നു? തേവടിശ്ശിത്തെരുവിൽ കള്ളുകുടിയന്മാർ തമ്മിൽതല്ലി പല്ലും തലയും കളയുന്നതു അറിയേണ്ട

തോ അന്വേഷിക്കേണ്ടതോ എന്റെ ചുമതലയല്ല. ഇതൊക്കെ എവിടെയാണെന്നു വെച്ചാൽ ചെന്നു പറഞ്ഞുകൊള്ളൂ, പൊയ്ക്കോളൂ."

"ശരി, അങ്ങയ്ക്കു ഇതൊക്കെ കേൾക്കേണ്ട യാതൊരു ചുമതലയുമില്ല, ശരിതന്നെ. ഞാൻ പോകുന്നു."

പുറംതിരിഞ്ഞതിനുശേഷം അവൾ വീണ്ടും തിരിഞ്ഞുനിന്നു: "എന്റെ കുട്ടിയെ അവസാനമായി ഞാനൊന്നു കാണട്ടെയോ? ഒരൊററ നോക്കു മതി!"

"വേണ്ട, അതാണു നല്ലതു്. നിങ്ങളുടെ ആകൃതി പ്രാകൃതമെന്നു മാത്രമല്ല, ഭയങ്കരംകൂടിയാണു്. അവൾ നിങ്ങളെക്കണ്ടാൽ പേടിക്കും. നിങ്ങൾ പൊയ്ക്കോളൂ."

"ശരിയാണു് അങ്ങു പറയുന്നതു്. ഞാൻ പോകുന്നു. ഞാൻ പോകയായി. ഇതാ, അവളുടെ ആ ഫോട്ടോവെങ്കിലും............"എന്നു പറഞ്ഞു ചുമരിന്മേൽ ഉണ്ടായിരുന്ന തങ്കത്തിന്റെ ഫോട്ടോ എടുക്കുവാനായി കൈ ഉയർത്തിയതോടുകൂടി അവൾ ബോധംകെട്ടു കെട്ടിമറിഞ്ഞു വീണു.

നായർ പരിഭ്രമിച്ചു. അദ്ദേഹം അവളുടെ നാഡി പിടിച്ചുനോക്കി നാഡിയിടിപ്പു തീരെ നിന്നിരുന്നില്ല. അദ്ദേഹം ഉടനെത്തന്നെ ഒരു ഡാക്ടർക്കു് ആളയച്ചു. വളരെ ആശങ്കയ്ക്കു വകയുള്ളതാണു് അവളുടെ സ്ഥിതിയെന്നാണു ഡാക്ടർ പറഞ്ഞതു്: വിദഗ്ദ്ധമായ ചികിത്സയും സുദീർഘമായ വിശ്രമവും ഉണ്ടെങ്കിൽ അവൾ രക്ഷപ്പെട്ടേക്കാമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു.

അന്നത്തെ രാത്രി മി. നായർ കിടക്കുകതന്നെയുണ്ടായില്ല. വളരെനേരം അദ്ദേഹം എന്തോ ആലോചിച്ചുകൊണ്ടിരുന്നു. പുലരാറായപ്പോഴെയ്ക്കും എന്തോ ഒരു തീരുമാനമുണ്ടായെന്നുള്ളതു തീർച്ചയാണു്. അദ്ദേഹത്തിന്റെ മുഖം അതു സൂചിപ്പിച്ചിരുന്നു.

വെളിച്ചമായ ഉടനെ രോഗിയെ നോക്കുവാൻ ഒരു നർസിനെ ഏല്പിച്ചതിനുശേഷം, തങ്കത്തിനെയുംകൊണ്ടു പുറത്തേയ്ക്കു പോകുന്നതു കണ്ടു. പിറേറന്നാൾ സന്ധ്യയോടുകൂടി അദ്ദേഹം മടങ്ങിവന്നപ്പോൾ കൂടെ കുട്ടിയുണ്ടായിരുന്നില്ല. അവൾ എവിടെ എന്നുള്ള ഡാക്ടരുടെ ചോദ്യം അദ്ദേഹം കേട്ടതായി നടിച്ചതുപോലുമില്ല.

(തുടരും)

ഉള്ളാട്ടിൽ ശങ്കരൻകുട്ടിമേനോൻ, ബി. എ.

# ഭാഷാവിഷയം.

## നായകീനായകന്മാർ.

ഈ പ്രയോഗം തമിഴനാടകത്തെ ഓൎമ്മപ്പെടുത്തുകയാണു്. "നായകിയെവിട്ടു്" എന്നിങ്ങനെ കോവലൻതമിഴ നാടകക്കാർ ഉച്ചത്തിൽപ്പാടുന്നതു കേൾക്കാറുണ്ടു്. നായകശബ്ദത്തിന്റെ സ്ത്രീലിംഗപദം തമിഴിൽ നായകി എന്നുതന്നെയാണെന്നു തോന്നുന്നുണ്ടു്. പക്ഷെ, മലയാളികൾ ദ്രാവിഡരുടെ ഈ പ്രത്യയം ചേൎന്ന നായകിയെ സ്വാഗതം ചെയ്യുക പതിവില്ല. അവർ നായികയെത്തന്നെയാണു് ഇഷ്ടപ്പെടാറുള്ളതു്. സംസ്കൃതവ്യാകരണത്തിന്റെ ഹിററ്ലറിസത്തിൽ ഭയമില്ലെങ്കിൽ വേണ്ട; നായകന്റെ അടുത്തു നില്ക്കുന്ന നായികയെത്തള്ളി നീക്കി തൽസ്ഥാനത്തു നായകിയെ നിറുത്തുവാനുദ്യമിക്കുന്നതു മൎയ്യാദയായിരിക്കുമെന്നു തോന്നുന്നില്ല

## കാമുകീകാമുകന്മാർ.

കാമിനീകാമുകന്മാരെന്നല്ലാതെ കാമുകീകാമുകന്മാരെന്നാരും സാധാരണമായി പ്രയോഗിക്കാറില്ല. കാമുകീശബ്ദത്തിനു 'വൃഷസ്യന്തി'യെന്നാണു് അമരകോശത്തിൽ പൎയ്യായം കാണുന്നതു്. സംഭോഗേച്ഛ പ്രത്യേകം പ്രസ്താവയോഗ്യമായ സന്ദൎഭത്തിൽ അങ്ങനെ പ്രയോഗിക്കാമോ ആവോ? പക്ഷേ സ്ത്രീക്കു സംഭോഗേച്ഛ സ്പഷ്ടമായിപ്പറയുകയും പുരുഷനു പറയാതിരിക്കുകയും ചെയ്യാലുണ്ടാകുന്ന വൈഷമ്യം ഇവിടെയുണ്ടാകും. കാമിനീകാമുകന്മാർ എന്ന പ്രയോഗം പ്രചുരപ്രചാരമാകയാൽ അവകാശവാദത്തിന്നും ഇനി വഴിയില്ല.

## വേഗത.

വേഗമുള്ളതായിരിക്കുക എന്ന അൎത്ഥത്തിൽ വേഗത എന്ന പ്രയോഗം സാധുവല്ലെന്നു സ്പഷ്ടമായിരിക്കെ അതിനെപ്പററി എടുത്തുപറയേണ്ടുന്ന ആവശ്യമേ ഇല്ല. വേഗശബ്ദം വിശേഷണമല്ല. 'ത' എന്ന തദ്ധിതപ്രത്യയം അതിൽ ഘടിക്കുന്നതുമല്ല. വേഗത്തിൽത്തന്നെ ഭാവേ ഘഞ് ഉള്ള സ്ഥിതിക്കു തല്പ്രത്യയം കൂടിച്ചേൎക്കുന്നതു അസ്ഥാനത്തിലാകുമെന്നു പറയേണ്ടതില്ലല്ലോ.

## ബഹുഭാൎയ്യാത്വം.

ബഹുഭാൎയ്യൻ എന്ന ബഹുവ്രീഹിപദത്തോടുകൂടി ത്വം പ്രത്യയം ചേൎത്തു ബഹുഭാൎയ്യത്വം എന്ന പദമുണ്ടാക്കുകയാണു പതിവു്.

ഇയ്യിടെ ചില നവീനസാഹിത്യകാരന്മാർ ബഹുഭാര്യാത്വം വ്യൽപാദിപ്പിച്ചു കാണുന്നതു കൌതുകാവഹംതന്നെ. "ഉണ്ണിക്കിടാങ്ങൾ പിഴച്ചുകാൽ വെക്കിലും—കണ്ണിന്നു കൌതുകമുണ്ടാം പിതാക്കൾക്കു" എന്നുണ്ടു്. നവോത്ഥിതന്മാരായ സാഹിത്യകാരന്മാർ കൺമിഴിയ്ക്കാതെ കുതിച്ചുപായുന്ന കാഴ്ച ഇന്നു പല ദിക്കിലും കാണ്മാനുണ്ടു്. അവരോടൊന്നു പറഞ്ഞു കൊള്ളട്ടേ! —"ചങ്ങാതിമാരേ! പതുക്കെ; അല്ലെങ്കിൽ പദസ്ഖലനം പററിയേക്കും."

ബഹുഭർത്തൃത്വം.

ഋകാരാന്തശബ്ദം ഉത്തരപദമായി വരുന്ന ബഹുവ്രീഹിയിൽ കപ് പ്രത്യയം ചേക്കണം എന്നു നിയമമുണ്ടു്. ഇതുപ്രകാരം ബഹുഭർത്തൃകാത്വം എന്നു വരാം. ബഹുഭർത്തൃത്വം ശരിയല്ലെന്നാരും അറിഞ്ഞിരുന്നാൽ നന്നു.

കല്യാണപന്ഥാവു, പുരോഗമനപന്ഥാവു.

ഋക്പൂരബ്ധൂഃപഥാമാനക്ഷേ എന്ന സൂത്രപ്രകാരം കല്യാണപഥത്തിനും പുരോഗമനപഥത്തിനുമാണു് യോഗ്യതയുള്ളതു്. ഇവിടെ അല്പം ആലോചിക്കുവാനുണ്ടു്. പന്ഥാവിൽ സ്വാതന്ത്ര്യംകിട്ടുവാൻ പുരാതനസാഹിത്യകാരന്മാർ മലയാളത്തിലെ 'മഹാരാജാവി'നെശ്ശരണംപ്രാപിക്കയുണ്ടായിട്ടുണ്ടു്; അതിന്നനുവാദം സിദ്ധിച്ചിട്ടുമുണ്ടു്. പക്ഷേ ഒരു കാര്യം; "കൊട്ടുന്നുതുശിക്കിടമെങ്കിലപ്പോൾ—കടത്തിട്ടുന്നവയതാണുജാതി" എന്നു ചെറപ്പക്കാരെപ്പററി ആവലാതി പറയുവാൻ വൃദ്ധന്മാക്കിടകൊടുക്കാതെ സൂക്ഷിക്കണം. പ്രിയസഖനെ പ്രിയസഖിയാക്കുവാനും മററം ഒരുമ്പെടുന്നപക്ഷം വലിയ നാണക്കേടുതന്നെ. പന്ഥാവിൻെറ കാര്യത്തിൽ നഞ് പൂർവ്വമാകുമ്പോൾ വൈയാകരണന്മാക്കും ചില വ്യതിയാനം സമ്മതമാണു്. യാന്തിന്യായപ്രവൃത്തസ്യ തിര്യഞ്ചോപി സഹായതാം—അപന്ഥാനം തു ഗച്ഛന്തം—സോദരോപി വിമുഞ്ചതി (രാമായണത്തിൽനിന്നു പറിക്കണ്ട പാഠമാണിതു) എന്നൊക്കെ പ്രയോഗമുണ്ടു്. അതിനാൽ കേരളീയക്കു കിട്ടിയ അനുവാദം നിയമം തെററിച്ചുകൊണ്ടുള്ള ഒന്നാമത്തെ കല്പനയല്ലെന്നുകൂടി ഓത്തുകൊണ്ടാൽ താന്തോന്നിത്തത്തിന്നു ധൈര്യമുണ്ടാകാതിരിപ്പാൻ എളുപ്പമുണ്ടു്.

മല്ലിനാഥൻ.

# നിരൂപണപംക്തി.

## രണ്ടു സാഹിത്യനായകന്മാർ.

(ഗ്രന്ഥകർത്താവ്, വിദ്വാൻ എ. ഡി. ഹരിശർമ്മ അവർകൾ)

മലയാളത്തിൽ ഗദ്യസാഹിത്യം ഉത്തരോത്തരം ഉൽകർഷം പ്രാപിച്ചുവരികയാണല്ലോ ഇപ്പോൾ. ഈ ഉദ്ഗതിക്കിടയിൽ പുതുതായി പൊട്ടിപ്പൊടിച്ചു പൂത്തു ഫലിച്ചും വരുന്നൊരു ശാഖയാകുന്നു 'ജീവചരിത്രം.' വി. വി. പബ്ളിഷിംഗ് ഹൌസുടമസ്ഥന്മാരുടെ കാലോചിതമായ നിർദ്ദേശമനുസരിച്ചു തങ്ങളുടെ കർമ്മശക്തിയെ ഒട്ടിട ഒരു പ്രത്യേകവഴിക്കു തിരിച്ചു സാഹിത്യസേവനം ചെയ്തു ഏതാനും മതിമാന്മാരാണ് ആ ശാഖയുടെ ജനയിതാക്കൾ എന്ന് ഒരുപക്ഷേ പറയാം. അവരിൽ ചിലർ ഇപ്പോഴും യഥാശക്തി ആ ശാഖയെ പോഷിപ്പിച്ചുവരുന്നുണ്ട്. പണ്ടേതന്നെ പലതും എഴുതിപ്പേരെടുത്തിട്ടുള്ള മി. എ. ഡി. ഹരിശർമ്മ അവരിൽ മുന്നണിയിൽ നില്ക്കുന്നു. അദ്ദേഹത്തിൻെറ തൂലികയിൽനിന്ന് ഈയിടെ നിർഗ്ഗളിച്ചൊരു വിശിഷ്ട ജീവചരിത്രഗ്രന്ഥമാകുന്നു 'രണ്ടു സാഹിത്യനായകന്മാർ.'

### സാഹിത്യനായകന്മാർ ആർ?

സാഹിത്യത്തിനു കൈങ്കര്യം ചെയ്വാൻ ഏതുകാലത്തും ഏറെപ്പേർ ഉണ്ടായെന്നുവരാം. എന്നാൽ എല്ലാരുടേയും പരിശ്രമങ്ങളെ വേണ്ടവിധം നിയന്ത്രിച്ചു സാഹിത്യത്തിന് സർവ്വാംഗീണമായ സംപുഷ്ടിയരുളുവാൻ, സ്ഥാനവും വൈദഗ്ദ്ധ്യവും സൌമനസ്യവും കൊണ്ടു പൊതുവേ സമ്മതരായിട്ടുള്ള നേതാക്കന്മാർ വിരലിലെണ്ണാനേ ഉണ്ടാവൂ. അങ്ങനെയുള്ളവർ കാവ്യനാടകാദിപ്രണേതാക്കളെന്നതിലധികം സാഹിതീലോകത്തിലെ ഭരണകർത്താക്കളെന്ന നിലയിലായിരിക്കും സമ്മാനനീയന്മാർ. കഴിഞ്ഞ നൂററാണ്ടിൽ മലയാളഭാഷയുടെ പൂർവ്വസ്വത്തുക്കളെല്ലാം പുതിയൊരു 'കണ്ടെഴുത്തു' നടത്തി തിട്ടപ്പെടുത്തി, നവ്യങ്ങളും ഭവ്യങ്ങളുമായ അഭിവൃദ്ധിമാർഗ്ഗങ്ങൾ വെട്ടിത്തെളിയിച്ച്, അവയിൽ പല മതിശാലികളേയും പ്രവേശിപ്പിച്ച് സ്വൈരം സഞ്ചരിപ്പിച്ചു സുജനശ്ലാഘ്യമായി ദീർഘകാലം ഭരണം നടത്തിയ രാജാവും മന്ത്രിയുമാണു കേരളവർമ്മയും രാജരാജവർമ്മയുമെന്നു പറഞ്ഞാൽ തെററില്ലെന്നു തോന്നുന്നു. അവരാണ് മി. ശർമ്മ തിരഞ്ഞെടുത്തിട്ടുള്ള 'സാഹിത്യനായകന്മാർ.' ചരിത്രപുരുഷന്മാർക്കു ഭാഷയിലും സാഹിത്യത്തിലുമുള്ള സ്ഥാനത്തെ മി. ശർമ്മ ശരിക്കു അവധാരണം ചെയ്തിട്ടുണ്ടെന്നതിനു ഗ്രന്ഥാഭിധാനംതന്നെ മതിയായ ലക്ഷ്യമാകുന്നു.

### വിഷയവിഭാഗം.

ഒരദ്ധ്യായത്തിൽ 'രണ്ടു സാഹിത്യനായക'ന്മാരുടേയും ജീവചരിത്രം സംക്ഷേപിച്ചതിനുശേഷം മി. ശർമ്മ, എട്ടദ്ധ്യായങ്ങളിലായി, ആ മഹാരഥന്മാരുടെ സാഹിത്യസേവനങ്ങളെ വകതിരിച്ചു വിവരിക്കുകയും വിമർശിക്കുകയും ചെയ്തിരിക്കുന്നു. കൊല്ലവും മാസവും തീയതിയും തിക്കിത്തിരക്കുന്ന തനിച്ചരിത്രാംശങ്ങൾ ഒരധ്യായത്തിൽ ഒതുക്കി, ചരിത്രപുരുഷന്മാരുടെ യോഗ്യതകളെ ബാക്കി150-ൽപരം പേജുകളിൽ സവിസ്തരം പ്രതിപാദിച്ചു സഹൃദയബോധ്യമാക്കുന്ന ഈസമ്പ്രദായം പ്രത്യേകിച്ച് അഭിനന്ദിക്കത്തക്കതാണ്. വിഷയവിശകലനത്തിൽ മി. ശർമ്മ നല്ലവണ്ണം മനസ്സിരുത്തിയിട്ടുണ്ടെന്നുസമ്മതിക്കണം. ജീവചരിത്രസംക്ഷേപത്തിൽ ഇരുവരുടേയും വിദ്യാഭ്യാസം, ബുദ്ധിവിലാസം, പാണ്ഡിത്യം, കവിതാവാസന, ഭാഷാപോഷണകൌതുകം, സ്വഭാവവൈശിഷ്ട്യം, ഇത്യാദി അദ്ദേഹം പൃഥക്കരിച്ച് സരസമായി വർണ്ണിച്ചിട്ടുണ്ട്. 3, 4, 5, 6, 8, 10, എന്നീ അധ്യായങ്ങൾ, കേരളവർമ്മയുടേയും രാജരാജവർമ്മയുടേയും നാനാനിബന്ധനതല്ലജങ്ങൾ വിമർശകബുദ്ധ്യാ പരിശോധിക്കുന്നതിനു വിനിയോഗിക്കപ്പെട്ടിരിക്കുന്നു. 7-ാം അദ്ധ്യായം ഇരുമഹാന്മാരുടേയും ബഹുമുഖമായസാഹിത്യപ്രോത്സാഹനത്തെ അധികരിച്ചുള്ളതാണ്. ഏറെക്കുറെ ഭിന്നങ്ങളെങ്കിലും ഭാഷാപോഷണമെന്നുള്ള ഉദ്ദേശത്തിൽ സമാനങ്ങളെന്നു വിചാരിക്കാവുന്ന അവരുടെ പ്രോത്സാഹനപദ്ധതികൾ മി. ശർമ്മ വേണ്ടതു സ്പഷ്ടമാക്കിയിട്ടുണ്ട്. 9-ാം അധ്യായം ദ്വിതീയാക്ഷരപ്രാസത്തെക്കുറിച്ചുള്ള ഒന്നാന്തരമൊരു

പന്യാസമാകുന്നു. പ്രാസവിഷയകമായി പ്രസ്തുത മഹാന്മാരുടെ പരോക്ഷമായ നേതൃത്വത്തിൽ നടന്ന ഘോരസമരത്തിന്റെ ചരിത്രം മുഴുവൻ അതിലടങ്ങിയിട്ടുണ്ട്.

## കേരളവർമ്മ ഗദ്യത്തിന്റെ പിതാവ്.

നാലാംഅധ്യായത്തിൽ മലയാളഗദ്യത്തിന്റെ വളർച്ചയെ സോദാഹരണം വിവരിച്ചതിന്റെശേഷം മി. ശർമ്മ, പുതിയ ഗദ്യശൈലിയുടെ ഉത്ഭവത്തേയും അതിന്റെ പ്രചാരത്തിനായി കേരളവർമ്മ പാഠപുസ്തകക്കമ്മിററിയുടെ അധ്യക്ഷനെന്ന നിലയിലും മററും ചെയ്തിട്ടുള്ള മഹായത്നങ്ങളേയും യഥോചിതം ഉപപാദിച്ചിരിക്കുന്നു. ധാരാളം ഗ്രന്ഥങ്ങൾ എഴുതിയിട്ടില്ലെങ്കിലും കേരളവർമ്മ നവീനമലയാളഗദ്യത്തിന്റെ പിതാവെന്ന സംജ്ഞക്കു സർവ്വഥാ അർഹനാണെന്നു സ്ഥാപിക്കുവാൻ മി. ശർമ്മ ചെയ്തിട്ടുള്ള ശ്രമം തികച്ചും ഫലിച്ചിട്ടുണ്ട്. അക്ബരും വിജ്ഞാനമഞ്ജരിയും മഹച്ചരിതസംഗ്രഹവും മററും ഇക്കാലത്തുകൂടി ഉത്തമഗദ്യഗ്രന്ഥങ്ങളല്ലയോ? മലയാളത്തിൽ നോവലിന്റെ അവതാരകൻ മി. ചന്തുമേനോനാണെന്നു പറയാമെങ്കിൽ ഗദ്യത്തിന്റെ പിതാവ് കേരളവർമ്മയാണെന്നു ഇരട്ടിയുക്തിയോടുകൂടി ഘോഷിക്കാം.

## അദ്ദേഹം കവിയല്ലേ?

അല്ലെന്നു പറയാൻ ആൎക്കുണ്ടു ധൈര്യം? മണിപ്രവാളശാകുന്തളം, മയൂരസന്ദേശം, വിശാഖവിജയം, ക്ഷമാപണസഹസ്രം മുതലായവയിലെ എത്രയെത്ര പദ്യങ്ങൾ ഇന്നും അനുവാചകഹൃദയങ്ങളിൽ തേൻ പെയ്തുകൊണ്ടിരിക്കുന്നു? കേരളവർമ്മ അജയ്യനായൊരു ശബ്ദചക്രവർത്തിയായിരുന്നുവെന്നു വരുത്തുവാൻ ഉദ്ധൃതഭാഗങ്ങൾ ഉപകരിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ സ്വതന്ത്രമായ ഭാവനാശക്തിയെപ്പററി കാര്യമായൊന്നും പറഞ്ഞുകാണുന്നില്ല. കൂടുതൽ ഉചിതങ്ങളായ കുറേ ഉദാഹരണങ്ങൾ കൂടി ഉദ്ധരിച്ചു തദ്വിഷയകമായി അല്പം ഉപന്യസിക്കുന്നതു നന്നായിരിക്കും. അല്ലെങ്കിൽ, മയൂരസന്ദേശം മേഘസന്ദേശത്തെക്കൂടി അനേകത്ര അതിശയിക്കുന്നുവെന്നുള്ള രാജരാജമതം അപ്പടി പകർത്തിയിട്ടുള്ളതിന് എന്താണുപപത്തി? മയൂരസന്ദേശത്തിനു മലയാളസന്ദേശകാവ്യങ്ങളിൽവെച്ചു പ്രാഥമ്യം കല്പിക്കാമെങ്കിൽ അതിനെപ്പററിത്തന്നെ ഇപ്പുസ്തകത്തിൽ ചെറിയൊരധ്യായത്തിനു വകയുണ്ട്. തർജ്ജമയെപ്പററിയുള്ള വ്യവഹാരം അല്പം കുറഞ്ഞാലും തരക്കേടില്ല.

## കൃതികളേക്കാറ്റം മഹത്തരമായിരുന്നില്ലേ ജീവിതം?

ഡോക്ടർ ജോൺസന്റെ സംഭാഷണം മാത്രം മതി അദ്ദേഹത്തെ സാഹിത്യസമ്രാട്ടാക്കുവാൻ എന്ന് ആരോ പറഞ്ഞിട്ടുണ്ട്. കേരളവർമ്മയുടെ ജീവിതത്തെക്കുറിച്ചു പരമാർത്ഥത്തിൽ അങ്ങനെ വേണം വിചാരിക്കുവാൻ. സമകാലികങ്ങളായ സാഹിത്യസംരംഭങ്ങളുടെയെല്ലാം പ്രശാസിതാവ് അദ്ദേഹമായിരുന്നു. ഭാഷാപോഷിണീസഭപോലെ എത്രയെത്ര സ്ഥാപനങ്ങളുടെ നിയന്താവായിനിന്ന് അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്? എത്രയെത്ര കേരളീയൎക്കു സാഹിത്യവ്യവസായപ്രിയം ഉളവാക്കുവാൻ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ ഉതകിയിട്ടുണ്ട്? ചുരുക്കത്തിൽ ആശ്രിതവാത്സല്യത്തിനും വൈദുഷ്യത്തിനും സംസ്കാരോപനതമായ പ്രഭാവത്തിനും നൃത്തരംഗമായിരുന്ന ആ തിരുമേനിയുടെ വെറും സന്നിധാനംതന്നെ മലയാളസാഹിത്യത്തിന് എന്തെന്നില്ലാത്തൊരു ഉണർവ്വുണ്ടാക്കിയിരുന്നുവെന്നു പറഞ്ഞാൽ അത്യുക്തിയാവുകയില്ല. His very personality was the driving force of our language and literature എന്ന് ഈയിടെ ഒരു സ്നേഹിതൻ പറഞ്ഞതു് ഈ സന്ദർഭത്തിൽ ഓർക്കുന്നു. മി. ശർമ്മ ഈ സംഗതിയെപ്പററി 'പ്രോത്സാഹനം' എന്ന അധ്യായത്തിൽ വ്യവഹരിച്ചിട്ടില്ലെന്നില്ല. പക്ഷേ തിരുമനസ്സിലെ സാഹിത്യനായകത്വത്തിന്റെ സ്വഭാവം വെളിപ്പെടുത്തുവാൻ അതു മതിയായോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അപ്രധാനകൃതികളുടെ പരിഗണനം ചുരുക്കി, ഈ വിഷയത്തെ കുറേക്കൂടി ഹൃദയസ്പൎശകമാംവണ്ണം വിസ്തരിക്കേണ്ടതാണാവശ്യം. കാവ്യങ്ങൾ ഇന്നും സഹൃദയന്മാൎക്കു വായിച്ചാസ്വദിക്കാം. വാക്കിലും നോക്കിലും മററും പൊഴിഞ്ഞിരുന്ന പ്രഭാവമോ? അതു് 'ഇങ്ങിനിവരാതവണ്ണം' മറഞ്ഞുപോയി. ബോസ്വല്ലിനെപ്പോലെയുള്ള ജീവചരിത്രകാരന്മാർ വേണം അതു പകർത്തുവാൻ സൂക്ഷിക്കുവാൻ.

## രാജരാജനും ശാസ്ത്രഗ്രന്ഥങ്ങളും.

ശാസ്ത്രീയമായി ഭാഷക്കും സാഹിത്യത്തിനും ഉൽകർഷം സമ്പാദിക്കുവാൻ രാജരാജനെപ്പോലെ ഉള്ളഴിഞ്ഞു യത്നിച്ചിട്ടുള്ള ഒരാൾ കേരളത്തിൽ ഉണ്ടായിട്ടില്ല. കേരളപാണിനീയം, ഭാഷാഭൂഷണം, സാഹിത്യസാഹ്യം എന്നിവ അദ്ദേഹത്തിന്റെ വിജയവൈജയന്തികളാണ്. ഉപരിഗ്രന്ഥങ്ങൾ ഓരോ പ്രകൃപ്പിലും ഉണ്ടാകേണ്ടതാണെന്നു പറയാമെങ്കിലും രാജരാജൻ ചെയ്തുവെച്ച പ്രവൃത്തിയുടെ മേന്മ അവിസ്മരണീയമായിരിക്കുന്നു. വിഷയങ്ങളിലുള്ള അവഗാഹം, അവയെ വിശകലനം ചെയ്തു വിവരിക്കുന്നതിലുള്ള ഔചിത്യബോധം, വിഭാസുരവും വൈരസ്യവിഘാടകവുമായ പ്രതിപാദനരീതി, ആഭാടം കുറഞ്ഞു മനോഹരമായ ഭാഷാശൈലി, ഇത്യാദിയിൽ അദ്ദേഹം അദ്വിതീയനാണെന്ന് ഓരോ ശാസ്ത്രഗ്രന്ഥവും വിളിച്ചുപറയുന്നുണ്ട്. ഇന്ന് ആലങ്കാരികന്മാരെന്നും വൈയാകരണന്മാരെന്നും അഭിമാനിക്കുന്ന 'ഗജകേസരികൾ' കൂടി പ്രസ്തുത ഗുണസമ്പാദനത്തിനു രാജരാജന്റെ ചേതനക്കു ശിഷ്യപ്പെടേണ്ടിയിരിക്കുന്നു. മി. ശർമ്മ രാജരാജന്റെ ശാസ്ത്രഗ്രന്ഥങ്ങളെക്കുറിച്ചു ചെയ്തിട്ടുള്ള ചർച്ച സ്തുത്യർഹമാംവണ്ണം നന്നായിട്ടുണ്ട്.

## കേരളപാണിനീയം.

തനിമലയാളത്തിന്റെ വ്യാകരണമെന്ന നിലയിൽ ഇതിനുള്ള മെച്ചം അവിതർക്കിതമാണ്. പ്രകൃതഗ്രന്ഥത്തിൽ ആ വസ്തുത വേണ്ടുവോളം പ്രതിപാദിതമായിട്ടുണ്ട്. എന്നാൽ ആഗമികപ്രസ്ഥാനത്തിലുള്ള ഒരു വ്യാകരണമെന്ന നിലയിൽ കേരളപാണിനീയത്തിനുള്ള മെച്ചം ഏതേതംശങ്ങളിലാണെന്നും അവയെ സംബന്ധിച്ചേടത്തോളം ആ ഗ്രന്ഥം ഡോക്ടർ കാൾഡ്വല്ലിന്റെ Comparative Grammer of Dravidian Languages എന്ന സുപ്രശസ്തഗ്രന്ഥത്തിനു എത്രമാത്രം കടപ്പെട്ടിട്ടുണ്ടെന്നും വിചാരണ ചെയ്യാതിരുന്നതു് അത്ര ഉചിതമായോ എന്നൊരു ശങ്ക മറ്റൊരു സംശയം കേരളപാണിനീയം തനി മലയാളത്തിന്റെ സമ്പൂർണ്ണമായ വ്യാകരണമാണെങ്കിലും, മലയാളത്തിൽ 50 ശതമാനത്തിലധികം വരുന്ന സംസ്കൃതശബ്ദങ്ങളുടെ പ്രകൃതിപ്രത്യയങ്ങളെ സംബന്ധിച്ചുള്ള വ്യവഹാരം അതിലില്ലാതെ പോയതു ഒരു പോരായ്മയല്ലേ എന്നതാണ്. മലയാളത്തിന്റെ ശരിയായ ഉപയോഗത്തിനു് കേരളപാണിനീയവും സാക്ഷാൽ പാണിനീയവും ഒരാൾ പഠിക്കണമെന്നു വരുന്നതു കഷ്ടമല്ലേ? ദ്രാവിഡമായാലും സംസ്കൃതമായാലും മലയാളത്തിനു അവശ്യം വേണ്ട വ്യാകരണാംശങ്ങൾ മുഴുവൻ ഒരു ഗ്രന്ഥത്തിൽ അടക്കേണ്ടതാണ് ആവശ്യം. ഇക്കഥ ഓർക്കാതെ കേരളപാണിനീയം വ്യാകരണസർവ്വസ്വമാണെന്നു് പറഞ്ഞു് അതു മാത്രം കുട്ടികളെ പഠിപ്പിച്ചാൽ മതിയെന്നുള്ള ബോധം ഇനിയും പരത്തുന്നതു ശുഭമല്ല.

## കവിതയും ദ്വിതീയാക്ഷരപ്രാസസമരവും.

ഈ സംഗതികളിൽ രാജരാജനുള്ള നിലയെന്തെന്നു് ഗ്രന്ഥകാരൻ കുശാഗ്രമായ ബുദ്ധിയോടുകൂടി പര്യാലോചന ചെയ്തിട്ടുണ്ട്. തർജ്ജമകളിൽ കുമാരസംഭവത്തിനും മാളവികാഗ്നിമിത്രത്തിനും സ്വതന്ത്രകൃതികളിൽ ആംഗലസാമ്രാജ്യത്തിനും ലബ്ധമായിട്ടുള്ള സ്ഥാനം അഭ്യസൂയാർഹമാണെന്നു കാണിപ്പാൻ ഇതിലധികമൊന്നും ചെയ്യേണ്ടതില്ല. ഉദാഹരണങ്ങൾ വേറെ ചിലതാകാമായിരുന്നുവെന്നു മാത്രം പറയാം. വാസനയെപ്പറ്റി പ്രാസംഗികമായി ചെയ്തു പോയിട്ടുള്ള നിഗമനം വളരെ ശരിയായിരിക്കുന്നു. ദ്വിതീയാക്ഷരപ്രാസവാദത്തിൽ രാജരാജന്റെ മതം പ്രാസപ്രയോഗത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അശക്തിയുടെ പ്രതിബിംബനമാണെന്നു വരുത്തുവാൻ മി. ശർമ്മ കാര്യമായി ക്ലേശിച്ചിട്ടുണ്ട്. ആ ശ്രമം നിഷ്ഫലമാണെന്നു ഞങ്ങൾ പറയുന്നില്ല. പക്ഷേ ശബ്ദകോലാഹലത്തിന്റെ പുറംപൂച്ചാൽ വിപ്രലബ്ധയായ കവിതാദേവിയെ അർത്ഥവത്തായ സൌന്ദര്യത്തിലേക്ക് ആകർഷിക്കണമെന്നുള്ള വ്രതമല്ലേ വെറും അശക്തിയേക്കാളധികം അദ്ദേഹത്തെ പ്രാസനിരോധശ്രമത്തിനു പ്രേരിപ്പിക്കുകയും, മഹാകവി കുമാരനാശാനെപ്പോലെ ശബ്ദാഡംബരത്തെ അവഗണിച്ചു കവിതയെഴുതാൻ അദ്ദേഹത്തെ ഉത്സാഹിപ്പിക്കയും ചെയ്തതെന്നു് ഞങ്ങൾ സംശയിക്കുന്നു. മി. ശർമ്മ തന്നെ ഇക്കാര്യം അവസാനത്തിൽ സൂചിപ്പിച്ചിട്ടില്ലെന്നില്ല.

## തെററു തിരുത്താനുള്ള സന്നദ്ധത.

സാഹിത്യവ്യവസായത്തിൽ രാജരാജൻ പ്രദശിപ്പിച്ച വിശിഷ്ടഗുണങ്ങളിൽ ഒന്നു ഇതാണെന്നു കാണുന്നു. 100-നു 99 പേക്കും തൊട്ടു കുറിക്കുവാൻ കൂടിയില്ലാത്തൊരു നന്മയാണിതെന്നു പറയേണ്ടതില്ലല്ലോ. സ്വദോഷകീത്തനത്തിന് രാജരാജനുണ്ടായിരുന്ന ഒരുക്കം, അദ്ദേഹത്തിൻെറ കൃതികളുടെ വിജയത്തിന് എങ്ങനെയെല്ലാം സഹായിച്ചിട്ടുണ്ടെന്നു് മി. ശമ്മ സൂക്ഷ്മമായി നിരൂപണം ചെയ്തിട്ടുണ്ട്. ആർ ചൂണ്ടിക്കാണിച്ചാലും കുററം സമ്മതിക്കാത്ത അഹന്താവ്യാമൂഢരായ നമ്മുടെ ചില സാഹിത്യശിരോമണികൾ രാജരാജൻെറ ഈ സ്വഭാവം മനസ്സിലാക്കിയിരിക്കേണ്ടതാകുന്നു.

## നിരൂപണവും ഭാഷാരീതിയും.

അമ്മാമൻ പരിഷ്ക്കരിച്ച മലയാളഗദ്യശൈലിയെ പിന്നേയും പരിഷ്ക്കരിക്കുന്നതിനു രാജരാജൻ ചെയ്തിട്ടുള്ള യത്നം കുറച്ചൊന്നുമല്ല.. ശാസ്ത്രീയവിഷയങ്ങൾ— വ്യാകരണം മുതലായവ—പ്രതിപാദിക്കുമ്പോൾ സുന്ദരവും സുലളിതവുമായ ഭാഷ ഉപയോഗിക്കുന്നതിനു അദ്ദേഹത്തിനുള്ള പാടവം കേരളപാണിനീയാദികൾ വായിക്കുന്നവർ നിശ്ശങ്കം ഏററു പറയുന്നതാണ്. ഗ്രന്ഥത്തിൽ അക്കാര്യം തെളിയിക്കുവാൻ ഉദ്ധരിച്ചിട്ടുള്ള ചില്ലറ ഉദാഹരണങ്ങൾ മതിയായവതന്നെ. പോരെന്നുള്ളവർ കുറഞ്ഞപക്ഷം സാഹിത്യസാഹ്യാദിയെങ്കിലും വായിച്ചുനോക്കട്ടേ.

രാജരാജൻെറ നിരൂപണകുശലതയെക്കുറിച്ചും മി. ശമ്മ പറയാതിരുന്നിട്ടില്ല. സ്വന്തം കൃതികൾകൂടി നിശിതമായി നിരൂപണം ചെയ്വാൻ അദ്ദേഹം മടിച്ചിരുന്നില്ലെന്നറിഞ്ഞാൽ, നിരൂപണവിഷയത്തിൽ അദ്ദേഹം അവലംബിച്ചിരുന്ന നയം എന്തെന്നു മിക്കവാറും ഊഹിക്കാമല്ലോ. പക്ഷേ ഇതരസാഹിത്യനിബന്ധനങ്ങളെ അദ്ദേഹം സനിഷ്കഷം വിമശിച്ചെഴുതിയിട്ടുള്ള പ്രബന്ധങ്ങൾ പലതും ഉണ്ടായിരിക്കേ അവയിൽ നിന്നല്പമെങ്കിലും ഉദ്ധരിക്കുകയോ അവയുടെ സ്വഭാവം വിവരിക്കുകയോ ചെയ്യേണ്ടതല്ലേ? രാജരാജൻെറ സാഹിത്യസേവനത്തിൽ നിരൂപണം, സ്വരൂപം കൊണ്ടല്ലെങ്കിലും സ്വഭാവംകൊണ്ടു് സുപ്രധാനമായ ഒന്നാണല്ലോ.

## മി. ശർമ്മയുടെ ഭാഷ.

ഇതിനെപ്പററി ഒന്നും പറയേണ്ടതില്ല. നിർദ്ദോഷവും ലളിതവുമായ ഗദ്യമെഴുതി പ്രസിദ്ധി നേടിയിട്ടുള്ള മി. ശമ്മ ഈ ഗ്രന്ഥത്തിലും അതേ ശൈലിതന്നെ ഉപയോഗിച്ചിരിക്കുന്നു. ഉത്തമഗദ്യത്തിൻെറ ഒന്നാമത്തെ ധമ്മം പ്രസന്നതയാണെങ്കിൽ അതു ഇതിലെ ഓരോ വാക്യത്തിനുമുണ്ട്.

ഒരിടത്തു 'പ്രതിനിധീകരിക്ക' എന്നു കാണുന്നതു് അശ്രദ്ധകൊണ്ടോ മറേറാ വന്നതായിരിക്കാം. അനേകം വാക്യങ്ങളിൽ 'ഉം' എന്നും 'കൂടി' എന്നും ഉള്ള സമുച്ചയങ്ങൾ ഒന്നിച്ചു പ്രയോഗിച്ചു പുനരുക്തി വരുത്തിയിട്ടുണ്ട്. സംഭാഷണത്തിൽ അങ്ങനെയാകാൻ വിരോധമില്ലായിരിക്കാം. സാഹിത്യഭാഷയിൽ അതു് ഉപേക്ഷിക്കുകയായിരിക്കും ഭേദം. 'അല്പം കോപിഷ്ഠ'നാകലും ത്യാജ്യംതന്നെ.

## ഗ്രന്ഥം കൈരളിക്കു വലിയൊരു നേട്ടംതന്നെ.

കേരളഭാഷാസാമ്രാജ്യത്തിൻെറ ഭരണം നല്ല ഉത്തരവാദിത്വത്തോടുകൂടി നടത്തി സഹൃദയസമാരാധ്യരായിത്തീൎന്ന രണ്ടു സാഹിത്യനായകന്മാരുടെ ചരിത്രം ഇത്ര സംക്ഷിപ്തമായും കാര്യവത്തായും പാരായണക്ഷമമായും എഴുതിയതിനു മി. ശമ്മ കൈരളീഭക്തന്മാരുടെ ആത്മാത്ഥമായ കൃതജ്ഞതയെ നിതരാം അഹിക്കുന്നുണ്ട്. 'രണ്ടു സാഹിത്യനായകന്മാർ' കൈരളിക്കു കമനീയമായൊരു കണ്ഠാഭരണം തന്നെ. മി. ശമ്മയുടെ ജീവചരിത്രനിമ്മാണകൌതുകം ഇനിയും മധുരഫലങ്ങളെ പൊഴിക്കുമാറാകട്ടെ